Aikyadeepam
# ഐക്യദീപം
മാർച്ച് 2015
Since 1976 വില ₹ 10



## മനുഷ്യസ്നേഹിയായ മലങ്കരയിലെ ഗാന്ധി

## മാർ ഗ്രിഗോറിയോസിന്റെ ആദ്ധ്യാത്മികത

## ആദരണീയനായ ആചാര്യ ശ്രേഷ്ഠൻ

## ഒരല്പനേരം
വിനായക് നിർമ്മലിനോടൊപ്പം

# വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനത്തിന് സുവർണ്ണാവസരം

- ബ്യൂട്ടീഷൻ
- ടെക്സ്റ്റൈൽ പ്രിന്റിംഗ്
- പേപ്പർ ജ്യൂവലറി മേക്കിംഗ്
- പിയേഴ്സ് സോപ്പ് നിർമ്മാണം
- കൂൺകൃഷി പരിശീലനം
- അടുക്കളത്തോട്ട നിർമ്മാണം
- പാവനിർമ്മാണം

- ടെയ്ലറിംഗ്
- സാരി ഡിസൈനിംഗ്
- ത്രെഡ് ജ്യൂവലറി മേക്കിംഗ്
- സോപ്പ് പൗഡർ നിർമ്മാണം
- പേപ്പർബാഗ് നിർമ്മാണം
- ജൈവകൃഷി
- ജൈവവളനിർമ്മാണം

മലങ്കര കത്തോലിക്കാ സഭ തിരുവല്ല അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ ബോധനയുടെ റാന്നി മേഖലാ കേന്ദ്രത്തിൽ വിവിധ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ ആരംഭിക്കുന്നു. മികവുറ്റ പരിശീലനങ്ങൾ കുറഞ്ഞ ചിലവിൽ നൽകി സ്വയം പര്യാപ്തരായ വ്യക്തികളേയും കുടുംബങ്ങളേയും കെട്ടിപ്പടുക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. പരിശീലനത്തിൽ പങ്കാളികളാകുന്നവർക്ക് എല്ലാ വിജയാശംസകളും നേരുന്നു.





കൂടാതെ വ്യക്തിത്വ വികസന ക്ലാസുകൾ, കുടുംബബഡ്ജറ്റിംഗ് ക്ലാസുകൾ, സംരംഭങ്ങൾ തുടങ്ങുന്നവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കുട്ടികൾക്കായുള്ള കൗൺസിലിംഗ് എന്നിവ ഉണ്ടായിരിക്കും.

വിദ്യാർത്ഥികൾക്കായുള്ള പരിശീലന/പഠന ക്ലാസുകൾ അവധി ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

- ഹാൻഡ് എംബ്രോയിഡറി
- ഫേബ്രിക് പെയിന്റിംഗ്
- ടെറാക്കോട്ട ജ്യൂവലറി മേക്കിംഗ്
- ടോയ്ലറ്ററി ഉൽപന്ന നിർമ്മാണം
- തേനീച്ച വളർത്തൽ
- ഭക്ഷ്യസംസ്ക്കരണം
- മാലിന്യനിർമ്മാർജ്ജന പരിശീലനം

താല്പര്യമുള്ളവർ ബന്ധപ്പെടുക.

**ബോധന മേഖലാ തൊഴിൽ പരിശീലനകേന്ദ്രം**

**ചെത്തോങ്കര – റാന്നി**
**ട്രെയിനിംഗ് കോ–ഓർഡിനേറ്റർ:**
**ഫോൺ: 9747436220, 9656249250**

# എഡിറ്റോറിയൽ

editorial



ദൈവത്തെ തേടി മലമുകളിലേക്കും മനുഷ്യനെ തിരഞ്ഞ് ഭൂമിയുടെ പാർശ്വങ്ങളിലേക്കും ഇറങ്ങുന്ന ആത്മീയതയുടെ ഒരു പുതിയ ഭാവം. "മലമുകളിൽ ഒരു സന്യാസിയുണ്ട് അദ്ദേഹം വിശുദ്ധനാണെന്ന് എല്ലാവരും പറയുന്നു. എന്നാൽ എന്ന് അദ്ദേഹം എന്റെ അമ്മയുടെ ചാവ് പാട്ട് പാടുവാൻ വരുമോ, എന്ന് എന്റെ കുഞ്ഞിപെങ്ങളുടെ വിവാഹത്തിന് നൃത്തം ചെയ്യാൻ ആ മലയിറങ്ങി വരുമോ അന്നുമാത്രമേ ഞാൻ അദ്ദേഹത്തെ വിശുദ്ധൻ എന്ന് വിളിക്കു" മലമുകൾ വിട്ടിറങ്ങുന്ന ആത്മീയതയെപ്പറ്റി ഖലിൽ ജിബ്രാൻ ഇപ്രകാരമാണ് വിശേഷിപ്പിക്കുന്നത്. മണ്ണിൽ അലിയുന്ന ഒരു ആത്മീയത; മലമുകൾ വിട്ടിറങ്ങുന്ന നന്മയുടെ ആത്മീയത. സ്വർഗ്ഗം മിഴിതുറക്കുന്നത് കണ്ടവൻ ആ സ്വരം കാതിൽ പതിഞ്ഞവൻ, ഇറങ്ങി ചെല്ലേണ്ടത് കാഴ്ചകളും കേൾവിയും നേർത്ത് പതിഞ്ഞുപോയ അവസാനത്തെ മനുഷ്യരിലേക്കാണ്.

ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മശദാബ്തിയുടെ നിറവിൽ നാം യാത്രചെയ്യേണ്ടത് ഈ ആത്മീയതയിലേക്കാണ്. നന്മയുടെ പ്രകാശഗോപുരം പോൽ ശോഭിക്കുന്ന ആ ആത്മീയ തേജസ് നമ്മെ ക്ഷണിക്കുന്നതും ആ ഭാവത്തിലേക്ക് തന്നെ. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തന്റെ പിൻഗാമിയായ ഗ്രിഗോറിയോസ് പിതാവിനെപ്പറ്റി പറഞ്ഞത് ഒരു പ്രവാചക ശബ്ദം പോലെ ഇന്നും മുഴങ്ങുന്നുണ്ട്. "He is gold, pure gold." സ്വർണ്ണം പോലെ ശോഭിച്ച് നിന്ന ഒരു ആത്മീയ മനുഷ്യൻ. ആത്മീയ തേജസുകൊണ്ടും സമാധാനത്തിന്റെ പ്രവർത്തനങ്ങൾകൊണ്ടും സഭയെ പടുത്തുയർത്തിയപ്പോഴും പിന്നെ മടക്കയാത്രയുടെ ഒടുവിൽ കടന്നുപോയ സഹനങ്ങളിലും തനി സ്വർണ്ണമാണെന്ന് ആ ജീവിതം തെളിയിച്ചു. ആലയിൽ ശുദ്ധിചെയ്യപ്പെടുന്ന സ്വർണ്ണം പോലെ നിറമുള്ള ജീവിതം സ്വന്തമാക്കിയ പുണ്യ പിതാവ്. രാഷ്ട്രീയ അതിർവരമ്പുകളും വലിപ്പചെറുപ്പങ്ങളുടെ മതിലുകളും മറന്ന് മനസ്സുകൾ കീഴടക്കിയ ഈ വന്ദ്യ പിതാവ് നമുക്ക് പ്രചോദനമാണ്, പ്രതീക്ഷയാണ്.

നന്മയുടെ തീരങ്ങൾ വറ്റി വരളുമ്പോൾ വീണ്ടും പുഴപോലെ ഒഴുകാൻ നമുക്ക് സാധിക്കണം. ചുറ്റും കൂരിരുൾ പടരുമ്പോൾ പ്രതീക്ഷയുടെ ഒരായിരം മെഴുകുതിരികൾ കത്തുന്നുണ്ട്. സ്നേഹത്തിന്റെയും കരുണയുടെയും ആർദ്രതയുടെയും ഒരായിരം ദീപങ്ങൾ. ഈ തിരിവെട്ടം അവസാനത്തെ മനുഷ്യനിലും കത്തി പടരും വരെ നമുക്കത് കാത്തു സൂക്ഷിക്കാം അങ്ങനെ ആത്മീയതയുടെ പുതിയ മുഖവും ഭാവവും തിരയാം; മലമുകളിൽ ദൈവത്തെ കണ്ടെത്തി താഴ്വരകളിൽ മനുഷ്യനെ തിരയുന്ന നന്മയുടെ അത്മീയത.

**ആത്മീയ തേജസുകൊണ്ടും സമാധാനത്തിന്റെ പ്രവർത്തനങ്ങൾകൊണ്ടും സഭയെ പടുത്തുയർത്തിയപ്പോഴും പിന്നെ മടക്കയാത്രയുടെ ഒടുവിൽ കടന്നുപോയ സഹനങ്ങളിലും തനി സ്വർണ്ണമാണെന്ന് ആ ജീവിതം തെളിയിച്ചു.**



# ഐക്യദീപം

*Aikyadeepam*

2015 മാർച്ച്  പുസ്തകം 46  ലക്കം 3



- രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ
- സഹ രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ
- ചീഫ് എഡിറ്റർ
  ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ
- പ്രസാധകൻ
  തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ
- സർക്കുലേഷൻ മാനേജർ
  ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ
- ഉപദേശക സമിതി
  മോൺ. ആന്റണി ചെത്തിപ്പുഴ
  റവ. ഫാ. ചെറിയാൻ താഴമൺ
  റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
  ശ്രീ. ഷാജി കാരയ്ക്കൽ
  പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
  ശ്രീ. ജോമി കലയപുരം
  ശ്രീ. ജിജി മുളമൂട്ടിൽ
  ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

























## സ്ഥിരം പംക്തികൾ


പ്രബോധനം,
കുടുംബവേദി
അമ്മ മനസ്സ്
ആരോഗ്യം
ഉള്ളതുപറഞ്ഞാൽ
സീൻ ബൈ സീൻ



06 **ഒരല്പനേരം വിനായക് നിർമ്മലിനോടൊപ്പം**
ഇന്റർ വ്യൂ

11 **മനുഷ്യ സ്നേഹിയായ മലങ്കരയിലെ ഗാന്ധി**
ജോമി തോമസ് കലയപുരം

17 **മാർ ഗ്രീഗോറിയോസിന്റെ ആദ്ധ്യാത്മികത**
വെരി. റവ. മോൺ. ആന്റണി ചെത്തിപ്പുഴ





20 **ആദരണീയനായ ആചാര്യ ശ്രേഷ്ഠൻ**
തോമസ് ജോൺ തേവരത്ത്

22 **നമ്മോടൊപ്പം ജീവിച്ച വിശുദ്ധ**
ഫാ. ചെറിയാൻ താഴമൺ

28 **ദൈവകൃപ നിറഞ്ഞവൾ**
ഫാ. മാത്യു അറയ്ക്കൽ

30 **സ്കിൻ കെയർ**
ഡോ. സതീഷ് കുമാർ



All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex Kacheripady, Tiruvalla-1. Phone: 0469-2600626 Fax: 0469-2600822. E-mail: aikyadeepamtvla@gmail.com



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

# യുഗപ്രഭാവനായ ഇടയശ്രേഷ്ഠൻ

മലങ്കര സഭാമക്കളുടെ മനസിലും കേരള ജനതയുടെ ഓർമ്മയിലും മായാതെ മികവാർന്നു നിൽക്കുന്ന ഐക്യത്തിന്റെയും വിശ്വസാഹോദര്യത്തിന്റെയും കാരുണ്യത്തിന്റെയും പ്രകൃതി സ്നേഹത്തിന്റെയും ഉടമ ശ്രേഷ്ഠപിതാവ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷമാണിത്. 'സ്നേഹം മമദീപം' എന്ന ശ്രേഷ്ഠ ദർശനത്തോടുകൂടി 4 പതിറ്റാണ്ടുകൾ നീണ്ട മഹാചാര്യ ശുശ്രൂഷ കേരളജനതയ്ക്കും പൊതുസമൂഹത്തിനും മലങ്കര സഭയ്ക്കും അനുഗ്രഹത്തിന്റെ കാലഘട്ടമായിരുന്നു. അളവില്ലാത്ത ഈ നന്മയ്ക്കും പ്രചോദനത്തിനും മലങ്കര മക്കൾ എന്നും ദൈവപിതാവിനോടു കടപ്പെട്ടിരിക്കുന്നു. 'തനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ' നൽകിക്കൊണ്ട് നമ്മുടെ സഭയെ അനുഗ്രഹിക്കുവാൻ ദൈവപിതാവ് തിരുമനസ്സായി.

നമ്മുടെ അതിരൂപതയുടെ മണ്ണിൽ ജനിച്ച ഈ കർമ്മയോഗിയുടെ മാസ്മരിക വലയത്തിലും ഹൃദയാവർജകമായ പുഞ്ചിരിയിലും ലളിതമായ ജീവിതക്രമത്തിലും ആകൃഷ്ടരായ കേരള ജനത തിരുമേനിയെ തങ്ങളുടെ നെഞ്ചോടു ചേർത്ത് പ്രതിഷ്ഠിച്ചിരിക്കുന്നു എന്നത് നമുക്ക് അഭിമാനപൂർവ്വമായ അനുഭവമാണ്. അനന്തപുരിയുടെ ആത്മീക തേജസായി വിരാജിച്ച തിരുമേനി എത്രമാത്രം ഉയർത്തപ്പെട്ടുവോ അത്രമാത്രം എളിമയും പ്രദർശിപ്പിച്ചിരുന്നു എന്ന് നമുക്കറിയാം. കാഷായവേഷത്തിന്റെ ഉള്ളിലും പുറത്തും ഒരേ ഭാവത്തിലും രൂപത്തിലും ആയിരുന്ന പിതാവ് എല്ലാവർക്കും മാതൃകാപുരുഷനായിരുന്നു. ചിന്തിക്കുന്നത് പറയുന്നതും പറയുന്നത് പ്രവർത്തിക്കുന്നതും പ്രവർത്തിക്കുന്നത് സർവ്വർക്കും നന്മയായി തീർന്നതും നാം അടുത്ത് നിന്ന് അറിഞ്ഞവരാണ്. തന്റെ നേതൃത്വംകൊണ്ട് സഭയെയും രാഷ്ട്രത്തെയും സഹജീവികളെയും ഒരുപോലെ പടുത്തുയർത്തുവാൻ സാത്വികനായ പിതാവിന് കഴിഞ്ഞു. നമ്മുടെ മുമ്പിൽ അവശേഷിപ്പിക്കുന്ന ചിത്രം ആനന്ദദായകവും സംതൃപ്തി ജനകവും പ്രചോദനാത്മകവുമാണ്.

സഭകളുടെ ഇടയിലും മേലദ്ധ്യക്ഷന്മാരുടെ കൂട്ടത്തിലും പിതാവിന്റെ നേതൃപാടവം വലുതായിരുന്നു. നിഷ്കളങ്കസ്നേഹംകൊണ്ടും കലർപ്പില്ലാത്ത ആത്മാർത്ഥതകൊണ്ടും നേടിയെടുത്ത ഒരു സ്ഥാനമായിരുന്നു അത്. എല്ലാവരെയും സമസൃഷ്ടികളായി കണ്ട്, ഏകോദരസഹോദരങ്ങളായി സർവ്വരെയും സ്വീകരിച്ച് ഏതു വിഷയവും സ്നേഹത്തിലും സഹോദരഭാവത്തിലും ദൈവവിശ്വാസത്തിലും പരിഹരിക്കാമെന്ന് ഉറച്ചുവിശ്വസിച്ചിരുന്ന പിതാവിന്റെ നിശ്ചയദാർഢ്യത്തിൽ സർവ്വതും പരിഹരിക്കപ്പെട്ടു. കരമനയിലെ വർഗ്ഗീയ ലഹളയിൽ ചേരിതിരിഞ്ഞ് നടന്ന ആക്രമണങ്ങളും സംഘർഷങ്ങളും തീവയ്പും ഒക്കെ പരിഹരിക്കുവാൻ പിതാവ് മറ്റ് നേതാക്കന്മാരോടും രാഷ്ട്രീയനേതാക്കളോടും ചേർന്ന് നടത്തിയ സന്ധിസംഭാഷണങ്ങളും സമാധാന യാത്രകളും ഒടുവിൽ വിജയം കണ്ടെത്തി. ഇന്നും പല കുടുംബങ്ങളിലും അഭി. പിതാവിന്റെ ചിത്രം അലങ്കരിച്ചു വച്ചിരിക്കുന്നത് നമുക്ക് കാണാൻ കഴിയും. നിലയ്ക്കൽ പ്രശ്നം ഒരു സംസ്ഥാനത്തെ മുഴുവൻ

*(ശേഷം പേജ് 36)*











## interview

# ഒരല്പനേരം

## വിനായക് നിർമ്മലിനോടൊപ്പം

**1. എങ്ങനെയാണ് താങ്കൾ അക്ഷരങ്ങളുടെ ലോകത്തിലേക്ക് കടന്നുവന്നത്? എന്തെങ്കിലും പ്രചോദനകരമായ സംഭവങ്ങളോ വ്യക്തികളോ അതിന് പിന്നിൽ ഉണ്ടോ?**

എന്നെ എഴുത്തുകാരനാക്കിയത് ദൈവമാണ്. ഒരാൾ പറഞ്ഞിട്ടോ സ്വാധീനിച്ചിട്ടോ അല്ല ഞാനെഴുത്തുകാരനായത്. ഒരു പ്രസ്ഥാനമോ ആശയങ്ങളോ അല്ല എന്നെ എഴുത്തുകാരനാക്കിയത്. ഞാൻ കരുതുന്നത് ഇങ്ങനെയാണ്, ദൈവം ഏതോ മഹത്തായ ഒരു കലാകാരനെ സൃഷ്ടിക്കാൻ മെനഞ്ഞതിൽ നിന്ന് അല്പം ദൈത്തിന്റെ വിരലുകൾക്കിടയിലൂടെ ഊർന്ന് എന്റെ ശിരസിൽ വീണു. എഴുത്തിന്റെ പൊൻവെളിച്ചമായിരുന്നു അത്.അങ്ങനെയാണ് ഞാൻ എഴുത്തുകാരനായത്. ചിലരൊക്കെ പറഞ്ഞുകേട്ടിട്ടുണ്ട് എന്റെ അച്ഛൻ, അല്ലെങ്കിൽ അമ്മ, അതുമല്ലെങ്കിൽ പൂർവ്വികർ അവരൊക്കെ എഴുത്തുകാരായിരുന്നു. അങ്ങനെയാണ് ഞാനും എഴുത്തുകാരനായത് എന്നെല്ലാം. പക്ഷേ എന്നെ സംബന്ധിച്ച് അങ്ങനെയൊന്നുമല്ല. ഏതോ ഒരു അത്ഭുതം പോലെ ഞാൻ എഴുത്തുകാരനാവുകയായിരുന്നു. അതുകൊണ്ടുതന്നെ എന്നെ എഴുത്തുകാരനാക്കിയതിന്റെ പേരിൽ ഒരാൾക്കും മേനി നടിക്കാനാവില്ല..എനിക്കതിന്റെ പേരിൽ ആരോടും കടപ്പാടുമില്ല. കാരണം ഒരാൾക്കും ഒരാളെയും എഴുത്തുകാരനാക്കാൻ കഴിയില്ലെന്നതാണ് എന്റെ വിശ്വാസം.

പക്ഷേ പ്രസാധനവുമായി ബന്ധപ്പെട്ട് എനിക്ക് ഒരുപിടി പേരോട് കടപ്പാടുണ്ട്. എഴുതിസൂക്ഷിച്ച് വച്ചിട്ട് കാര്യമില്ല അതൊക്കെ പ്രസി

ദ്ധീകരിക്കാൻ കൊടുക്കണം എന്ന് പറഞ്ഞ് എന്നെ ഒരു പ്രസിദ്ധീകരണത്തിന്റെ ഓഫീസിലേക്ക് ആദ്യമായി കൂട്ടിക്കൊണ്ടുപോയ സുഹൃത്ത് രതീഷ്, അപ്രകാരം കൊടുത്ത കഥ ആദ്യമായി പ്രസിദ്ധീകരിച്ച ദീപനാളം വാരികയിലെ ദേവസ്യ അഞ്ഞൂറ്റിമംഗലം, ജോണി തോമസ് മണിമല, എന്റെ ആദ്യകാല രചനകൾ പ്രസിദ്ധീകരിച്ച പത്രാധിപന്മാർ, ഒരു മാർക്കറ്റ് വാല്യുവും ഇല്ലാതിരുന്ന ഒരു കാലത്ത് എംഎ വിദ്യാർത്ഥിയായ എന്റെ ഒരു രചന പുസ്തകമാക്കാൻ സന്മനസു കാട്ടിയ ജീവൻ ബുക്സിലെ ഡൊമിനിക്ക് ചേറാടിയിൽ അച്ചൻ...അങ്ങനെ പലരുമായി ഞാൻ കടപ്പെട്ടിരിക്കുന്നു.. അവരൊക്കെ എന്റെ മനസ്സിലുണ്ട്. ഇക്കൂട്ടത്തിൽ ഒരു രഹസ്യവും പറയാം, ഈ വർഷം എന്റെ പ്രസാധനത്തിന്റെ ഇരുപത്തിയഞ്ചാം വർഷമാണ്. 1990 ജനുവരിയിൽ ദീപനാളം വാരികയിലാണ് എന്റെ ആദ്യ കഥപ്രസിദ്ധീകരിച്ചത്. ആകാശം നീലയല്ല.

ഇനി ആദ്യമായി എഴുതിയതിനെക്കുറിച്ചൊക്കെ പറയുകയാണെങ്കിൽ അഞ്ചാം ക്ലാസിൽ വാർഷികപരീക്ഷ കഴിഞ്ഞ് നോട്ടുബുക്കിൽ ബാലൻസ് വന്ന പേജുകൾ വലിച്ചുകീറി അത് തുന്നിക്കെട്ടി അതിലായിരുന്നു എന്റെ ആദ്യ എഴുത്തുകൾ. ഇപ്പോൾ ഓർക്കുമ്പോൾ അത്ഭുതം തോന്നുന്നു, അന്ന് എഴുതിയത് നോവലുകളായിരുന്നു. ചിലപ്പോൾ ഒരു പേജ് മാത്രം ദൈർഘ്യമുള്ള അധ്യായങ്ങൾ.. അങ്ങനെ അഞ്ചോ ആറോ അധ്യായങ്ങൾ..ഒരു കഥ വിശാലമായ ക്യാൻവാസിൽ അവതരിപ്പിക്കാൻ ഞാൻ അന്നേ ശ്രമിച്ചിരുന്നു എന്നോർക്കുമ്പോൾ ഇന്നാണ് അത്ഭുതം.

ഭൂരിപക്ഷവും കരുതുന്നതുപോലെ ഞാൻ ലേഖനങ്ങളായിരുന്നില്ല എഴുതിതുടങ്ങിയത്. ഇതുപോലെ നോവലുകളും കഥകളുമായിരുന്നു. ആരും കാണാതെ അവയെല്ലാം സൂക്ഷിച്ചുവച്ചു. കട്ടിലിൽ കമിഴ്ന്ന് കിടന്ന് ഇവനിതെന്നതാ എഴുതുന്നത് എന്ന് വീട്ടുകാർ അത്ഭുതപ്പെട്ടു. കൂടപ്പിറപ്പുകൾ ആരോ ബലമായി എഴുതിയത് പിടിച്ചുവലിച്ച് വായിച്ചു നോക്കി. മുട്ടയിൽ നിന്ന് വിരിഞ്ഞില്ല അതിന് മുമ്പേ എഴുതിവച്ചിരിക്കുന്നത് കണ്ടില്ലേ പ്രേമകഥകള്. അതായിരുന്നു വീട്ടിലെ പ്രതികരണം.

### 2 വിനായകിന്റെ ബാല്യവും വളർന്നുവന്ന സാഹചര്യവും ഒന്ന് പങ്കുവയ്ക്കാമോ?

കോട്ടയം ജില്ലയിലെ പാലാ കിഴതടിയൂരാണ് ഞാൻ ജനിച്ചുവളർന്നത്. ഒരു സാധാ കുടുംബം. അപ്പന് കച്ചവടമായിരുന്നു. ഞങ്ങൾ ആറുമക്കളാണ്. ഏറ്റവും ഇളയ ആളാണ് ഞാൻ. അമ്മയ്ക്കും അപ്പനും കാലം തെറ്റിയുണ്ടായ സന്താനം. ദാരിദ്ര്യം ഞാൻ അറിഞ്ഞിട്ടില്ല. പക്ഷേ ഇല്ലായ്മകളും വല്ലായ്മകളും ആവോളം അറിഞ്ഞാണ് വളർന്നത്. നല്ല ഭക്ഷണം കഴിച്ചതിന്റെ ഓർമ്മകൾ പോലും അക്കാലത്തെക്കുറിച്ചില്ല. വീട്ടിൽ എന്നും കടം പുകഞ്ഞുകൊണ്ടിരുന്നു. അതിനെ ചൊല്ലിയുള്ള കശപിശകൾ.. ഇതൊക്കെ ഞാൻ പല ലേഖനങ്ങളിലും എഴുതിയിട്ടുണ്ട്. പിന്നെ ഒരു പ്രത്യേക സാഹചര്യത്തിൽ ആ സ്ഥലം വിറ്റിട്ട് ഞങ്ങൾക്ക് മറ്റൊരിടത്തേക് പോകേണ്ടിവന്നു. കുടുംബത്തിൽ സമ്പത്തിന്റെ കുറവുണ്ടായിരുന്നുവെങ്കിലും സ്നേഹത്തിന് കുറവുണ്ടായിരുന്നില്ല. ഒരുപാട് സ്നേഹത്തിലാണ് ഞാൻ വളർന്നുവന്നത്. ഇന്ന് എനിക്ക് എന്തെങ്കിലും നന്മകളുണ്ടെങ്കിൽ, എനിക്ക് ആരെയെങ്കിലുമൊക്കെ ആത്മാർത്ഥമായി സ്നേഹിക്കാനും സ്വീകരിക്കാനും കഴിയുന്നുണ്ടെങ്കിൽ അതെല്ലാം വീട് എനിക്ക് തന്ന പുണ്യങ്ങളാണ്. എന്നുകരുതി വീട് എന്നെ എഴുത്തിന്റെ കാര്യത്തിൽ പ്രോത്സാഹിപ്പിച്ചുവെന്നോ ഒന്നും കരുതേണ്ടതുമില്ല.. അതിന്റെ പേരിൽ ഒരുപാട് പരിഹാസവും മറ്റ് കുട്ടികളുമായുള്ള താരതമ്യപ്പെടുത്തലിലൂടെ അപകർഷകതയും വീട് എനിക്ക് തന്നിട്ടുമുണ്ട്. അതവരുടെ കുറ്റമോ കുറവോ ആയി ഞാൻ കാണുന്നില്ല. എഴുത്തിനെക്കുറിച്ചൊക്കെ അവർക്ക് അത്രയുമല്ലേ അറിയാവൂ. രോഗങ്ങൾ ഏകദേശംപതിനഞ്ച് വയസുവരെ എന്നെ വിട്ടൊഴിയാതെയുണ്ടായിരുന്നു. അത് എന്നെ അന്തർമുഖനുമാക്കി. അങ്ങനെ അപകർഷതയുടെയും അന്തർമുഖതയുടെയും ഒരു ഇരുണ്ടകാലം ഉണ്ടായിരുന്നു ബാല്യകൗമാരങ്ങളിലും യൗവനത്തിന്റെ ആദ്യകാലത്തും. സ്വയം തിരിച്ചറിവുകളും ദൈവത്തിന് എന്നോടുള്ള കരുതലും സ്നേഹവുമെല്ലാമാണ് എന്നെ പില്ക്കാലത്ത് അതിൽ നിന്ന് മോചിപ്പിച്ചത്.



*മലയാള ആത്മീയ സാഹിത്യത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച വിനായക് നിർമ്മൽ. പുസ്തകങ്ങളിൽ വാക്കുകൾ കൊണ്ട് ഒരായിരം പുഴകൾ സൃഷ്ടിച്ച് അവയെ ഹൃദയങ്ങളിലേക്ക് ഒഴുക്കുന്ന അനുഗ്രഹീത എഴുത്തുകാരൻ. മനസ് പറയാൻ തുടിച്ചതും വാക്കുകളുടെ അപര്യാപ്തയിൽ ഇല്ലായ്മപ്പെട്ടതുമായ ചിലതെല്ലാം നാം ആ വാക്കുകളിൽ കാണുന്നുണ്ട്. അതുതന്നെയാവാം ഈ എഴുത്തുകാരനെ നാം സ്നേഹിക്കുകയും ഹൃദയമെന്ന പുസ്തകത്തിൽ മറക്കാതെ സൂക്ഷിക്കുകയും ചെയ്യുന്നത്. 'വിളക്ക് വച്ച് വായിക്കാൻ' എന്ന വിവർത്തന പുസ്തകത്തിലൂടെയാണ് ഈ എഴുത്തുകാരനെ ആദ്യമായി കണ്ടുമുട്ടിയത്. പിന്നെ വിനായക് നിർമ്മലിലേക്ക് കൂടുതൽ യാത്ര ചെയ്തത് അനുസരിക്കാതിരിക്കാനാവാത്ത ഒരു സ്നേഹശാഠ്യത്തിലായിരുന്നു. അതെ...വിളക്കു വച്ച് വായിക്കേണ്ട ഒരു എഴുത്തുകാരൻ. രാത്രിയുടെ യാമങ്ങളിൽ കൂരിരുൾ പൊതിഞ്ഞ് നിൽക്കുമ്പോഴും വിളക്കു വച്ച് വായിക്കാൻ തോന്നുന്ന എഴുത്തുകാരൻ. നിങ്ങൾക്കും ഉണ്ടാവാം പലതും പറയാനും പലതും കേൾക്കാനും ഒരല്പനേരം തോളോടുതോൾ ചേർത്ത് ഒരു യാത്ര പോകാം വിനായക് നിർമ്മലിനോടൊപ്പം.*

**3 ഒരു എഴുത്തുകാരൻ ജനിക്കുന്നത് ശക്തമായ വായനയും ധ്യാനവും നിരീക്ഷണവും ചേരുമ്പോഴാണ്. താങ്കൾക്ക് ഏറ്റം പ്രിയപ്പെട്ട വായനയുടെ ലോകം ഏതാണ്?**

ഒരു നല്ല എഴുത്തുകാരൻ തനിക്കറിയാവുന്നതിന്റെ ഇരട്ടി എഴുതുന്നു എന്നൊരു ചൊല്ലുണ്ട്. ഞാൻ നല്ല എഴുത്തുകാരനാണോ എന്ന് നിശ്ചയിക്കേണ്ടത് വായനക്കാരാണ്.പക്ഷേ ഒരു കാര്യം പറയാം. ശക്തമായ വായനകളൊന്നും എനിക്കില്ല. അതെന്റെ കുറവായിരിക്കാം. എന്റെ ഒരു സുഹൃത്ത് എന്നെ പരിഹസിക്കുന്നത് ഇങ്ങനെയാണ് . വിനായകിന് എഴുതാനല്ലേ അറിയൂ വായിക്കാനറിയില്ലല്ലോ.. ശരിയാണത്. ഞാൻ അധികം വായിച്ചതുകൊണ്ട് എഴുതുന്ന ആളല്ല. അത് ഞാൻ എഴുതിയത് വായിക്കുമ്പോഴും മനസ്സിലാവും. ഞാൻ എഴുതുന്നത് ദൈവം എനിക്ക് ചിന്തകൾ തരുന്നതുകൊണ്ടാണ്. എന്റെ ചില സങ്കടങ്ങളുമായി ലാപ്പ്ടോപ്പിന് മുമ്പിലിരിക്കുമ്പോൾ ദൈവം സൗജന്യം പോലെ എന്റെ ചിന്തയിലേക്ക് എന്തൊക്കെയോ ഇട്ടു തരുന്നു. എന്റെ അറിവിനും വായനയ്ക്കും ധ്യാനത്തിനുമെല്ലാം പരിധിയുണ്ട്. പക്ഷേ ദൈവത്തിന് അതില്ല. അല്ലെങ്കിൽ എങ്ങനെയാണ് ഈ ചുരുങ്ങിയ കാലം കൊണ്ട് നാല്പത്തിയഞ്ച് പുസ്തകങ്ങൾ എഴുതാൻ എനിക്ക് കഴിയുക? 1997 ൽ എംഎയ്ക്ക് പഠിക്കുമ്പോഴാണ് ആദ്യകൃതി പുറത്തിറങ്ങിയത്. പിന്നെ ഒരു നീണ്ട ഗ്യാപ്പ്. 2005 ൽ രണ്ടുപേർക്കിടയിലൊരു പുഴയുണ്ട് ഇറങ്ങി. അതിന് ശേഷം വിവർത്തനം, ബാലസാഹിത്യം, നോവൽ, ജീവചരിത്രം, ലേഖനം എന്നിങ്ങനെ വിവിധ വകുപ്പുകളിലായി നാല്പത്തിയഞ്ച് കൃതികൾ. കഴിഞ്ഞ വർഷം തന്നെ അഞ്ച് പുസ്തകങ്ങൾ ഇറങ്ങി. അതിലൊന്ന് മഹത്തായ ഒരു കൃതിയാണെന്നാണ് ഞാൻ കരുതുന്നത്. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയെക്കുറിച്ചെഴുതിയ അവന്റെ പേര് യോഹന്നാൻ എന്നാണ് എന്ന ജീവചരിത്രമാണത്. ജനുവരി 10ന് വായിച്ച് നോട്ട്സ് എടുത്തുതുടങ്ങിയ കൃതി മാർച്ച് പത്തിനോ മറ്റോ എഴുതിപൂർത്തിയാക്കാൻ കഴിഞ്ഞു. അത് പരിശുദ്ധാത്മാവിന്റെ ഇടപെടൽ കാരണമാണ്. അല്ലാതെ എന്റെ മാത്രമായ ധ്യാനമോ നിരീക്ഷണംകൊണ്ടോ അല്ല.



**4 മനസിൽ സ്ഥാനം പിടിച്ച എഴുത്തുകാരിൽ ഏറ്റം കൂടുതൽ മനസിൽ സൂക്ഷിക്കുന്ന മുഖം ആരുടെയാണ്? എന്തുകൊണ്ട്?**

അധികം വായിച്ചിട്ടില്ലാത്ത ആളായതുകൊണ്ടാവാം മലയാളത്തിലെ തന്നെ എഴുത്തുകാരെയാണ് ഏറ്റവുമിഷ്ടം. എംടിയും മാധവിക്കുട്ടിയും സി. വി. ബാലകൃഷ്ണനും സി. രാധാകൃഷ്ണനും പത്മരാജനും പ്രിയ എ. എസും ഒക്കെ അതിലുണ്ട്. മുടി നീട്ടുന്നതല്ല നീളുന്നതാ എന്ന് പറഞ്ഞ് അസ്വസ്ഥനായ മുകുന്ദന്റെ കഥാപാത്രങ്ങളും സി. വി. ബാലകൃഷ്ണന്റെ ആയുസിന്റെ പുസ്തകത്തിലെ യോഹന്നാനുമൊക്കെ എന്റെ കൗമാരത്തെ അസ്വസ്ഥപ്പെടുത്തിയ ചില വായനാനുഭവങ്ങളായിരുന്നു. അവരൊക്കെ എന്നിലുണ്ടായിരുന്നു എന്നതുകൊണ്ടാണത്. പിന്നെ നമ്മുടെ ബോബിയച്ചൻ. നമ്മുടെ ആത്മീയസാഹിത്യത്തിന് ഇത്രയധികം സൗന്ദര്യം ഉണ്ടാക്കിക്കൊടുത്തത് അച്ചനല്ലേ? അച്ചന്റെ ഈറൻനിലാവുപോലൊരമ്മ എന്ന ലേഖനമാണ് ഞാൻ ആദ്യമായി വായിക്കുന്നത്. എനിക്കത് പുതിയ ഒരു അനുഭവമായിരുന്നു.


**5 വിനായകിന്റെ പുസ്തകങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ ചില നഷ്ടങ്ങളുടെയും നൊമ്പരങ്ങളുടെയും ഒക്കെ ഒരു ഗന്ധം അനുഭവപ്പെടാറുണ്ട്. അങ്ങനെ എന്തെങ്കിലും പങ്കുവയ്ക്കാനായിട്ടുണ്ടോ?**


നഷ്ടങ്ങളും നൊമ്പരങ്ങളും ആർക്കാണില്ലാത്തത്? അവ എന്റെ നിർഭാഗ്യങ്ങളല്ല ഭാഗ്യങ്ങളാണ്. ദുരിതങ്ങളെനിക്ക് ഉപകാരമായി തന്മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങളഭ്യസിച്ചുവല്ലോ എന്നതുപോലെയാണത്. എന്റെ ഏറ്റവും നല്ല വരികൾ എന്റെ ഏററവും നല്ല വേദനയിൽ നിന്ന് പിറവിയെടുത്തവയായിരുന്നു. അന്ന് അങ്ങനെയൊന്നും സംഭവിച്ചില്ലായിരുന്നുവെങ്കിൽ എനിക്കങ്ങനെയൊന്നും എഴുതാൻ കഴിയുമായിരുന്നില്ല. ഞാനെഴുതിയത് എല്ലാം ചേർത്തുവച്ചാൽ എന്റെ ആത്മകഥയായി എന്ന് എംടി പറഞ്ഞിട്ടുണ്ട്. അതേ എനിക്കും പറയാനുള്ളൂ. എന്നാൽ എഴുതിയവയെ ആർക്കും എങ്ങനെയും വ്യാഖ്യാനിക്കാം. അത് ഓരോരുത്തരുടെയും ഇഷ്ടം.


**6 ഏറ്റവും അടുത്ത് പുറത്തിറങ്ങിയ 'അപ്പനും ദൈവവും' വായിച്ചു. അത് സമർപ്പിച്ചിരിക്കുന്നത് പിതാവിനായിട്ടാണല്ലോ. പിതാവുമായിട്ടുള്ള വിനായകിന്റെ അടുപ്പം? വിനായക് അപ്പനായപ്പോൾ അനുഭവിക്കുന്ന**

### പിതൃത്വത്തിന്റെ ഊഷ്മളതയിലാണോ ഈ പുസ്തകം എഴുതിയത്?

ഓരോരുത്തരും സ്വയം ഒരപ്പനാകുന്നതുവരെ സ്വന്തം അപ്പനെ മനസ്സിലാക്കില്ല എന്ന് സി. രാധാകൃഷ്ണന്റെ നോവലിൽ ഒരു വാചകമുണ്ട്. ശരിയാണത്. അപ്പനെ വൈകി മാത്രം സ്നേഹിച്ചുതുടങ്ങിയ മകനാണ് ഞാൻ. എവിടെയോ എഴുതിയതുപോലെ അമ്മയെന്ന പുഴയെ ധ്യാനിച്ച് ധ്യാനിച്ച് അപ്പനെന്ന കടലിലെത്താൻ വൈകിപ്പോയ കൈത്തോട്. എനിക്ക് ഒരു മകനുണ്ടായപ്പോൾ, ഞാൻ ഒരു അപ്പനായപ്പോൾ ഞാൻ എന്റെ അപ്പനെയും ഓർമ്മിച്ചു..ധ്യാനിച്ചു.. കൗമാരത്തിൽ എല്ലാ മക്കൾക്കും അപ്പൻ വില്ലനായിരിക്കും. നാളെ ഞാൻ നേരിടാൻ പോകുന്ന അവസ്ഥയും അതുതന്നെയായിരിക്കും. അപ്പനെ ധ്യാനിച്ചപ്പോൾ അപ്പന്റെ നന്മകൾ തെളിഞ്ഞുവന്നു. അപ്പൻ




നന്മമാത്രമായിരുന്നു. ഇന്ന് അപ്പന് എൺപത്തിയെട്ട് വയസുണ്ട്. ഇപ്പോഴും ആരോഗ്യവാൻ. ഇടയ്ക്കിടയ്ക്ക് ഞങ്ങളെ സന്ദർശിക്കാൻ പാലായിൽ നിന്ന് കോഴിക്കോട്ടെത്തും. ഒരു മാസമൊക്കെ ഞങ്ങളുടെ കൂടെ നില്ക്കും. എന്റെ രണ്ടാമത്തെ മകനെ തൊട്ടിലാട്ടിയുറക്കും, കളിപ്പിക്കും.. അറുപതും ആറും ഒരുപോലെയാണ് എന്ന് പറയാറുണ്ടല്ലോ അതുപോലെ എന്റെ മൂത്തമകനൊപ്പം കളിക്കും.. അപ്പനെക്കുറിച്ച് ചിന്തിച്ചപ്പോൾ ദൈവവും കടന്നുവന്നു. രണ്ടുപേരെയും നാം കൃത്യമായി മനസ്സിലാക്കിയിട്ടില്ലല്ലോ..അങ്ങനെയാണ് അപ്പനും ദൈവവും രചിച്ചത്. അത് സാധാരണക്കാരന്റെ ദൈവശാസ്ത്രമാണ്.ഭാര്യയ്ക്ക് മുമ്പിൽ തെറ്റുകാരനായാലും മകന് മുമ്പിൽ തെറ്റുകാരനാകരുത്. അതാണ് എന്റെ പ്രാർത്ഥന. മക്കൾ ജീവിതത്തിന്റെയും ആത്മാവിന്റെയും ഭാഗ്യമാണ്..ഭാഗവും.

### 7 എഴുത്തിന്റെ ലോകത്തിൽ ഭാര്യയുടെയും മകന്റെയും സ്വാധീനം അല്ലെങ്കിൽ അവർ നൽകുന്ന പ്രചോദനം?

എന്റെ ഭാര്യ എന്റെ ആരാധികയല്ല. അത് ഒരേസമയം എന്റെ ഭാഗ്യവും നിർഭാഗ്യവുമാണെന്ന് എനിക്ക് തോന്നാറുണ്ട്. എഴുത്തുകാരനെ ആരാധിക്കാൻ പലരും ഉണ്ടാവും. പക്ഷേ അയാളിലെ പച്ചമനുഷ്യനെ ഉൾക്കൊള്ളാൻ എല്ലാവർക്കും കഴിയാറില്ല.. ഭാര്യയും ആരാധികയും തമ്മിലുള്ള വ്യത്യാസം അതാണ്. പുതിയ ഒരു പുസ്തകം ഇറങ്ങുമ്പോൾ അവൾ വലിയ എക്സൈറ്റഡാകാറില്ല.. വായിക്കാൻ അത്ര തിടുക്കം കാണിക്കാറുമില്ല. പക്ഷേ ഞാനറിയാതെ അവളെല്ലാം ഫോളോ ചെയ്യുന്നുണ്ട്. അതാണ് രസം.പുഴയറിയാതെ കുളിച്ചുകയറുക എന്ന് പറയാറില്ലേ അതുപോലെ..ശക്തമായ തിരുത്തലുകൾ പറയാറുമുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും അവൾ ജീവിതത്തിലേക്ക് കടന്നുവന്നതിന് ശേഷമമാണ് എനിക്ക് കൂടുതൽ പുസ്തകങ്ങൾ എഴുതാൻ കഴിഞ്ഞത്. അവൾ പ്രോത്സാഹിപ്പിച്ചില്ലെങ്കിലും ഞാൻ എഴുതുമെന്ന് അവൾക്കറിയാം. പക്ഷേ ഞാൻ വലിയൊരു എഴുത്തുകാരനാകണമെന്ന് അവൾ ആഗ്രഹിക്കുന്നുണ്ട്..അവൾപ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്.

പിന്നെ മകൻ.. അവന് ആറ് വയസേ ആയിട്ടുള്ളൂ. ഒരിക്കൽ ഞാനും അവനും ഭാര്യയും കൂടി ഒരു ബുക്ക് സ്റ്റാളിൽ കയറി. അവിടെ എന്റെ ചില പുസ്തകങ്ങളുണ്ടായിരുന്നു നിദ്രയും അപ്പനും ദൈവവും മറ്റും.. മകൻ അതെല്ലാം തൊട്ടുകാണിച്ചിട്ട് പറഞ്ഞു, ഇത് അപ്പേടെ..ഇത് അപ്പേടെ.. കണ്ടുനിന്ന ബുക്ക്സ്റ്റാളിലെ സ്റ്റാഫ് പറഞ്ഞു മോൻ മിടുക്കനാണല്ലോ.. ഏതു പുതിയ പുസ്തകം എഴുതാൻ തുടങ്ങുമ്പോഴും ഞാൻ അവനോട് പ്രാർത്ഥന ചോദിക്കാറുണ്ട്..അവൻ പ്രാർത്ഥിക്കുകയും ചെയ്യും. അതുപോലെ ബുക്ക് ഇറങ്ങിക്കഴിയുമ്പോൾ ഈശോയ്ക്ക് കാണിച്ച് നന്ദി പറയാൻ ഞാൻ അവനെയാണ് ഏല്പിക്കുന്നതും.

### 8. വിനായകിന്റെ സൗഹൃദ വലയത്തെപ്പറ്റി കുറച്ച് നേരം.... പിന്നെ ബോബി അച്ചനുമായിട്ടുള്ള സൗഹൃദം?

സൗഹൃദങ്ങൾ എനിക്ക് എല്ലാമാണ്. പറഞ്ഞാൽ തീരാത്തത്ര അനുഭവങ്ങൾ.. ഞാൻ സ്നേഹിച്ചതിനെ


ക്കാളേറെ എന്നെ സ്നേഹിച്ച സൗഹൃദങ്ങൾ...ഞാൻ വിശ്വസിച്ചതിലേറെ എന്നെ വിശ്വസിച്ച സൗഹൃദങ്ങൾ.. വിവാഹത്തോടെ തീരുന്നവയല്ല ഒരു സൗഹൃദങ്ങളും.. എനിക്ക് ഒരുപാട് സുഹൃത്തുക്കളില്ല.. എന്നാൽ ഒരുപിടി ഉണ്ടുതാനും.സൗഹൃദത്തിൽ എല്ലാമുണ്ട്.. എല്ലാം..

ആദ്യമായി ബോബിയച്ചനുമായി കണ്ടുമുട്ടിയത് ഇപ്പോഴും ഓർമ്മയിലുണ്ട്. 2004 ൽ ആണത്. ഒരു ടോക്ക് കഴിഞ്ഞ് അച്ചനു ചുററും കുറെപേർ കൂടിനില്ക്കുന്നു. ഞാനാവട്ടെ തിരക്ക് കഴിയട്ടെ എന്ന് കരുതി അല്പം മാറി നില്ക്കുന്നു. പെട്ടെന്ന് അച്ചൻ എന്റെ പേര് വിളിച്ച് എന്നെ കെട്ടിപ്പിടിച്ചു. ഞങ്ങൾ ആദ്യമായി കാണുന്നതാണ്. എന്നിട്ടും അച്ചന് എന്നെ എങ്ങനെ മനസ്സിലായി, തിരിച്ചറിഞ്ഞു എന്ന് ഓർക്കുമ്പോൾ ഇപ്പോൾ അത്ഭുതം. എന്റെ ജീവിതത്തിലെ സുപ്രധാന നിമിഷങ്ങളിലെല്ലാം എത്ര തിരക്കുകൾക്കിടയിൽ നിന്നും അച്ചൻ ഓടിവന്നിട്ടുണ്ട്. രണ്ടുപേർക്കിടയിലൊരു പുഴയുണ്ട് അച്ചനാണ് പ്രകാശനം ചെയ്തത്. ഞങ്ങളുടെ വിവാഹത്തിനും സന്ദേശം നല്കാൻ അച്ചൻ ഓടിയെത്തി. എത്രയോ പേർ ആദരവോടെ നോക്കിക്കാണുന്ന ,സ്നേഹിക്കുന്ന മിണ്ടാൻ കൊതിക്കുന്ന അച്ചൻ എന്റെ മിസ്ഡ് കോൾ കണ്ട് തിരിച്ചുവിളിക്കുമ്പോഴൊക്കെ ഞാനോർക്കാറുണ്ട് എനിക്ക് എത്ര ഭാഗ്യമാണ് ലഭിച്ചിരിക്കുന്നതെന്ന്..

### 9 ഐക്യദീപം വായനക്കാരോട് സ്നേഹപൂർവ്വം ഒരു വാക്ക്.

നിങ്ങളുടെ കണ്ണീരുകൾ ദൈവം കാണുന്നുണ്ട്.. നിങ്ങൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന തിരസ്ക്കരണങ്ങൾ, അവഹേളനങ്ങൾ, ഒറ്റപ്പെടുത്തലുകൾ.. എല്ലാറ്റിനും ദൈവം പ്രതിഫലം തരും. ആരൊക്കെ നിങ്ങളുടെ വളർച്ചയെ തടസ്സപ്പെടുത്തിയാലും ആരൊക്കെ നിങ്ങൾക്കെതിരെ ശബ്ദിച്ചാലും നിങ്ങളുടെ ഉള്ളിൽ നന്മയുണ്ടെങ്കിൽ നാളെത്തെ സൂര്യോദയം നിങ്ങളുടേതായിരിക്കും. തളർത്താൻ വളരെയെളുപ്പമാണ്. വളർത്താൻ മനസ്സിൽ നന്മയുണ്ടാവണം. നാളെ നിങ്ങളെ എങ്ങനെ മറ്റൊരാൾ ഓർമ്മിക്കണം എന്ന് ആഗ്രഹിക്കുന്നുവോ അതുപോലെ ജീവിക്കുക.. പെരുമാറുക.. ഇടപെടുക..

●




# കപട സ്നേഹം

**തോംസ് പെരിങ്ങര**

തുടക്കത്തിൽ അവർ
എല്ലാവരെയും സ്നേഹിച്ചു
കണ്ണൻ ചിരട്ടയിൽ മണ്ണു
ചുട്ടെടുത്തപ്പം പലപന്തികളിലായ്
പങ്കുവച്ചവർ മുറിച്ചു വിളമ്പി
എല്ലാവരും ഭക്ഷിച്ച് തൃപ്തരായി
പ്രണയകാലത്തിലവൻ അവളേയും
അവളവനെയും വാ തോരാതെ സ്നേഹിച്ചു
സ്നേഹത്താലവർ മണ്ണാങ്കട്ടയും കരിലയുമായി
കാറ്റത്ത് പറ്റിപ്പിടിച്ചും മഴയത്ത് ചേർന്നരികിൽ പിടിച്ചും
ഇവരുടെ സ്നേഹക്കരുതലിൽ നാണിച്ചുനിന്നുപോയ്
കാറ്റും മഴയും. വേർപെടുത്തീടുവാൻ
മരണമേ ഇനി നിനക്കേ...?
വിവാഹ ശേഷമവരിലേക്കു തിരിഞ്ഞിട്ടു
അവനവനേയും അവളവളേയും സ്നേഹിച്ചു
അവനവളുടെ പുറത്തേക്കുന്തുന്ന പല്ലിനെയും
അവളവന്റെ അകത്തേക്കേറുന്ന കഷണ്ടിയേയും
കിട്ടുന്ന സമയം പരിഹസിച്ചവർ രസിച്ചിരുന്നു.
അനന്തരം മുഖമവർ തിരിച്ചിരിക്കുമ്പോൾ
നിന്നെ സ്നേഹിക്കാനല്ല
നിനക്കു സ്നേഹിക്കാനാണവളെന്ന്
കിടപ്പുമുറിയിൽ ചെന്നവനോടും
അടുക്കളേൽക്കയറി അവളോടും
മാറിമാറി ദൈവം കിതച്ചു പറഞ്ഞിട്ടും
മനസ്സിലാക്കിയതേയില്ല. കേട്ടുമില്ല
എന്നിട്ടും മക്കളെയവർ തല്ലിപ്പഠിപ്പിച്ചു
പരസ്പരം സ്നേഹിക്കണമെന്നും
ദൈവം സ്നേഹമാണെന്നും.



# മനുഷ്യസ്നേഹിയായ മലങ്കരയിലെ ഗാന്ധി



ജോമി തോമസ് കലയപുരം

സദാ പുഞ്ചിരി തൂകിക്കൊണ്ട് അദ്ധ്യാത്മിക തലത്തിന്റെ അനുഭൂതി പങ്കുവച്ച അപൂർവ്വം ചില മാനവികരിലൊരാളായ ഒരു വിശ്വമാനവികന്റെ ജന്മശതാബ്ദി കൊണ്ടാടുന്ന വേള സമാഗതമായിരിക്കുന്നു. ഭാരത ന്യൂമൻ ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഉത്തമ പിൻഗാമിയായി മലങ്കര സുറിയാനി കത്തോലിക്കാ സഭയെ നയിച്ച ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ഭാരതത്തിലെ ആദ്ധ്യാത്മികതയുടെ ഒരു സൂര്യതേജസ്സായിരുന്നു.

ഈ ജന്മശതാബ്ദി ആഘോഷങ്ങൾക്ക് മറ്റു ചില പ്രാധാന്യം കൂടി കൈവരുന്നത് സവിശേഷമായ കാര്യമാണ്. സാധാരണക്കാരിൽ സാധാരണക്കാരനായി മാറിയ ഒരു മനുഷ്യസ്നേഹിയുടെ ജന്മശതാബ്ദി, പൗരോഹിത്യ ജീവിതത്തിന്റെ വേറിട്ട മുഖം നൽകി സമൂഹമനസ്സിൽ സ്ഥാനം പിടിച്ച ഒരു പുരോഹിതശ്രേഷ്ഠന്റെ ജന്മശതാബ്ദി, കടന്നുപോയ വഴിത്താരകളിൽ സുഗന്ധം പരത്തിക്കൊണ്ട് വിശുദ്ധ ജീവിതം നയിച്ച ഒരു ദൈവികമനുഷ്യന്റെ ജന്മശതാബ്ദി, താപസ ചൈതന്യത്തിൽ വളർന്ന് തപോധനത്തിൽ വിസ്മയങ്ങൾ വിജയിച്ച ഒരു താപസന്റെ ജന്മശതാബ്ദി, സമൂഹമനസ്സിൽ ജാതിഭേദമന്യേ സ്ഥാനം പിടിച്ച ഒരു കണ്ണിലുണ്ണിയുടെ ജന്മശതാബ്ദി, പരിസ്ഥിതിയുടെ അപ്പോസ്തോലൻ എന്നു വിശേഷിപ്പിക്കാവുന്ന കർഷകനായ ഒരു പ്രകൃതി സ്നേഹിയുടെ ജന്മശതാബ്ദി, സാഹോദര്യത്തിന്റെയും മാനവികതയുടെയും മന്ത്രങ്ങൾ ഉരുവിട്ട് ജീവിച്ച ഒരു മാമുനിയുടെ ജന്മശതാബ്ദി എന്നിങ്ങനെയുള്ള വിശേഷണങ്ങൾ ഈ ജന്മശതാബ്ദിക്ക് സർവ്വദാ യോജിക്കുന്നു.

ഇത്തരുണത്തിൽ ജനമനസ്സുകളിൽ മങ്ങാതെ സ്ഥാനം പിടിച്ചിട്ടുള്ള ഗ്രീഗോറിയോസ് പിതാവിന്റെ മാനവികതയിലൂന്നിയുള്ള പ്രവർത്തനങ്ങളെ വിചിന്തനം ചെയ്യുന്നത് വളരെ നല്ല കാര്യമാണ്. കടൽപോലെ പരന്നുകിടക്കുന്ന ഇത്തരം കാര്യങ്ങളുടെ ആഴവും പരപ്പും അളന്നുകുറിക്കുക അസാദ്ധ്യമാണ്. അവയുടെ കുറിപ്പുകൾക്ക് താളുകൾ മതിയാവുകയില്ല.

1953 ജനുവരി 29-ാം തീയതിയിലെ മെത്രാഭിഷേകാനന്തരം നടത്തിയ അനുമോദന സമ്മേളനത്തിൽ കൊച്ചുതിരുമേനിയായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ മറുപടി പ്രസംഗത്തിലെ "എന്റെ ശിഷ്ടാ





യുസ് സാധുക്കൾക്കുവേണ്ടി വിനിയോഗിക്കും" എന്ന വാക്യം അക്ഷരാർത്ഥത്തിൽ അനുവർത്തിച്ചു കൊണ്ട് ജീവിതം സമർപ്പിച്ച പരിശുദ്ധിയുടെ നക്ഷത്രമായിരുന്നു ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ്. കൃഷിയും ധനതത്വശാസ്ത്രവും ദൈവശാസ്ത്രവും സമന്വയിപ്പിച്ചുകൊണ്ട് തന്റെ കർമ്മയോഗം പിതാവ് രൂപപ്പെടുത്തി. 'മാനവസേവ മാധവസേവ' എന്ന ആപ്തവാക്യത്തിലധിഷ്ഠിതമായി സേവനവും ജീവകാരുണ്യപ്രവർത്തനങ്ങളും ജീവിതലക്ഷ്യമായി ഈ അസാധാരണ പുരോഹിത ശ്രേഷ്ഠൻ കരുതിയിരുന്നു. നാടിന്റെ വികസനത്തിനുവേണ്ടിയുള്ള പ്രായോഗിക ഇടപെടലുകളിൽ പിതാവ് 1955-ൽ രൂപം കൊടുത്തതാണ് മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റി. ഗ്രാമീണ വനിതകളുടെ ഉയർച്ചയ്ക്കായി വനിതാ വികസന പദ്ധതിയും കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാം പരിപാടിയും നടപ്പിലാക്കി സമൂഹത്തിന്റെ സമഗ്രവിമോചന പ്രവർത്തനങ്ങൾക്ക് പിതാവ് മുന്നിട്ടിറങ്ങി. വിശക്കുന്നവന്റെ മുമ്പിൽ അപ്പത്തിന്റെ രൂപത്തിലാണ് ദൈവം പ്രത്യക്ഷപ്പെടുന്നതെന്ന് പിതാവ് പലപ്പോഴും പറയുമായിരുന്നു. സാമൂഹ്യ പരിഷ്കരണ പരിശ്രമങ്ങളിൽ ആടുവളർത്തൽ, കാട വളർത്തൽ, കൂൺകൃഷി, കരകൗശലം, ചെറുകിട വ്യവസായ സംരംഭങ്ങൾ എന്നിവയിൽ നിരവധിപേർക്ക് അരമനയിൽ തൊഴിൽ പരിശീലനം നൽകി നിത്യവരുമാനത്തിന് പ്രാപ്തരാക്കുവാനും പിതാവ് പരിശ്രമിച്ചു.



അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും ആശ്രയമായ യേശുവിന്റെ കാലടികളെ പിന്തുടർന്ന് ദരിദ്രർക്കും ആലംബഹീനർക്കും അനാഥർക്കും വിധവകൾക്കും എളിയവർക്കും അംഗവൈകല്യമുള്ളവർക്കും തീരാവ്യാധിയുള്ളവർക്കും പരോപകാര പ്രവർത്തനങ്ങൾ നടത്തി എല്ലാവരുടെയും വിനീത ദാസനും ശുശ്രൂഷിയുമായി പിതാവ് മാറി. ഇങ്ങനെയുണ്ടായിട്ടുള്ള സ്ഥാപനങ്ങളാണ് ബഥാനിയാ പുനരധിവാസ കേന്ദ്രം കുമാരപുരം, ബത്സയ്ദാ കുരിയോട്, സെന്റ് വിൻസന്റ് ഡി പോൾ ഡയബറ്റിക് സെന്റർ, കുറവൻകോണം ചെഷയർ ഹോം, മുക്കംപാല ചെഷയർ ഹോം, പിരപ്പൻകോട് സെന്റ് ജോൺസ് കുഷ്ഠരോഗാശുപത്രി തുടങ്ങിയവ.

പ്രകൃതിയെ സ്നേഹിച്ചുകൊണ്ട് ആ സ്നേഹത്തിൽ ഈശ്വരനെ ദർശിച്ചുകൊണ്ട് ഉത്തമ പ്രകൃത്യുപാസകനായി പിതാവ് ആ അനുഭൂതിയെ മറ്റുള്ളവർക്കായി പങ്കുവച്ചു. ആർഷഭാരതത്തിന്റെ മഹത്തായ കാർഷിക സംസ്കാരസാദ്ധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുവാനായി നവീന ശാസ്ത്ര സാങ്കേതികവിദ്യകൾ കാർഷിക മേഖലകളിൽ പ്രയോഗിച്ചുകൊണ്ട് ഒരു നവീന കാർഷിക സംസ്കാരത്തിന് രൂപം നൽകിയ ക്രൈസ്തവ മെത്രാപ്പോലീത്ത കൂടിയായിരുന്നു ഗ്രീഗോറിയോസ് പിതാവ്. വിദേശങ്ങളിൽനിന്നും വിത്തുകളും വിജ്ഞാനവും ഇവിടെ കൊണ്ടുവന്ന് വളർത്തി സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിന് തിരുമേനി പരിശ്രമിച്ചു. കാർഷികരംഗത്തെ ശാസ്ത്രജ്ഞരും മറ്റും പിതാവിൽനിന്നും ആധികാരിക നിർദ്ദേശങ്ങളും പ്രായോഗികവശങ്ങളും പലപ്പോഴും സ്വീകരിച്ചിരുന്നു.

കേരളത്തിൽ കേട്ടുകേൾവിയില്ലാത്ത പലതരം ചെടികളും മരങ്ങളും മറ്റും പ്രചരിപ്പിക്കുന്നതിന് പിതാവ് മുന്നിട്ടിറങ്ങി. മാഞ്ചിയം, വാൽനട്ട് തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്.

പാവങ്ങൾക്ക് ഭവനമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ തന്റെ അതിരൂപതയിലുള്ളവർക്കും അല്ലാത്തവർക്കും വീട്കെട്ടി കൊടുക്കുന്നതിന് പിതാവ് മുന്നിട്ടിറങ്ങി. ഈ പാർപ്പിട പദ്ധതിയുടെ വ്യാപനം മുൻനിർത്തിയാണ് ലോകപ്രസിദ്ധ വാസ്തു ശില്പി ലാറി ബേക്കർ സായിപ്പിനെ പിതാവ് കേരളത്തിലേക്കു ക്ഷണിച്ചുവരുത്തിയത്. സുലഭമായ പ്രകൃതിവസ്തുക്കൾ ഉപയോഗിച്ച് ചിലവു കുറഞ്ഞ രീതിയിൽ വീടുണ്ടാക്കാവുന്ന വിദ്യ കേരളത്തിനു ലഭ്യമായത് പിതാവിലൂടെയാണ്. ശ്രീ എം. എൻ. ഗോവിന്ദൻ നായർ കേരളത്തിലെ ഭവന നിർമ്മാണ വകുപ്പു മന്ത്രിയായിരുന്ന കാലത്ത് ആവിഷ്കരിച്ച ലക്ഷംവീട് പദ്ധതിയുടെ പിന്നിലെ പ്രേരണയും കരുത്തും ഗ്രീഗോറിയോസ് പിതാവായിരുന്നു എന്ന കാര്യം നാം വിസ്മരിക്കരുത്.




വിദ്യാഭ്യാസ രംഗത്തും വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ പിതാവ് നിരവധി സ്കൂളുകൾ സ്ഥാപിക്കുന്നതിനും അഞ്ചൽ സെന്റ് ജോൺസ് കോളജ് സ്ഥാപിക്കുന്നതിനും മുന്നിട്ടിറങ്ങി. മദ്രാസിലെ പാടി സ്കൂൾ, കോളജ് എന്നിവയുടെ സ്ഥാപനവും എടുത്തു പറയേണ്ടവ തന്നെ. അഞ്ചൽ പ്രദേശത്ത് ബഹു. മേരീമക്കൾ സമൂഹത്തിന് ആശുപത്രി സ്ഥാപിക്കുവാൻ സ്ഥലവും പ്രേരണയും നൽകിയതും പിതാവു തന്നെയായിരുന്നു.

കേരളത്തിലെ മതസൗഹാർദ്ദമേഖലയിൽ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് നൽകിയിട്ടുള്ള സംഭാവനകൾ എടുത്തുപറയേണ്ടവയാണ്. കരമനയിലെ ഹൈന്ദവ – മുസ്ലീം ചേരിതിരിഞ്ഞുള്ള ഏറ്റുമുട്ടൽ പരിഹരിക്കുവാൻ പ്രാർത്ഥനയും പദയാ




















**ചരിത്രത്തെ ഒപ്പിയെടുത്ത അപൂർവ്വമായ ചിത്രങ്ങൾ**







ത്രയും നടത്തി കലാപഭൂമിയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ പിതാവ് മുന്നിട്ടിറങ്ങി. അതുപോലെ കിളിമാനൂർ, കുമ്മിൾ പ്രദേശത്തെ നക്സൽ ആക്രമണ ഭൂമിയിൽ ദേവദൂതനെപ്പോലെ പിതാവ് കടന്നുചെന്ന് ശാന്തിയുടെ സന്ദേശം പകർന്നു. 1992 –ലെ പൂന്തുറ കലാപഭൂമിയിലേക്ക് ശാന്തിയാത്ര നടത്തി എല്ലാം നഷ്ടപ്പെട്ടവരുടെ കണ്ണീർ തുടയ്ക്കുവാനും പിതാവ് പരിശ്രമിച്ച് വിജയം കണ്ടെത്തി. 1986 –ലെ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ സന്ദർശനത്തോടനുബന്ധിച്ച് ശംഖുമുഖത്ത് വേദി പണിയുന്നതുമായി സംബന്ധിച്ചുണ്ടായ വിവാദത്തിനും പരിഹാരകൻ പിതാവുതന്നെയായിരുന്നു. ചാലക്കമ്പോളത്തിലുണ്ടായ വർഗ്ഗീയ കലാപത്തിന്റെ അഗ്നി അണയ്ക്കുവാനും ഈ ശാന്തിദൂതൻ കടന്നെത്തി. നിലയ്ക്കൽ ദൈവാലയ നിർമ്മാണവുമായുണ്ടായ ഭീകരമായ വർഗ്ഗീയ പ്രശ്നം രമ്യമായി പരിഹരിക്കുവാൻ ആർച്ച് ബിഷപ്പ് തിരുമേനി വഹിച്ച പങ്ക് ചരിത്രത്താളുകളിൽ ആലേഖനം ചെയ്യപ്പെടുന്നവ തന്നെയാണ്. ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന വിവാദ നാടകവുമായി ബന്ധപ്പെട്ട പ്രശ്ന പരിഹാരത്തിനും പിതാവ് വഹിച്ച പങ്ക് നിസ്തുലമാണ്. ഇക്കാരണങ്ങൾക്കൊണ്ടാകാം കമ്മ്യൂണിസ്റ്റ് മുൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. കെ. നായനാർ പിതാവിന്റെ വേർപാടിൽ മനംനൊന്ത് ഇപ്രകാരം പറഞ്ഞത്, "കേരളീയരുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ആ ശ്രേഷ്ഠ പുരോഹിതൻ എക്കാലവും ഓർമ്മിക്കപ്പെടും"എന്ന്.

ലോകാ സമസ്താഃ സുഖിനോ ഭവന്തുഃ എന്ന വാക്യത്തിലധിഷ്ഠിതമായി ലോകനന്മയിൽ ശുഭപ്രതീക്ഷ പുലർത്തിയിരുന്ന ശുഭാപ്തി വിശ്വാസികൂടിയായിരുന്നു പിതാവ്. എക്യൂമെനിസത്തിന്റെ വഴികൾ തുറന്നിട്ടുകൊണ്ട് കേരളത്തിലെ സഹോദരി സഭകളുടെ മേലദ്ധ്യക്ഷന്മാരെയും കൊണ്ട് റോമിലേക്ക് ചരിത്രയാത്ര നടത്തിയ പിതാവ് കേരളത്തിലെ എക്യൂമെനിക്കൽ മേഖലകളിലും നിരവധി സംഭാവനകൾ പ്രദാനം ചെയ്തിട്ടുണ്ട്. അവശ ക്രൈസ്തവരുടെ അവകാശ നിഷേധത്തിനെതിരെ ശബ്ദമുയർത്തി അവരുടെ അവകാശങ്ങളെക്കുറിച്ച് അധികാരികളെ ബോധവാന്മാരാക്കാനും പിതാവ് പരിശ്രമിച്ചു. ചുരുക്കിപ്പറഞ്ഞാൽ ഗാന്ധിയൻ ജീവിതതത്ത്വങ്ങൾ ജീവിതത്തിൽ പ്രയോഗിച്ച് മലങ്കരസഭയിലെ ഗാന്ധിയായി അദ്ദേഹം മാറുകയായിരുന്നു. പിതാവിനെപ്പറ്റി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കാതോലിക്കോസ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ തിരുമേനി പ്രസ്താവിച്ചിട്ടുള്ളത് നമുക്ക് പ്രചോദനാത്മകമാണ്. "ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദി വർഷത്തിലേക്ക് നാം പ്രവേശിക്കുന്നു. അദ്ദേഹം ഇഹലോകം വിട്ടിട്ട് ഇരുപതു വർഷം പൂർത്തിയായി. എന്നാൽ മാർ ഗ്രീഗോറിയോസ് പിതാവ് ഇന്നും അനേകരുടെ മനസ്സിൽ ജീവിക്കുന്നു. ഇരുപതാം നൂറ്റാണ്ടിനെ ദീപ്തമാക്കിയ ധന്യജീവിതം! അടുത്ത നൂറ്റാണ്ട് മുന്നിൽക്കണ്ടാണ് അദ്ദേഹം ജീവിച്ചതും പഠിപ്പിച്ചതുമെന്ന് ഇന്ന് വ്യക്തമാണ്."


ദൈവസ്നേഹത്തിന്റെ പങ്കുവയ്പനുഭവം ഗ്രീഗോറിയോസ് പിതാവ് ആഴത്തിൽ വ്യാപരിപ്പിച്ചതുകൊണ്ടാണ് ജനഹൃദയങ്ങളിൽ അഭംഗുരമായ അംഗീകാരം അദ്ദേഹത്തിന് ലഭ്യമായത്. വന്ദ്യപിതാവിന്റെ മാനവസ്നേഹത്തെ നമുക്കും മാതൃകയാക്കി കർമ്മപഥങ്ങളിൽ സാക്ഷ്യമാക്കാൻ കഴിയുമാറാകട്ടെ.

# ആശംസകൾ


**കാതോലിക്കാ സ്ഥാനാരോഹണ വാർഷികം മാർച്ച് 5**



**നാമഹേതുക തിരുനാൾ മാർച്ച് 18**




**മെത്രാഭിഷേക വാർഷികം മാർച്ച് 13**





# ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസിന്റെ ആദ്ധ്യാത്മികത




വെരി. റവ. മോൺ. ആന്റണി ചെത്തിപ്പുഴ

ഭാഗ്യസ്മരണാർഹനും പുണ്യശ്ലോകനുമായ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദി ആചരണ വർഷത്തിൽ നാം ആയിരിക്കുമ്പോൾ അഭിവന്ദ്യ പിതാവിന്റെ ജീവിതത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുവാനും അതിൽനിന്നും പ്രചോദനം ഉൾക്കൊള്ളുവാനുമുള്ള ഒരവസരമാണിത്. അഭിവന്ദ്യ പിതാവിലൂടെ ലഭിച്ച പാരമ്പര്യവും പൈതൃകവും സഭാത്മകതയും സാമൂഹിക മുന്നേറ്റങ്ങളും പരിസ്ഥിതിയോടുള്ള പ്രതിബദ്ധതയും ആത്മീയ ജീവിതവുമെല്ലാം തലമുറകൾക്ക് അനുഗ്രഹവും ആവേശവും പ്രചോദനവുമാകണം. ആദ്ധ്യാത്മിക ജീവിതത്തിന്റെ അന്തഃസത്ത എന്തായിരിക്കണമെന്ന് ജീവിച്ചുകാണിച്ച അഭിവന്ദ്യ പിതാവിന്റെ ആദ്ധ്യാത്മിക ജീവിതത്തെക്കുറിച്ചുള്ള ഒരു വിചിന്തനമാണ് ഈ ലേഖനം.

എല്ലാവരും ഇഷ്ടപ്പെടുന്ന മനോഹരമായ ഒരു വാക്കാണ് ആദ്ധ്യാത്മികത (Spirituality). ഓരോ വ്യക്തിയുടെയും ദൈവത്തോടുള്ള ബന്ധവും അനുഭവമാകയാൽ നിർവചിക്കുവാൻ ബുദ്ധിമുട്ടുള്ള പദമാണ് ആദ്ധ്യാത്മികത. ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതമെന്നും, ഒരു ജീവിതശൈലി (life style) എന്നും, ദൈവത്തോടും തന്നോടുതന്നെയും മറ്റുള്ളവരോടും പ്രകൃതിയോടുമുള്ള സ്നേഹബന്ധമെന്നും ഒക്കെ ആദ്ധ്യാത്മികതയെക്കുറിച്ച് പറയാം. ദൈവം സ്നേഹം തന്നെ ആകയാൽ ദൈവസ്നേഹം സ്വീകരിച്ച് അത് ഒരു വ്യക്തിയുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തി മറ്റുള്ളവരുമായി ആ സ്നേഹം പങ്കുവച്ച് സ്നേഹം തന്ന ദൈവത്തിന് സ്നേഹം തിരികെ

നൽകുന്നതാണഅ ആദ്ധ്യാത്മികത (Spirituality is meeting God in all that is life ). പലപ്പോഴും ആ ദ്ധ്യാത്മികത എന്ന വാക്ക് തെറ്റിദ്ധരിക്കപ്പെടുന്ന ഒരു വാക്കായി മാറാറുണ്ട്. പള്ളി, പള്ളികാര്യങ്ങൾ, പ്രാർത്ഥന, കൂദാശകൾ, ബൈബിൾ മുതലായ കാര്യങ്ങൾ അടങ്ങുന്ന ആദ്ധ്യാത്മികത ഒരു വശത്ത്, പള്ളിക്കു പുറത്തുള്ള ലൗകിക ജീവിതം മറുവശത്ത് എന്നിങ്ങനെ ആദ്ധ്യാത്മികതയെ വേർതിരിച്ച് കാണാനുള്ള പ്രവണത മനുഷ്യസഹജമാണ്. എന്നാൽ ആദ്ധ്യാത്മികതയും ലൗകികതയും സമന്വയിപ്പിച്ച് കൊണ്ടുപോകുന്ന ഒരു സമഗ്രജീവിത (integral life)മാണ് വേണ്ടത്. അങ്ങനെയാകുമ്പോൾ ഒരാളുടെ നടപ്പും എടുപ്പും പെരുമാറ്റവും വാക്കും പ്രവർത്തിയുമെല്ലാം ആത്മീയ പരിവേഷമുള്ളതായിരിക്കും. ആത്മീയ അഭ്യാസങ്ങളാണ് (Spiritual exercises)ആത്മീയ അനുഭവത്തിലേക്ക് (Spiritual experiences) കടന്നുവരാനുള്ള മാർഗ്ഗങ്ങളാണ് (means). ജീവിതം മുഴുവൻ നിറഞ്ഞു നിൽക്കുന്ന




ജീവിതശൈലിയായി ആത്മീയത മാറുന്നത് ഈ ആത്മീയ അനുഭവത്തിലേക്ക് കടന്നുവരുമ്പോഴാണ്.

ആത്മീയ ജീവിതം ഒരു പ്രക്രിയയും (process) അതോടൊപ്പം ഒരു പുരോഗതി (progress)യുമാണ്. വളരെ ചെറിയതായി ഉത്ഭവിച്ച് വലുതായി ഒഴുകുന്ന ഒരു നദിയോട് ആത്മീയതയെ ഉപമിക്കാം. വളരെ ചെറിയതായി ആരംഭിച്ച നദി വലിയ നദിയായി രൂപാന്തരപ്പെട്ട് അവസാനം സമുദ്രത്തിൽ ചെന്ന് പതിക്കുന്നതുപോലെ ഓരോ വ്യക്തിയുടെയും ജീവിതം മാമോദീസായിലൂടെ ക്രിസ്തുവിനോടൊത്ത് പരിശുദ്ധാത്മാവിലൂടെ പിതാവായ ദൈവത്തിലേക്ക് എത്തിച്ചേരുന്ന നന്മയുടെ മനോഹരമായ ജീവിതമായിത്തീരുന്നു.

ഈ ആത്മീയ യാത്ര ക്രമീകൃതമായി നയിക്കുന്നതിന് നാല് സ്നേഹബന്ധങ്ങൾ അടിസ്ഥാനമായി നിൽക്കുന്നു. ഒരു നിയമജ്ഞൻ യേശുവിനോട് ചോദിച്ചു: "ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" അവൻ ചോദിച്ചു: "നിയമത്തിൽ എന്ത് എഴുതിയിരിക്കുന്നു? നീ എന്ത് വായിക്കുന്നു?" അവൻ ഉത്തരം പറഞ്ഞു: "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസോടുംകൂടി സ്നേഹിക്കണം. നിന്റെ അയല്ക്കാരനെ നിന്നെപ്പോലെയും." അവൻ പ്രതിവചിച്ചു: "നീ ശരിയായിത്തന്നെ ഉത്തരം പറഞ്ഞു. ഇതിനുസരിച്ച് പ്രവർത്തിക്കുക. നീ ജീവിക്കും. (ലൂക്ക 10:25-28).

ഒന്നാമത്തെ സ്നേഹബന്ധം ദൈവത്തോടായിരിക്കണം. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ അടിസ്ഥാനം ക്രിസ്തുവാകണം. ജീവിതത്തിന്റെ അർത്ഥവും മൂല്യവും ക്രിസ്തുവായി മാറണം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്റെ അന്തസും ഔന്നത്യവും മനസ്സിലാക്കി ദൈവത്തോടുള്ള സ്നേഹബന്ധത്തിൽ നിരന്തരം വർത്തിക്കണം.

രണ്ടാമത്തെ സ്നേഹബന്ധം തന്നോടുതന്നെയാണ് (to the self). സുവിശേഷത്തിൽ 'തന്നെ



പ്പോലെ' എന്ന പ്രയോഗം താൻ തന്റെ തന്നെ അയല്ക്കാരനാണ് എന്ന് സൂചിപ്പിക്കുന്നു. ഒരുവൻ താനായിരിക്കുന്നതുപോലെ തന്നെ അംഗീകരിക്കുവാനും ബഹുമാനിക്കുവാനും തന്റെ കഴിവുകളെ കഴിവുകേടുകളെയും കുറിച്ച് അവബോധം വളർത്തിയെടുക്കുവാനും കഴിയണം. സ്വാഭിമാനവും സ്വാദിഷ്ടവും വളർത്തിയെടുക്കണം. Psychological and spiritual growth is not possible unless we are fundamentally accepted, loved and respected by others and ourselves,Marslov.

മൂന്നാമത്തെ സ്നേഹബന്ധം അയല്ക്കാരോടാണ്. താൻ കാണുന്നവരും കണ്ടുമുട്ടുന്നവരും തന്റെ അയല്ക്കാരാണ്. അവരോടെല്ലാം സ്നേഹത്തിൽ വർത്തിക്കാനും സ്നേഹം പങ്കുവയ്ക്കുവാനും സാധിക്കണം. പരോപകാര പ്രവർത്തികളിലൂടെ (charitable works) സ്നേഹം പ്രവർത്തിപഥത്തിൽ (Love in action) കൊണ്ടുവരണം.

നാലാമത്തെ സ്നേഹബന്ധം തന്റെതന്നെ ചുറ്റുപാടുകളോടാണ്. പ്രകൃതിയെ സ്നേഹിക്കാൻ പഠി

ക്കണം. പഞ്ചഭൂതങ്ങളാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് പഞ്ചഭൂതങ്ങളോടുള്ള ആരോഗ്യപരമായ ബന്ധം (മണ്ണ്, വായു, ജലം, തീ, ആകാശം) അനിവാര്യമാണ്. പ്രകൃതിയെയും പരിസ്ഥിതിയെയും ചൂഷണം ചെയ്യാതെ അവയെ സംരക്ഷിക്കുകയും അവയുമായി നല്ല ബന്ധത്തിൽ ആയിരിക്കാനുള്ള സാഹചര്യം ഉണ്ടായിരിക്കുകയും വേണം.

മുകളിൽ വിവരിച്ച നാലു സ്നേഹബന്ധങ്ങളും അതിന്റെ തികവിൽ ജീവിക്കാൻ അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിനു സാധിച്ചു. ഞാൻ വന്നത് ജീവൻ നൽകാനും അത് സമൃദ്ധിയിൽ ഉണ്ടാകുവാനുമാണ് (യോഹ. 10:10); ദൈവത്തിന്റെ മഹത്വം മനുഷ്യജീവിതത്തിന്റെ പൂർണ്ണതയിൽ കുടികൊള്ളുന്നു



എന്ന ബൈബിളിലെയും സഭാപിതാക്കന്മാരുടെയും വചനങ്ങൾ അഭിവന്ദ്യ പിതാവിൽ അന്വർത്ഥമാണ്.

എല്ലാറ്റിനും ഉപരിയായി തന്നെ വിളിച്ച ദൈവത്തെ സ്നേഹിച്ച ദൈവസ്നേഹി. പ്രാർത്ഥനാജീവിതം, വി. കുർബാന കേന്ദ്രീകൃതമായ ജീവിതം, വചനാധിഷ്ഠിത ജീവിതശൈലി, നോമ്പ്, ഉപവാസം, പ്രായശ്ചിത്തം എന്നിവയിലുള്ള നിഷ്ഠ എന്നിങ്ങനെ ആത്മീയകാര്യങ്ങളിലുള്ള ശ്രദ്ധ ആത്മീയാനുഭവത്തിലേക്ക് പിതാവിനെ നയിച്ചു. ഈ ആത്മീയതയുടെ നിറവിൽ സ്വന്തജീവിതത്തെ കാണുവാനും മറ്റുള്ളവരിലേക്ക് സ്നേഹവായ്പോടെ ഇറങ്ങിച്ചെല്ലുവാനും പ്രകൃതിസ്നേഹം വളർത്തിയെടുക്കുവാനും ഇടയാക്കി.

തന്നെത്തന്നെ സ്വാഭിമാനത്തോടെ കാണുന്നതിനും തന്റെ തന്നെ ജീവിതത്തിൽ ലാളിത്യം പാലിക്കുന്നതിനും ശ്രദ്ധിച്ചു. സ്വയം മതിപ്പും സ്വയം സംതൃപ്തിയും ഉള്ളവർക്കേ മറ്റുള്ളവരോട് ബഹുമാനവും ആദരവും സ്നേഹവും സന്തോഷവും പ്രകടിപ്പിക്കാൻ സാധിക്കുകയുള്ളൂ. സംതൃപ്തിയുടെയും സന്തോഷത്തിന്റെയും ജീവിതമായിരുന്നുവെന്ന് മുഖകാന്തി വെളിപ്പെടുത്തുന്നു.

ദൈവസ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൽ യാതൊരു ലുബ്ധും കാണിച്ചിരുന്നില്ല. ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസം കൂടാതെ ഏവരെയും തന്റെ ഹൃദയത്തിൽ സ്വീകരിച്ച പിതാവ് ഏവർക്കും അഭിഗമ്യനായിരുന്നു. സഭാ, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക രംഗത്തുള്ളവരുടെ വഴികാട്ടിയായിരുന്നു.ബന്ധങ്ങൾക്ക് അധികം വിലകൊടുക്കാത്ത ഇന്നത്തെ സമൂഹത്തിൽ എല്ലാവരോടും നല്ല ബന്ധങ്ങൾ വളർത്തിയെടുക്കുകയും അത് കാത്തു സൂക്ഷിക്കുവാൻ പരിശ്രമിക്കുകയും ചെയ്ത പിതാവ് ഒരു വലിയ മാതൃകയാണ്.

പ്രപഞ്ചത്തോടും പ്രകൃതിയോടുമുള്ള പിതാവിന്റെ ബന്ധം എടുത്തുപറയേണ്ടിയിരിക്കുന്നു. യേശുവിനെപ്പോലെ വി. ഫ്രാൻസിസ് അസ്സീസിയെപ്പോലെ പ്രകൃതിയോടിണങ്ങിച്ചേർന്നു ജീവിക്കുവാൻ ഇഷ്ടപ്പെട്ട പിതാവ് അതിനായുള്ള സാഹചര്യങ്ങളൊരുക്കി. ചെടിയെയും മരത്തെയും പക്ഷികളെയും മൃഗങ്ങളെയും സ്നേഹിച്ചു. കൃഷിയെ സ്നേഹിക്കേണ്ടതിന്റെ ആവശ്യകത പഠിപ്പിച്ചു. പരിസ്ഥിതിയുടെ ആദ്ധ്യാത്മികത വളർത്തിയെടുത്തു.

ഇപ്രകാരം ദൈവത്തെയും തന്നെയും മറ്റുള്ളവരെയും പ്രകൃതിയെയും സ്നേഹിച്ച് ജീവിതത്തികവ് സ്വന്തമാക്കിയ അഭിവന്ദ്യ പിതാവിന്റെ ജീവിതം എന്നും ഓർമ്മിക്കപ്പെടും. സ്നേഹത്തിലൂടെ സമർപ്പണത്തിലൂടെയും ത്യാഗത്തിലൂടെ ഏവർക്കും പ്രചോദനവും മാതൃകയും നൽകിയ പുണ്യജീവിതത്തിനു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

●



**ദൈവഭക്തിയുടെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകവും സാമൂഹ്യസേവനവും മതസൗഹാർദവും മുഖമുദ്രയായി സ്വീകരിച്ച കർമ്മയോഗി, കാർഷിക വ്യവസായിക, വിദ്യാഭ്യാസ മേഖലകളിലെ പ്രഗത്ഭൻ, എക്യുമെനിസത്തിന്റെ വക്താവ് എന്നീ വിവിധ രംഗങ്ങളിൽ പ്രശോഭിച്ചിരുന്ന മഹാനായിരുന്നു തിരുമേനി. അനന്തപുരിയിൽ സംഘടിപ്പിക്കുന്ന സമ്മേളനങ്ങളിൽ തിരുമേനിയുടെ സാന്നിദ്ധ്യം ഒഴിച്ചുകൂടാൻ പാടില്ലാത്തതായിരുന്നു.**

# ആദരണീയനായ ആചാര്യ ശ്രേഷ്ഠൻ



**തോമസ് ജോൺ തേവരേത്ത്**
സഭയുടെ ഉത്സാഹിയായ പുത്രൻ
(ബാർ. ഈത്തോകാശീറോ)

ആർഷ ഭാരതത്തിലെ മഹർഷിമാരെപ്പോലെ കാഷായ വസ്ത്രമണിഞ്ഞ് മാനവരാശിയെ സ്നേഹിച്ച ആചാര്യശ്രേഷ്ഠനായിരുന്നു ദിവംഗതനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി. ദൈവഭക്തിയുടെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകവും സാമൂഹ്യസേവനവും മതസൗഹാർദവും മുഖമുദ്രയായി സ്വീകരിച്ച കർമ്മയോഗി, കാർഷിക വ്യവസായിക, വിദ്യാഭ്യാസ മേഖലകളിലെ പ്രഗത്ഭൻ, എക്യുമെനിസത്തിന്റെ വക്താവ് എന്നീ വിവിധ രംഗങ്ങളിൽ പ്രശോഭിച്ചിരുന്ന മഹാനായിരുന്നു തിരുമേനി. അനന്തപുരിയിൽ സംഘടിപ്പിക്കുന്ന സമ്മേളനങ്ങളിൽ തിരുമേനിയുടെ സാന്നിദ്ധ്യം ഒഴിച്ചുകൂടാൻ പാടില്ലാത്തതായിരുന്നു. സകല മതവിഭാഗങ്ങളുടെയും രാഷ്ട്രീയപാർട്ടികളുടെയും സ്നേഹബഹുമാനങ്ങൾ ഒരുപോലെ ആർജ്ജിച്ചിട്ടുള്ള വ്യക്തികൾ കേരളത്തിൽ വിരലിൽ എണ്ണുവാൻപോലും കാണുകയില്ലായെന്നുള്ളത് ഒരു പ്രത്യേകതയാണ്.


1940-ൽ വൈദികനായശേഷം തൃശ്ശനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ പഠിച്ച് ബി.എ ഓണേഴ്സ് പരീക്ഷയിൽ മദ്രാസ് സർവ്വകലാശാലയിൽ നിന്നും ഒന്നാം റാങ്കിൽ പാസായി. രണ്ടു വർഷത്തിനുശേഷം എം.എ ബിരുദമായി പരിഗണിച്ചു തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പിലായി നിയമിതനായി. താൻ ധരിച്ചിരുന്ന കാഷായ വസ്ത്രങ്ങൾ തിരുമേനി തന്നെ കഴുകി അലക്കിയാണ് ഉപയോഗിച്ചിരുന്നത്. നാനാജാതിമതസ്തരോടുപോലും സദാപുഞ്ചിരിയോടെയാണ് സമീപിക്കാറുള്ളത്. 1983-ൽ പൊട്ടിപുറപ്പെട്ട നിലയ്ക്കൽ പ്രശ്നത്തിന്റെ പരിഹാരത്തിന് തിരുമേനി കൈക്കൊണ്ട സേവനങ്ങൾ ഒരിക്കലും വിസ്മരിക്കുവാൻ പാടില്ല. നിലയ്ക്കൽ പ്രശ്നം വളരെ രൂക്ഷമായ അവസരത്തിൽ ഹൈന്ദവനേതാ



ക്കന്മാരായ ശ്രീമദ്. ഗോലോകാനന്ദ സ്വാമി, ഡോ. ജി. രാമചന്ദ്രൻ, ശ്രീ. എം.പി മന്മഥൻ, ശ്രീമതി. ലക്ഷ്മി എൻ. മേനോൻ മുതലായവരെയെല്ലാം ചേർത്ത് തിരുമേനി ഒരു സൗഹാർദ്ദ സമിതി രൂപീകരിക്കുകയും അന്നത്തെ നിലയ്ക്കൽ ചർച്ച് ആക്ഷൻ കമ്മറ്റി അംഗങ്ങളായിരുന്ന റവ. ഡോ. ആന്റണി നിരപ്പേൽ, പി.സി.എബ്രഹാം പടിഞ്ഞാറെക്കര, ഷെവലിയർ.ടി. ഫിലിപ്പോസ് സർവ്വ ശ്രീ. വർക്കി ജോർജ്, കെ.യു ജോൺ, മാത്യുമടുക്കാക്കുഴി എന്നിവരുമായും ബന്ധപ്പെട്ട് അനുരഞ്ജനത്തിന്റെ പാതയൊരുക്കി. അതിന്റെ ഫലമായി ഹിന്ദുക്കൾക്കും, ക്രിസ്ത്യാനികൾക്കും സ്വീകാര്യമായ ഒരു സ്ഥലം നിലയ്ക്കൽ എക്യുമെനിക്കൽ ദേവാലയത്തിനായി തിരഞ്ഞെടുക്കുവാൻ സാധിച്ചു. സെന്റ്. തോമസിനാൽ സ്ഥാപിതമായതും നൂറ്റാണ്ടുകളായി പുനരുദ്ധരിക്കാൻ സാധിക്കാതിരുന്നതുമായ നിലയ്ക്കൽ ദേവാലത്തിന്റെ പുനഃപ്രതിഷ്ഠനടത്തുന്നതിന് അവസരം ലഭിച്ചു. പരസ്പരം ധാരണയും സഹകരണവും ഇല്ലാതെകഴിഞ്ഞിരുന്ന കേരളത്തിലെ വിവിധ ക്രൈസ്തവ വിഭാഗങ്ങളെ തമ്മിൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പാതയിലേക്ക് നയിക്കുവാൻ സാധിച്ചു. ഇതു കേരളത്തിലെ ക്രൈസ്തവ സഭാചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ്. നിലയ്ക്കലിൽ സ്ഥാപിതമായ സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ടു ശേഖരിക്കാൻ മാർ ഗ്രിഗോറിയോസ് തിരുമേനി നടത്തിയ പരിശ്രമങ്ങൾ പ്രത്യേകം എടുത്തുപറയാവുന്ന വസ്തുതകളാണ്. പൂന്തുറയിലും ചാലയിലും പൊട്ടിപുറപ്പെട്ട വർഗീയ ലഹളകൾ സമാധാനപരമാക്കിയതിൽ പ്രധാന പങ്കുവഹിച്ചത് മാർ ഗ്രിഗോറിയോസ് തിരുമേനിയാണ്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ പട്ടം അരമനയിലെത്തി സമാധാനം പുനഃസ്ഥാപിക്കാൻ തിരുമേനിയെ പ്രത്യേകം ക്ഷണിച്ചിരുന്നു. മുഖ്യമന്ത്രിമാരായ ശ്രീ. കെ. കരുണാകരനും ശ്രീ. ഈ.കെ. നയനാരും തിരുമേനിയുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചിരുന്നു. പട്ടം അരമനയിൽ നട്ടുവളർത്തിയ മാതൃകാകൃഷിത്തോട്ടവും പുതിയ ഇനം തൈകളും ചെടികളും കേരള ജനതയെ ആകർഷിച്ചിരുന്നു. മുഖ്യമന്ത്രിമാരും കൃഷിവകുപ്പ് മന്ത്രിമാരും പട്ടം ആർച്ചുബിഷപ്പ് ഹൗസിനോടു ചേർന്നുള്ള കൃഷിത്തോട്ടങ്ങളും ഗവേഷണങ്ങളും കണ്ടുപഠിക്കുവാൻ കാർഷിക ഗവേഷകരോടും കാർഷിക ഉദ്യോഗസ്ഥരോടും പലപ്പോഴും പറയുന്നത് കേൾക്കാറുണ്ട്. അരമനയുടെ ടെറസിനു മുകളിൽ പച്ചക്കറികൾ ചാക്കിൽ കൃഷി ചെയ്യുവാൻ സാധിച്ചത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. ഒരവസരത്തിൽ ചെടികളെല്ലാം വാടിക്കരിയാൻ തുടങ്ങി. ആർച്ചുബിഷപ്പിന്റെ നിർദ്ദശപ്രകാരം സെക്രട്ടറിയായിരുന്ന ക്രിസ്റ്റി അച്ചൻ എന്നെ ക്ഷണിച്ചു പ്രതിവിധി ആരാഞ്ഞു. രണ്ടാഴ്ച കഴിഞ്ഞ ചെടികൾ പൂർവ്വസ്ഥിതിയിലായി. തിരുമേനി സന്തോഷത്തോട് എന്റെ പേര് പറഞ്ഞ് അഭിനന്ദിച്ചു. കൂടാതെ വിദേശങ്ങളിൽ സന്ദർശനം നടത്തി പുതിയ ഇനം വിത്തിനങ്ങളും ചെടികളുടെ തൈകളും കൊണ്ടു വന്ന് അരമനവളപ്പിൽ കൃഷിചെയ്യുക പതിവായിരുന്നു. അമേരിക്കൻ അമരാന്താ, മാൻജിയം എന്നിവയുടെ നവീന കൃഷി സമ്പ്രദായങ്ങൾ ദിനപത്രങ്ങളിൽ പ്രസിദ്ധികരിക്കുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. 1996-ൽ ഒക്ടോബർ 10ന് കബറടങ്ങി. വിശ്രമമില്ലാതെ ഓടി നടന്ന തിരുമേനിയുടെ ദൈവശ്രുശൂഷ എല്ലാ തലങ്ങളിലും ഉണ്ടായിരുന്നു. ആദ്ധ്യാത്മീക, വിദ്യാഭ്യാസ, സാമൂഹിക, സാംസ്ക്കാരിക കാർഷിക രംഗങ്ങളിൽ തിരുമേനിയുടെ നിറസാന്നിദ്ധ്യം ശ്രദ്ധേയമാണ്. റൂറൽ എക്കണോമിക്സ് എന്ന വിഷയം ബിരുദാനന്തര പഠനങ്ങളിൽ ഉണ്ടായിരുന്നതിനാൽ കാർഷിക മേഖലയിൽ താൽപര്യമുണ്ടായിരുന്നു. വിദേശങ്ങളിൽ പോയി തിരിച്ചുവരുമ്പോൾ പുതിയ വിത്തും തൈകളും ഇനങ്ങളും കൊണ്ടു വന്ന് വൈദികരെ ഏൽപിക്കാറുണ്ടായിരുന്നു.



# നമ്മോടൊപ്പം ജീവിച്ച വിശുദ്ധ



ഫാ. ചെറിയാൻ താഴമൺ

(സി.ഇ.ഒ. ദീപിക)

## പശ്ചാത്തലം

1991 ഫെബ്രുവരി 17 മുതൽ 1993 ഏപ്രിൽ 18 വരെയും നവംബർ 21 മുതൽ 1995 ഏപ്രിൽ 22 വരെയും കുമ്പനാട് സെന്റ് പോൾസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ വികാരിയായി ശുശ്രൂഷ ചെയ്തപ്പോൾ ലഭിച്ച അറിവിന്റെയും അനുഭവത്തിന്റെയും 1994 മേയ് മാസം 15ാം തീയതി ഞായറാഴ്ച ചെമ്പനാൽ പ്രൊഫ. മോഹൻ പി. തോമസിനോടൊപ്പം ശ്രീമതി സാറാമ്മ എബ്രഹാമിന്റെ ഭവനത്തിലെത്തി അവരുമായി നടത്തിയ അഭിമുഖത്തിന്റെയും കുമ്പനാട് ഇടവകയിൽ രണ്ടു പ്രാവശ്യം വികാരിയായിരുന്ന ബഹു. എബ്രഹാം കളക്കുടിയിൽ അച്ചനിൽ നിന്നു ലഭിച്ച വിവരങ്ങളുടെയും കുറ്റൂർ പള്ളിമല ശാലോം ഭവൻ ഡയറക്ടറായിരുന്ന ബഹു. ജോസഫ് കരിപ്പായിൽ അച്ചനിൽ നിന്നും സാറാമ്മ സാറിനെ അടുത്തറിയുന്ന അനേകരിൽ നിന്നും ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ ലേഖനം തയാറാക്കിയിരിക്കുന്നത്. 1994 മേയ് 15ന് നടത്തിയ അഭിമുഖ സംഭാഷണത്തിലെ വിവരങ്ങൾ ഞാൻ രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നു. അന്നു ഞാൻ 'ഐക്യദീപം' മാസികയുടെ മുഖ്യപത്രാധിപരുമായിരുന്നതുകൊണ്ട് സാറാമ്മ സാർ പറഞ്ഞു: 'ഞാൻ ജീവിച്ചിരിക്കുമ്പോൾ ഇതൊന്നും പ്രസിദ്ധീകരിക്കരുത്. എന്റെ ജീവിതത്തെ വിലയിരുത്തേണ്ടവൻ ദൈവമാണ്. എന്റെ മരണശേഷം അച്ചൻ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക'. ഇതു പറഞ്ഞിട്ട് 1962ൽ പരിശുദ്ധ ജോൺ 23ാമൻ മാർപാപ്പായിൽ നിന്നും ലഭിച്ച 'സഭയ്ക്കും മാർപാപ്പായ്ക്കും വേണ്ടി' എന്ന കീർത്തിമുദ്രയുടെ പതക്കവും സാറാമ്മസാർ

1971ൽ വിശുദ്ധ നാടുകൾ സന്ദർശിച്ചതിന്റെ ഓർമ്മയ്ക്കായി കാനായിൽ നിന്നും വാങ്ങിയ കർത്താവ് കാനായിൽ വെള്ളം വീഞ്ഞാക്കിയ കൽഭരണികളുടെ ചെറുമാതൃകകളും എനിക്കു നൽകി. ഞാനവ ഇന്നും വളരെ പൂജ്യമായി സൂക്ഷിക്കുന്നു.

## ഒരത്ഭുതം

പള്ളിമല ശാലോം ഭവന്റെ മേൽക്കൂരയിലും ഷെയ്ഡുകളിലും ഒരുകൂട്ടം അരിപ്രാവുകൾ കൂടുകൂട്ടിക്കഴിയുന്നുണ്ടായിരുന്നു. അതിൽ ഒരു വെള്ളരിപ്രാവ് ശാലോം ഭവനിലെ എല്ലാവരുടെയും ശ്രദ്ധ പ്രത്യേകം ആകർഷിച്ചിരുന്നു. രാവിലെ വെയിലുദിക്കുമ്പോൾ പ്രാവുകൾ മുറ്റത്ത് തീറ്റ കൊത്തിതിന്നുവാൻ എത്തുമ്പോൾ വെണ്മയും ശാന്തതയും മറ്റു ചില പ്രത്യേകതകളും കൊണ്ട് ആ വെള്ളരിപ്രാവ് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. 2007 മേയ് മാസം 19-ാം തീയതി രാവിലെയും ഇളവെയിലിൽ പ്രാവുകൾ മുറ്റത്ത് കൊത്തിപ്പെറുക്കുന്നുണ്ട്. എന്നാൽ, എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചിരുന്ന വെള്ളരിപ്രാവിനെ മാത്രം കാണുന്നില്ല. ഇന്നും പ്രാവിൻകൂട്ടം ശാലോം ഭവന്റെ മുറ്റത്ത് തീറ്റ കൊത്തിപ്പെറുക്കാൻ എത്താറുണ്ട്. കെട്ടിടത്തിൽ ചേക്കാറുറുമുണ്ട്. എന്നാൽ ആ വെള്ളരിപ്രാവിനെ മാത്രം കാണാറില്ല.

2007 മേയ് മാസം 18-ാം തീയതി വെള്ളിയാഴ്ച സമയം രാത്രി 11.45. അന്നാണ് കുഞ്ഞമ്മ സാർ എന്ന് എല്ലാവരും സ്നേഹപൂർവം വിളിക്കുന്ന ശ്രീമതി സാറാമ്മ എബ്രഹാം പള്ളിമലയിലെ ശാലോം ഭവനിലെ 11-ാം നമ്പർ മുറിയിൽ വച്ച് സ്വർഗപിതാവിന്റെ സന്നിധിയിലേക്ക് പറന്നു പോയത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പ്രത്യേകിച്ച് തിരുവല്ലാ അതിരൂപതയ്ക്ക് ഒരു വിശുദ്ധയെ സ്വർഗത്തിൽ മധ്യസ്ഥയായി ലഭിച്ച ദിവസം. മേയ് 18 വേറെ ഒരു തരത്തിൽകൂടി എനിക്ക് പ്രധാനപ്പെട്ട ദിവസമാണ്. അന്നാണ് എന്റെ വത്സല പിതാവിന്റെയും സ്വർഗപ്രവേശം. (2002 മേയ് 18 വെള്ളിയാഴ്ച).

ശ്രീമതി സാറാമ്മ എബ്രഹാം മരിച്ചിട്ട് ഏഴു വർഷങ്ങൾ കഴിഞ്ഞു. ബൈബിൾ പശ്ചാത്തലത്തിൽ ഏഴ് പൂർണ സംഖ്യയാണ്. ആ മഹതിയുടെ ആഗ്രഹം മാനിച്ച് ജീവിതകാലത്ത് പ്രസിദ്ധീകരിക്കാതിരുന്ന ഈ കുറിപ്പ് അനേകർക്ക് പ്രചോദനമാകാൻ സാധ്യതയുണ്ട് എന്നു കരുതി പ്രസിദ്ധീകരിക്കുകയാണ്.

## വ്യക്തി പശ്ചാത്തലം

ശ്രീമതി സാറാമ്മ എബ്രഹാം കുമ്പനാട് സെന്റ് പോൾസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ അംഗമായിരുന്നു. ജനനം: ചെങ്ങന്നൂരിൽ പ്രസിദ്ധമായ ഊരയിൽ പുത്തൻപുര കുടുംബത്തിൽ. പിതാവ്: സി.ഐ. ജോസഫ് (ചാണ്ടി). മാതാവ്: സാറാമ്മ ജോസഫ്. സഹോദരങ്ങൾ:

## പത്മശ്രീ ബാരിസ്റ്റർ ജോർജ് ജോസഫ്


1887 ജൂൺ അഞ്ചിന് വിക്ടോറിയാ രാജ്ഞിയുടെ കിരീടധാരണത്തിന്റെ 50-ാം വർഷം ചെങ്ങന്നൂരിൽ ജനിച്ചു. പ്രാഥമിക പഠനം ചെങ്ങന്നൂരിൽ. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് എഫ്.എ പാസായി. എൻഡിൻബറോ സർവകലാശാലയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ. സമ്പാദിച്ചു. ലണ്ടനിൽ നിന്ന് ബാരിസ്റ്റർ പരീക്ഷ പാസായി. 1909ൽ നാട്ടിൽ മടങ്ങിയെത്തി. 1910ൽ മധുരയിൽ ക്രിമിനൽ വക്കീലായി പ്രാക്ടീസ് തുടങ്ങി. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനായി. 1916 മാർച്ച് 20ന് ആനി ബസന്റുമായി കണ്ടുമുട്ടി. ഹോം റൂളിനുവേണ്ടി വാദിക്കുവാൻ ഇംഗ്ലണ്ടിലെ രാജ്ഞിയുടെ പക്കലേക്ക് ആനി ബസന്റ് അയച്ച മൂന്നംഗ സംഘത്തെ നയിച്ചത് ജോർജ് ജോസഫ് ആയിരുന്നു. റൗളത്ത് ആക്ടിനെതിരായി 1919 മാർച്ച് ഒമ്പതിന് മധുരയിൽ വലിയ പ്രതിഷേധ റാലി അദ്ദേഹം സംഘടിപ്പിച്ചു. 1919 മാർച്ച് 22ന് മദ്രാസിൽ വച്ച് രാജാജി ജോർജ് ജോസഫിനെ മഹാത്മാ ഗാന്ധിക്ക് പരിചയപ്പെടുത്തി. മദ്രാസ് സന്ദർശനത്തിനു എത്തിയ മഹാത്മജി മധുരയിൽ 1919 മാർച്ച് 26 മുതൽ 30 വരെ താമസിച്ചത് ജോർജ് ജോസഫിന്റെ ഭവനത്തിലാണ്. മാർച്ച് 29ന് മഹാത്മജിയെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വൻ സമ്മേളനം അദ്ദേഹം മധുരയിൽ സംഘടിപ്പിച്ചു.

1920ൽ സബർമതി ആശ്രമത്തിൽ വച്ച് മോട്ടിലാൽ നെഹ്റുവും ജവർഹർലാൽ നെഹ്റുവുമായി

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**മേരിക്കുട്ടി മാത്യു, മുംബൈ**



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തു കൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ലില്ലിക്കുട്ടി, പായിപ്പാട്**

പരിചയപ്പെട്ടു. മോത്തിലാൽ നെഹ്റുവിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന **'ദ ഇൻഡിപെന്റന്റ്'** പത്രത്തിന്റെ ചുമതല ജോർജ് ജോസഫ് ഏറ്റെടുത്തു. 1921 ഡിസംബർ ആറിന് നെഹ്റു കുടുംബത്തോടൊപ്പം അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ആഗ്രാ, ലക്നൗ ജലിലുകളിൽ മറ്റ് ദേശീയ നേതാക്കന്മാരോടൊപ്പം കഴിഞ്ഞു. ജയിൽ വാസത്തിന്റെ ഈ സമയത്താണ് ജവഹൽലാൽ നെഹ്റുവുമായുള്ള ബന്ധം ശക്തമാകുന്നത്. 1923ൽ അദ്ദേഹം ജയിൽ വിമുക്തനായി. 1923 സെപ്റ്റംബർ 27ന് ശ്രീ. സി. രാജഗോപാലാചാരിയിൽ നിന്ന് ഗാന്ധിജിയുടെ 'യംഗ് ഇന്ത്യ' എന്ന പത്രത്തിന്റെ പത്രാധിപസ്ഥാനം ജോർജ് ജോസഫ് ഏറ്റെടുത്തു. 1924 മാർച്ചിൽ അദ്ദേഹം വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് ഏപ്രിൽ 11ന് അറസ്റ്റ് വരിച്ച് ജയിലിലായി. വൈക്കം സത്യാഗ്രഹത്തെ ഒരു മനുഷ്യാവകാശ പ്രശ്നമായിട്ടാണ് ജോർജ് ജോസഫ് കണ്ടത്. എന്നാൽ, മഹാത്മാഗാന്ധി അതിനെ ഒരു ഹിന്ദു പ്രശ്നമായി കണ്ട് ക്രിസ്ത്യാനിയായ ജോർജ് ജോസഫ് അതിൽ ഇടപെടുന്നതിനെ നിരുത്സാഹപ്പെടുത്തി. ഗാന്ധിജിയുടെ ഈ നിലപാട് ജോർജ് ജോസഫിനെ ഏറെ വേദനിപ്പിച്ചു.

**സഹോദരന്മാർ മൂന്നു പേർക്ക് രാഷ്ട്രത്തിന്റെ ആദരം ഇന്ത്യൻ ചരിത്രത്തിൽ ഇതിനു സമാനമായ മറ്റൊരു കുടുംബം ഉണ്ടോ എന്നു സംശയിക്കണം.**

മഹാത്മാഗാന്ധി ഏകവസ്ത്രധാരണശൈലി സ്വീകരിച്ചത് 1925ൽ മധുരയിൽ ജോർജ് ജോസഫിന്റെ ഭവനത്തിൽ ആയിരിക്കുമ്പോഴാണ്. അന്ന് ത്യാഗരാജ കോളജിൽ വച്ച് (ഇന്നത്തെ മീനാക്ഷി കോളജ്) അനേക ആൾക്കാർ ഗാന്ധിജിയെ കാണാൻ വന്നു. അവർ പൊതുവെ അല്പവസ്ത്രധാരികളായിരുന്നു. രാജാജിയോടും ജോർജ് ജോസഫിനോടും അതിന്റെ കാരണം ഗാന്ധി ജി തിരക്കി. ആൾക്കാരുടെ പട്ടിണിയും ദാരിദ്ര്യവുമാണ് കാരണമെന്ന് അവർ പറഞ്ഞു. ജോർജ് ജോസഫന്റെ ഭവനത്തിൽ താമസിച്ചിരുന്ന ഗാന്ധിജി അന്നു രാത്രി വരെ വളരെ അസ്വസ്ഥനായിരുന്നു. പിറ്റെ ദിവസം രാവിലെ മുതൽ അദ്ദേഹം ഏകവസ്ത്രധാരണ ശൈലി സ്വീകരിച്ചതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

1933ൽ ശ്രീ കാമരാജ് വിരുദുനഗർ ബോംബ് കേസിൽ പ്രതി ചേർക്കപ്പെട്ടപ്പോൾ ഫീസില്ലാതെ വാദിച്ചത് ജോർജ് ജോസഫാണ്. 1937ൽ അദ്ദേഹം സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ എം.എൽ.എ ആയി തെരഞ്ഞെടുക്കപ്പെട്ടു. 1938 മാർച്ച് അഞ്ചിന് അദ്ദേഹം അന്തരിച്ചു. മാർ ഈവാനിയോസ് തിരുമേനിയാണ് മധുരയിൽ എത്തി അദ്ദേഹത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചത്. രാഷ്ട്രം അദ്ദേഹത്തിന് പത്മശ്രീ നൽകി ആദരിച്ചിരുന്നു.

സാറാമ്മ സാറിനെക്കുറിച്ച് എഴുന്നിടത്ത് സഹോദരനെക്കുറിച്ച് ഇത്രമാത്രം വിസ്തരിച്ച് എഴുതിയതിന്റെ പ്രസക്തി എന്തെന്നു വായനക്കാർക്കു തോന്നാം. **മഹാത്മ ഗാന്ധി, ജവഹർലാൽ നെഹ്റു, സി. രാജഗോപാലാചാരി തുടങ്ങിയ ദേശീയ നേതാക്കന്മാരോടൊപ്പം ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി സമരം നയിച്ച് ജയിൽ വാസം അനുഭവിച്ച് ആരോഗ്യം നഷ്ടപ്പെട്ട് അമ്പതാം വയസിൽ അകാലചരമം പ്രാപിച്ച പത്മശ്രീ ബാരിസ്റ്റർ ജോർജ് ജോസഫ് പുനരൈക്യപ്പെട്ട ഒരു കത്തോലിക്കനായിരുന്നു.** സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ക്രൈസ്തവരിൽ എന്തുകൊണ്ടും മുമ്പന്തിയിൽ നിൽക്കുന്ന ജോർജ് ജോസഫ് തന്റെ പഠനത്തിന്റെ വെളിച്ചത്തിൽ കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ട വ്യക്തിയായിരുന്നു എന്ന സത്യം പുനരൈക്യത്തിന്റെ മക്കളെ പുളകിതരാക്കേണ്ടതല്ലേ? **1930 നവംബർ ഏഴിനാണ് അദ്ദേഹം കത്തോലിക്കാ സഭയിൽ ചേർന്നത്.** 1932 ൽ ചമ്പക്കുളത്ത് വച്ചു നടന്ന കത്തോലിക്കാ കോൺഗ്രസിന്റെ സമ്മേളനാധ്യക്ഷൻ അദ്ദേഹമായിരുന്നു. അന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗം ഒരു ചരിത്രരേഖയാണ്. കത്തോലിക്കാ സഭയിൽ ചേർന്നതുമുതൽ എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിലും അദ്ദേഹം നിഷ്ഠയുള്ളവനായിരുന്നു. **പഠിപ്പും ലോകപരിചയവുമുള്ള സ്വതന്ത്ര ചിന്താഗതിക്കാരനായ തന്റെ കനിഷ്ഠ സഹോദരന്റെ പുനരൈക്യവും വിശുദ്ധ കുർബാനയോടുള്ള ഭക്തിയും സാറാമ്മ സാറിന്റെ കത്തോലിക്കാ സഭയിലേക്കുള്ള പുനരൈക്യത്തിന്റെ ഒരു കാരണമായിരുന്നു.**

## പത്മഭൂഷൺ പോത്തൻ ജോസഫ്

**(സാറാമ്മ സാറിന്റെ രണ്ടാമത്തെ സഹോദരൻ)**

1892 മാർച്ച് 13ന് ജനിച്ചു. കോട്ടയം സി.എം.എസ് കോളജിൽ നിന്ന് ഇന്റർമീഡിയറ്റ് ജയിച്ചു. മദ്രാസ് പ്രസിഡൻസ് കോളജിൽ നിന്ന് ഫിസിക്സിൽ ബിരുദം നേടി. ബോംബെ സർവകലാശാലയിൽ നിന്ന് നിയമബിരുദം നേടി. കുറച്ചു നാൾ തിരുവനന്തപുരം ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്തു. സിലോണിൽ കാൻഡിയിൽ ട്രിനിറ്റി കോളജിൽ കുറെനാൾ പഠിപ്പിച്ചു. പിന്നീട് സെക്കന്തരാബാദിൽ വെസ്ലി ഹൈസ്കൂളിൽ അധ്യാപകനായി. വായനാശീലം പ്രധാന ഹോബിയായിരുന്ന പോത്തൻ ജോസഫ് എഴുത്ത് ഒരു കലയായി വളർത്തി. 26 പത്രങ്ങൾ അദ്ദേഹം തുടങ്ങുകയോ വളർത്തുകയോ ചെയ്തിട്ടുണ്ട്. 'ഹിന്ദുസ്ഥാൻ ടൈംസ്', 'ദ മെയിൽ', 'ദ ഇന്ത്യൻ എക്സ്പ്രസ്', 'ഡക്കാൻ ഹെറാൾഡ്', മുഹമ്മദാലി ജിന്ന ആരംഭിച്ച 'ഡോൺ' എന്നീ പത്രങ്ങൾ പോത്തൻ ജോസഫിന്റെ കരങ്ങളിലൂടെ വളർന്നവയാണ്. ദേശീയ നേതാക്കളുമായുണ്ടായിരുന്ന ബന്ധവും സ്വാതന്ത്ര്യ സമരത്തെ പിന്താങ്ങി അദ്ദേഹം പ്രസിദ്ധീകരിച്ച ലേഖനങ്ങളും സഹോദ

രൻ ജോർജ് ജോസഫിന്റെ പ്രോത്സാഹനവും പോത്തൻ ജോസഫിനെ പത്രപ്രവർത്തനത്തിന്റെ കൊടുമുടിയിലേക്കുയർത്തി. 'ഷ്‌ല്യ മ ഈു ീള ഠലമ' എന്ന അദ്ദേഹത്തിന്റെ കോളം മുടങ്ങാതെ വായിക്കുന്നവരായിരുന്നു അന്നത്തെ ദേശീയ നേതാക്കന്മാർ. ജവഹർലാൽ നെഹ്റു അത് പ്രത്യേകം തന്റെ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിട്ടുമുണ്ട്. രാജ്യം അദ്ദേഹത്തിനു പത്മഭൂഷൺ നൽകി ആദരിച്ചു.

**നാലാമത്തെ സഹോദരനാണ് പദ്മശ്രീ പി. എം. ജോസഫ്.** കായിക പരിശീലനത്തിനായി ഉഴിഞ്ഞു വച്ച ജീവിതം. ഗ്വാളിയറിലെ രാജാവ് ജീവാ ജിറാവു സിന്ധ്യ (മുൻ കേന്ദ്രമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന മാധവറാവു സിന്ധ്യയുടെ പിതാവ്) നൽകിയ സ്ഥലത്ത് 1937ൽ ലക്ഷ്മിഭായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ സ്ഥാപിച്ചത് അദ്ദേഹമാണ്. ഇന്ത്യയിലെ കായിക വിദ്യാഭ്യാസത്തിന്റെ നാഴികക്കല്ലാണ് ഈ സ്ഥാപനം. രാഷ്ട്രം പത്മശ്രീ നൽകി അദ്ദേഹത്തെയും ആദരിച്ചു. **സഹോദരന്മാർ മൂന്നു പേർക്ക് രാഷ്ട്രത്തിന്റെ ആദരം ഇന്ത്യൻ ചരിത്രത്തിൽ ഇതിനു സമാനമായ മറ്റൊരു കുടുംബം ഉണ്ടോ എന്നു സംശയിക്കണം.**

സാറാമ്മ സാറിന്റെ മറ്റു സഹോദരങ്ങൾ **കോശി ജോസഫ്, തോമസ് ജോസഫ്, മേരിക്കുട്ടി കുര്യൻ (തങ്കമ്മ), ഏലിയാമ്മ ലൂക്ക്, അന്ന തോമസ് (കുഞ്ഞൂഞ്ഞമ്മ). ഭർത്താവ്: കുമ്പനാട് കടപ്ര വടക്കുംകര പുത്തൻപറമ്പിൽ പി.റ്റി. എബ്രഹാം, ഏകമകൻ തോമസ് എബ്രഹാം ഐ.എഫ്.എസ് വത്തിക്കാനിലെ ഇന്ത്യൻ നയതന്ത്ര പ്രതിനിധിയായിരുന്നു.** സാറാമ്മ സാറിന്റെ പഠനം ക്യൂൻസ് കോളജ്, പ്രസിഡൻസി കോളജ് മദ്രാസ് എന്നിവിടങ്ങളിലായിരുന്നു. മംഗലാപുരം കോളജ്, മദ്രാസ് ക്രിസ്ത്യൻ കോളജ്, ബോംബെ സോഫിയാ കോളജ് എന്നിവിടങ്ങളിൽ അധ്യാപികയായിരുന്നു. 1942ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. 1962ൽ പരിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായിൽ നിന്ന് 'സഭയ്ക്കും മാർപാപ്പയ്ക്കും' വേണ്ടി എന്ന ബഹുമതി ലഭിച്ചു. 1967ൽ അധ്യാപക ജോലിയിൽ നിന്ന് (സോഫിയാ കോളജിൽ നിന്നും) സ്വയം



വിരമിച്ചു.

പ്രസിദ്ധമായ കുടുംബത്തിലെ ജനനം, പ്രഗത്ഭരായ സഹോദരങ്ങൾ, ഉന്നത വിദ്യാഭ്യാസം, സന്തുഷ്ടമായ ഔദ്യോഗിക ജീവിതം, കത്തോലിക്കാ സഭയിലേക്കുള്ള പുനരൈക്യം, വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായിൽ നിന്നും പ്രത്യേക കീർത്തിമുദ്രയും ബഹുമാനവും, ഇടവകയോടും രൂപതയോടും ചേർന്നുള്ള ആത്മീയ പ്രവർത്തനങ്ങൾ, വിശുദ്ധ കുർബാനയോട് ആഴത്തിലുള്ള ഭക്തി, സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ തളരാത്ത പ്രകൃതം, പാവപ്പെട്ടവരോടുള്ള അനുകമ്പ, പരിശുദ്ധ കത്തോലിക്കാ സഭയുടെ പഠനങ്ങളോടുള്ള പ്രതിബദ്ധത, വ്യക്തി സ്വാതന്ത്ര്യത്തിന്റെ വക്താവ്, മനസാവാചാ കർമ്മണാ ആരെയും വേദനിപ്പിക്കാത്ത മാന്യവനിത, ഇതാണ് വീട്ടുകാരും ബന്ധുക്കളും 'ഊ അമ്മച്ചി'യെന്നും നാട്ടുകാർ സാറാമ്മ സാർ എന്നും കൂട്ടുകാർ കുഞ്ഞമ്മ സാറെന്നും വിളിക്കുകയും

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ലിസി മാത്യു, മുംബൈ**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**മോളി സക്കറിയ, മുംബൈ**

ഔദ്യോഗിക രേഖകളിൽ മിസിസ് എസ്. എബ്രഹാം എന്നും കാണുന്ന ശ്രീമതി സാറാമ്മ എബ്രഹാം.

## കത്തോലിക്കാ സഭയിലേക്ക്


ഊരയിൽ കുടുംബത്തിലെ നവീകരണ ആശയങ്ങളിൽ വളർന്ന കുഞ്ഞമ്മ സാർ മാർതോമ്മാ സഭയിൽ അംഗമായിരുന്നു. വിവാഹിതയായി എത്തിയതും മാർത്തോമ്മാ സഭയിൽപെട്ട കുടുംബത്തിൽ. പത്തൊൻപതാം വയസിൽ വിവാഹിതയായി. മൂന്നു വർഷം മാത്രം നീണ്ട ദാമ്പത്യ ജീവിതം. ഭർത്താവ് മരിക്കുമ്പോൾ ഏകമകന് ഒരു വയസ് പ്രായം. **ഭർത്താവിന്റെ മരണശേഷം അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന ആഗ്രഹം സാറാമ്മ സാറിന്റെ മനസിൽ ശക്തമായിരുന്നു. എന്നാൽ, മാർത്തോമ്മാ സഭയുടെ വിശ്വാസവും ആചാരവും ഇതനുവദിക്കുന്നില്ല. സാറാമ്മ സാറിന്റെ ഹൃദയത്തെ ഇതു ഭാരപ്പെടുത്തിക്കൊണ്ടിരുന്നു.**

സ്വതന്ത്രചിന്താഗതിക്കാരനും ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളവനും സ്വാതന്ത്ര്യസമരങ്ങളിൽ മഹാത്മജി, മോത്തിലാൽ നെഹ്രു, ജവഹർലാൽ നെഹ്രു, രാജാജി തുടങ്ങിയ ദേശീയ നേതാക്കന്മാരോടൊപ്പം പ്രവർത്തിച്ചിരുന്നവനുമായ തന്റെ കനിഷ്ഠ സഹോദരൻ ബാരിസ്റ്റർ ജോർജ് ജോസഫ് തന്റെ പഠനങ്ങളുടെ വെളിച്ചത്തിൽ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുകയും എല്ലാദിവസവും പ്രഭാതത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. സ്വാതന്ത്ര്യ സമരത്തിലും മനുഷ്യാവകാശ സമരങ്ങളിലും ത്യാഗപൂർവം പങ്കെടുക്കുവാനുള്ള ശക്തി അനുദിന വിശുദ്ധ കുർബാനയിൽ നിന്നുമാണ് ലഭിച്ചിരുന്നതെന്ന് അദ്ദേഹം പറഞ്ഞിരുന്നത് സാറാമ്മ സാർ ശ്രദ്ധിച്ചിരുന്നു. **ജോർജ് ജോസഫ് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടതും അതിനുശേഷമുള്ള അദ്ദേഹത്തിന്റെ ജീവിതവും വിശുദ്ധ കുർബാനയോടുള്ള അദ്ദേഹത്തിന്റെ ഭക്തി യും കത്തോലിക്കാ സഭയെക്കുറിച്ചും സഭയുടെ വിശ്വാസങ്ങളെക്കുറിച്ചും കൂടുതൽ ചിന്തിക്കുവാനും പഠിക്കുവാനും സറാമ്മ സാറിനെ പ്രേരിപ്പിച്ചു.**

സാറാമ്മ സാറിന്റെ പഠനവിഷയം ചരിത്രമാണ്. ബിരുദവും ബിരുദാനന്തര ബിരുദവും ചരിത്ര വിഷയത്തിലാണ്. ബ്രിട്ടീഷ് ചരിത്രം പഠിക്കുമ്പോൾ ഹെൻട്രി എട്ടാമന്റെ ചരിത്രം അവരെ അസ്വസ്ഥയാക്കി. സ്വന്തം ആവശ്യത്തിനുവേണ്ടി അതും അധാർമ്മികമായ കാര്യത്തിനുവേണ്ടി സഭയെ ധിക്കരിക്കുകയും മാർപാപ്പയോടു മല്ലിടുകയും ഇംഗ്ലണ്ടിലെ സഭയെ സാർവത്രിക സഭാ കൂട്ടായ്മയിൽ നിന്ന് ധിക്കാരപൂർവം അടർത്തിമാറ്റി സ്വതന്ത്രയായി പ്രഖ്യാപിച്ച് സഭയുടെ തലവനായി സ്വയം അവരോധിക്കുകയും ചെയ്ത രാജാവ്. രാജാവ് സഭയുടെ തലവനായിരിക്കുക, സാറാമ്മ സാറിന് അതൊട്ടും സംഗതമായി തോന്നിയില്ല. **ലോക ചരിത്രവും സഭാ ചരിത്രവും പഠിച്ച സാറാമ്മ സാർ കത്തോലിക്കാ സഭയാണ് യേശു സ്ഥാപിച്ച അപ്പസ്തോലിക കൂട്ടായ്മയുടെ (സഭയുടെ) യഥാർഥ തുടർച്ചയെന്നു ചരിത്രത്തിൽ കണ്ടെത്തി.**

1931ൽ എം.എ പഠനം പൂർത്തിയാക്കിയ സാറാമ്മ സാർ ആശുപത്രിയിൽ ചികിത്സയിലായിരുന്ന തന്റെ സഹോദരപത്നിക്ക് സഹായിയായി ആശുപത്രിയിലായിരിക്കുമ്പോൾ അടുത്ത കിടക്കയിൽ ചികിത്സയിലായിരുന്ന ഒരു കത്തോലിക്കാ സന്യാസിനിയുമായി പരിചയപ്പെട്ടു. സെന്റ് ആൻസ് കോളജിന്റെ പ്രിൻസിപ്പൽ ആയിരുന്നു പ്രസ്തുത സിസ്റ്റർ. തന്റെ കുടുംബകാര്യങ്ങളും ജീവിത ചിന്തകളും അവർ സിസ്റ്ററുമായി പങ്കുവച്ചു. **സിസ്റ്റർ സാറാമ്മ സാറിന് പരിശുദ്ധ ദൈവമാതാവിന്റെ മുദ്രയുള്ള ഒരു കാശുരൂപം നൽകുകയും മകനെ പരിശുദ്ധ അമ്മയുടെ മധ്യസ്ഥത്തിനു സമർപ്പിച്ചു പ്രാർത്ഥിക്കാൻ പറയുകയും ചെയ്തു. പ്രസ്തുത കാശുരൂപം സാറാമ്മ സാർ വളരെ ഭക്തിപൂർവം സൂക്ഷിച്ചിരുന്നു. പരിശുദ്ധ ദൈവമാതാവിനോട് അടുപ്പവും ഭക്തിയും ഉളവാക്കുവാൻ ഈ സംഭവം ഇടയാക്കി.**

**ദൈവിക നടത്തിപ്പിന്റെ വേറൊരു സംഭവം.** മംഗലാപുരത്ത് കോളജിൽ പഠിപ്പിക്കുന്ന കാലത്ത് ഒരിക്കൽ ഒരു കത്തോലിക്കാ പള്ളിയിൽ നടന്ന ധ്യാനപ്രസംഗം പുറത്തുനിന്നു കേൾക്കാൻ ഇടയായി. **'സുകൃതജപം'** ഉരുവിടുന്നതിനെക്കുറിച്ച് അന്നു ധ്യാനപ്രസംഗത്തിൽ കേട്ടത് ഹൃദയത്തെ സ്പർശിച്ചു. **സുകൃതജപം ചൊല്ലുന്നത് അന്നു മുതൽ സാറാമ്മ സാർ ശീലമാക്കി. അത് ആത്മീക വളർച്ചയ്ക്കും ദൈവസാന്നിധ്യസമര**




**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**
**ഉദ്ദിഷ്ടകാര്യത്തിന്**
**ഉപകാര സ്മരണ**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

**ഉപകാരസ്മരണ**



**ഐസക്ക് മേരി**
**യോഹന്നാൻ**

**ണയ്ക്കും പരിശുദ്ധ ദൈവമാതാവിനോട് കൂടുതൽ അടുക്കുവാനും സഹായിച്ചിരുന്നതായി സാറാമ്മസാർ സാക്ഷ്യപ്പെടുത്തുന്നു.**

മംഗലാപുരത്തുവച്ചുതന്നെ ഒരു സഹ അധ്യാപിക സമീപത്തുള്ള കത്തോലിക്കാ പള്ളിയിൽ വിശുദ്ധ കുർബാനയുടെ സന്നിധിയിൽ വിസീത്തക്കു പോകാൻ ക്ഷണിക്കുമായിരുന്നു. ഒരിക്കൽ അവരോടൊപ്പം പോയി. പള്ളിയുടെ ഉള്ളിലെ പശ്ചാത്തലം വളരെ ഹൃദ്യമായി തോന്നി.

**വിശുദ്ധ കുർബാനയുടെ സമക്ഷത്തിൽ ഏകാന്തതയിൽ ഇരുന്നുള്ള പ്രാർത്ഥന വലിയ ഒരനുഭവമായിരുന്നു. പിന്നീട് ഇതൊരു ശീലമായി വളർന്നു.** തന്റെ മൂത്ത സഹോദരൻ ബാരിസ്റ്റർ ജോർജ് ജോസഫ് പുനരൈക്യപ്പെട്ടു കത്തോലിക്കാ സഭയിൽ ചേർന്നതിനുശേഷം എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുത്തിരുന്നതും സ്വാതന്ത്ര്യ സമരകാലത്ത് ശക്തമായ തീരുമാനങ്ങളെടുക്കുന്നതിന് അത് അദ്ദേഹത്തെ ശക്തിപ്പെടുത്തിയിരുന്നതും സാറാമ്മ സാർ നേരിട്ട് മനസിലാക്കിയിരുന്നു.

**മദ്രാസ് കോളജിലുണ്ടായിരുന്ന അയർലൻഡുകാരൻ ഈശോസഭാ വൈദികനായ ഫാ. മർഫിയുമായുണ്ടായ പരിചയം കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ അവസരം നൽകി.** വിശുദ്ധ കുർബാനയുടെ മഹത്വം ആഴത്തിൽ അറിഞ്ഞത് അദ്ദേഹത്തിൽ നിന്നാണ്. 1939 മുതൽ 1942 വരെ മൂന്നു വർഷക്കാലം ഫാ. മർഫിയുമായി കത്തോലിക്കാ സഭയുടെ വിശ്വാസത്തെക്കുറിച്ച് വളരെയധികം ചർച്ചകളും കത്തിടപാടുകളും നടത്തി. കത്തോലിക്കാ സഭയെക്കുറിച്ചും സഭയുടെ വിശ്വാസത്തെക്കുറിച്ചും ആഴത്തിൽ ഗ്രഹിച്ചു. ഇത്രയുമായപ്പോൾ കത്തോലിക്കാ സഭയിൽ ചേരുവാൻ തീരുമാനിച്ചു. വീട്ടുകാരുടെ എതിർപ്പ് ഒരു വശത്ത്. തന്റെ പഠനങ്ങളുടെയും പ്രാർത്ഥനയുടെയും ഫലമായുണ്ടായ ബോധ്യങ്ങൾ മറുവശത്ത്. വലിയ മാനസികവ്യഥയുടെ ദിവസങ്ങൾ.

(തുടരും)

## വാർത്തകൾ



*2015 ഫെബ്രുവരി 21-ാം തീയതി തിരുമൂലപുരം സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദേവാലയത്തോട് ചേർന്നുള്ള സ്ഥലത്ത് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്മൃതിമണ്ഡപത്തിന്റെ കല്ലിടീൽ ശുശ്രൂഷ തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെയും സഹായ മെത്രാൻ അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവിന്റെയും അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെയും കാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു..*



*2015 ഫെബ്രുവരി 28-ാം തീയതി കൂദാശ ചെയ്യപ്പെട്ട കാപ്പിപ്പതാൽ സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദേവാലയം*



*2015 ഫെബ്രുവരി 1, 2 തീയതികളിൽ കൂദാശ ചെയ്യപ്പെട്ട ചങ്ങനാശ്ശേരി സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയം*




**നിറഞ്ഞു കവിയുന്ന കുടത്തിനുമാത്രമേ പുറ ത്തേക്ക് ഒഴുകുവാൻ സാധിക്കൂ. അതെ, ദൈവകൃപ മാത്രമാണ് സഹനങ്ങളിൽ നമ്മുക്ക് ഏക ആശ്ര യമെങ്കിൽ ദൈവകൃപ നിറഞ്ഞവൾ മതി നമ്മുടെ ജീവിതമുള്ളുകളെ പിഴുതെറിയുവാൻ. ദൈവവച നം സ്വകരിക്കുന്ന ഒരാൾക്കും തിരുവചനം ചൂണ്ടി ക്കാട്ടുന്ന ദൈവകൃപ നിറഞ്ഞവളെക്കുറിച്ചുള്ള ഈ സത്യം നിരാകരിക്കുവാൻ സാധിക്കില്ല.**

# ദൈവകൃപനിറഞ്ഞവൾ

**ഫാ. മാത്യു അറയ്ക്കൽ**
മൂവാറ്റുപുഴ രൂപത

മാർച്ച് 25, വചനിപ്പ് തിരുനാൾ; അന്നയുടേയും യൊവാക്കീമിന്റേയും പുത്രിയായ മറിയത്തിൽ നിന്ന് പരിശുദ്ധ ദൈവമാതാവിലേക്കുള്ള പ്രയാണത്തിന്റെ ആദ്യ സ്വർക്ഷീയ വിളംബരമായി നാം ആഘോഷിക്കുന്ന പുണ്യനാൾ. ലോകം കാതോർത്തിരുന്ന രക്ഷയുടെ ആ സദ്വാർത്ത ആദ്യമായി ശ്രവിച്ചത് പരിശുദ്ധ മറിയമാണ്. ആ തിരുനാൾ നാം ആഘോഷിക്കുമ്പോൾ; പരിശുദ്ധ മറിയം വചനം ഹൃദയത്തിൽ സംഗ്രഹിച്ച്, ഉദരത്തിൽ സ്വീകരിച്ച്, ലോകത്തിന് ദൈവപുത്രനെ കൊടുത്തതുപോലെ നാമൊക്കെയും വചനം ഹൃദയത്തിലും അത് കുർബ്ബാനയായി നാവിലും സ്വീകരിച്ച് ആ സ്വർക്ഷീയ ആനന്ദം ലോകത്തിന് കൊടുക്കേണ്ടവരാണ് എന്നുള്ള തിരിച്ചറിവ് നാം ആർജ്ജിച്ചെടുക്കേണ്ടിയിരിക്കുന്നു. തന്റെ ദൗത്യം തിരിച്ചറിഞ്ഞ മറിയത്തോട് അന്ന് ദൂതൻ വഴി ദൈവം ഇങ്ങനെ അരുളിച്ചെയ്തു,


**ദൈവകൃപനിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ!..... മറിയമേ, നീ ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം (ലൂക്കാ 1:28,30,31).**

ദൈവകൃപ നിറഞ്ഞവളായ പരിശുദ്ധ മറിയത്തോട് നാം ചേർന്നു നിൽക്കേണ്ടതിന്റെ ആവശ്യകതയിലേക്കു കൂടിയാണ് ഈ ലേഖനം ഉന്നം വെയ്ക്കുന്നത്. ദൈവകൃപ നിറഞ്ഞവൾ എന്ന് സംബോധന ചെയ്യപ്പെടുന്ന ബൈബിളിലെ ഏക കഥാപാത്രമാണല്ലോ പരിശുദ്ധ മറിയം. അവൾ കൃപയുള്ളവൾ എന്നല്ല പിന്നെയോ, കൃപനിറഞ്ഞവളായാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്നത്. അവളിൽ നിറഞ്ഞ ദൈവകൃപ മുഴുവനായും ക്രിസ്തുവിന്റെ സഭയിലൂടെ ഇന്നും പരിശുദ്ധ അമ്മ നമുക്കുവേണ്ടി ചൊരിഞ്ഞുകൊണ്ടിരിക്കുകയാണ്.

വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്ക് എഴുതിയ 2-ാം ലേഖനം 12-ാം അദ്ധ്യായം 7 മുതലുള്ള തിരുവചനം ഒന്നു ശ്രദ്ധിക്കുക. അതിപ്രകാരം വായിക്കുന്നു. ..**ശരീരത്തിൽ ഒരു മുള്ള് എനിക്ക് നൽകപ്പെട്ടിരിക്കുന്നു. അതായത്, എന്നെ ശല്ല്യപ്പെടുത്തുന്നതിനും മതിമറന്ന് ആഹ്ലാദിക്കാതെ എന്നെ നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള പിശാചിന്റെ ദൂതൻ. അത് എന്നെ വിട്ടകലാൻ വേണ്ടി മൂന്ന് പ്രാവശ്യം ഞാൻ കർത്താവിനോടപേക്ഷിച്ചു. എന്നാൽ, അവിടുന്ന് എന്നോട് അരുളിച്ചെയ്തു: നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത് (2 കോറി. 12: 7-9).** കർത്താവിനോട് അഭേദ്യമായി ചേർന്നുനിന്ന വി. പൗലോസ് തന്റെ ജീവിതത്തിൽ നേരിടുന്ന ക്ലേശങ്ങളുടെ ഒരു വലിയ ലിസ്റ്റ് അവതരിപ്പിക്കുന്നത് നാം കാണുന്നുണ്ട്. തന്റെ ബലഹീനതകളിലും നൊമ്പരങ്ങളിലും ഒക്കെ അദ്ദേഹത്തെ മുന്നോട്ട് നടത്തിയത് ഉന്നതങ്ങളിൽ നിന്നുള്ള ക്രിസ്തുവിന്റെ ഈ വചനമായിരുന്നു; "നിനക്ക് എന്റെ കൃപ മതി. എന്നാൽ മൂന്നുപ്രാവശ്യം വി. പൗലോസ് കർത്താവിനോട് ചോദിച്ചതായ ഈ ചോദ്യം ഞാനും നിങ്ങളും മൂന്നൂറുപ്രാവശ്യം ചോദിച്ചിട്ടുണ്ടാവില്ലേ? വാസ്തവത്തിൽ അതിനുള്ള ഉത്തരം തന്നെയാണ് കുരിശിൻ ചുവട്ടിൽ വെച്ച് യേശു യോഹന്നാനോട് പറഞ്ഞത്; ഇതാ നിന്റെ അമ്മ. **സഹനത്തിന്റെ മുള്ളുകൾ വിരിച്ച കുരിശിൻ ചുവട്ടിൽ കർത്താവു നൽകുന്ന കൃപയാണ് പരിശുദ്ധ മറിയം.** ഇത് നമ്മുക്ക് തിരുവചനാടിസ്ഥാനത്തിൽ കാണുവാൻ പരിശ്രമിക്കാം.

മുൻപു കണ്ട വി.പൗലോസിന്റെ ലേഖനം വായിക്കുമ്പോൾ, സഹനങ്ങളിൽ പൗലോസിന് ആശ്വാസമായ വചനമായിരുന്നു **നിനക്ക് എന്റെ കൃപ മതി** എന്നുള്ളത് (2 കോറി. 12:9). അതേ സമയം, ദൈവത്തിന്റെ ദൂതൻ തന്നെ മംഗളവാർത്തയുടെ സമയത്ത് മറിയത്തെ വിളിക്കുന്നു **ദൈവ കൃപ നിറഞ്ഞവളേ** എന്ന് (ലൂക്കാ 1:28). അതായത് **നമ്മുടെ ബലഹീനതയിലും സഹനങ്ങളിലും ശാശ്വത പരിഹാരമായി കർത്താവ് വാഗ്ദാനം ചെയ്യുന്നത് അവിടുത്തെ കൃപയാണെങ്കിൽ അതേ കൃപ പൂർണ്ണതയിൽ നിറഞ്ഞു നില്ക്കുന്ന പരിശുദ്ധ അമ്മയല്ലേ ഈ സഹനഭൂമിയിൽ കർത്താവു നൽകുന്ന ശക്തിദുർഗ്ഗം.**

നിറഞ്ഞു കവിയുന്ന കുടത്തിനുമാത്രമേ പുറത്തേക്ക് ഒഴുകുവാൻ സാധിക്കൂ. അതെ, **ദൈവകൃപ മാത്രമാണ് സഹനങ്ങളിൽ നമ്മുക്ക് ഏക ആശ്രയമെങ്കിൽ ദൈവകൃപ നിറഞ്ഞവൾ മതി നമ്മുടെ ജീവിതമുള്ളുകളെ പിഴുതെറിയുവാൻ.** ദൈവവചനം സ്വകരിക്കുന്ന ഒരാൾക്കും തിരുവചനം ചൂണ്ടിക്കാട്ടുന്ന ദൈവകൃപ നിറഞ്ഞവളെക്കുറിച്ചുള്ള ഈ സത്യം നിരാകരിക്കുവാൻ സാധിക്കില്ല. ജീവിതത്തിൽ മുള്ളുകൾ നിറഞ്ഞ അവസരങ്ങൾ ഏറെയാണ്. വ്യക്തി ജീവിതത്തിൽ, കുടുംബ ബന്ധങ്ങളിൽ, ആത്മീയ ജീവിതത്തിൽ സമൂഹജീവിതത്തിൽ ഒക്കെയും ഈ മുള്ളുകൾ നമ്മെ വേട്ടയാടുന്നുണ്ട്. **പുറമേ മുള്ളുകൾ നിറയുമ്പോൾ നാം ഓർക്കണം അകമെ വാൾ തുളച്ചുകയറിയ പരിശുദ്ധ അമ്മ നമുക്ക് കൂട്ടിനുണ്ട് എന്ന്.** പൗലോസിന്റെ മുള്ളുകൾ നിറഞ്ഞ ബലഹീനതയുടെ ജീവിതാവസ്ഥ നമ്മെ കാർന്നു തിന്നുമ്പോൾ വിശ്വാസത്തോടെ ഒന്നു കർത്താവിങ്കലേക്ക് തിരിഞ്ഞാൽ അവിടുന്ന് നമ്മോടും പറയും നിനക്ക് എന്റെ കൃപ മതി. ആ കൃപ നേടാനായി ദൈവകൃപ നിറഞ്ഞ പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തോട് ചേർന്നു നില്ക്കാം. വചനിപ്പു തിരുനാളിന്റെ എല്ലാ മംഗളങ്ങളും നേരുന്നു. ●



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തു കൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

താമസിച്ചതിന് ക്ഷമാപണം

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ഒരു വിശ്വാസി**



# സ്കിൻ കെയർ

**ഡോ. സതീഷ് കുമാർ**
അസോ. പ്രൊഫ. ഡെർമെറ്റോളജി, പുഷ്പഗിരി മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ

വിവിധ അവയവങ്ങൾ കൂടി ചേർന്നാണ് മനുഷ്യ ശരീരം ഉണ്ടാകുന്നത്. അതിനാൽ നമ്മുടെ ശരീരത്തെ ഒരു സങ്കീർണ്ണമായ ഒരു യന്ത്രത്തോട് താരതമ്യപ്പെടുത്താം. ഓരോ യന്ത്രത്തിലും അതിൽ ഉള്ള ഘടകങ്ങളുടെ കൂട്ടായ പ്രവർത്തനമാണ് ആ യന്ത്രത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനമായി വിലയിരുത്തപ്പെടുന്നത്. ഇതുപോലെയാണ് മനുഷ്യശരീരവും നമ്മുടെ ശരീരത്തിലെ ഓരോ അവയവും നല്ല രീതിയിൽ പ്രവർത്തിക്കുമ്പോൾ ആ വ്യക്തി ആരോഗ്യവാനായി നല്ലരീതിയിൽ വർത്തിക്കുവാൻ അവനു സാധിക്കുന്നു. ഓരോ അവയവും നല്ല രീതിയിൽ പ്രവർത്തിക്കുന്നതിന് അവയവങ്ങളുടെ പരിപാലനം വളരെ ശ്രദ്ധ അർഹിക്കുന്ന ഒരു കാര്യമാണ്.

"പ്രവൻഷ്യൻ ഈസ് ബെറ്റർ ദാൻ ക്യുവർ" എന്ന ചൊല്ല് നമുക്ക് വളരെ പരിചയമുള്ളതാണ്. പരിപാലന രോഗചികിത്സയെക്കാൾ വളരെ എളുപ്പത്തിൽ ചെയ്യാവുന്നതും വളരെ ചിലവു കുറഞ്ഞതുമാണ്. എന്നാൽ ഇന്ന് പലരും പരിപാലനത്തിന് ഒട്ടും ശ്രദ്ധ കൊടുക്കാതെ അവയവങ്ങൾക്ക് അസുഖം വരുത്തി വയ്ക്കുകയാണ്. അസുഖങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ ചികിത്സയ്ക്കായി നമ്മുടെ സമയവും പണവും ചിലവ് ചെയ്യേണ്ട അവസ്ഥയിൽ എത്തിച്ചേരുന്നു. അല്പം മുൻവിചാരത്തോടെ ഈ കാര്യങ്ങളിൽ ശ്രദ്ധവച്ചാൽ ഭാവിയിലെ പല അനാവശ്യ ബുദ്ധിമുട്ടുകൾ നമുക്ക് ഒഴിവാക്കാവുന്നതാണ്.

ഇനി സ്കിൻ കെയറിന്റെ പ്രസക്തി എന്താണെന്ന് നമുക്ക് ഒന്ന് പരിശോധിക്കാം. സ്കിൻ മനുഷ്യശരീരത്തിലെ ഏറ്റവും വലിയ അവയവമാണ്. ശരീരത്തിലെ ഏറ്റവും ബാഹ്യമായ ആവരണവുമാണ്. അതിനാൽ പുറമെ നിന്നും ശരീരത്തിന് ഏൽക്കുന്ന ആഘാതങ്ങളും ആക്രമണങ്ങളും ഏറ്റവും ആദ്യവും തീക്ഷ്ണമായും അനുഭവിക്കേണ്ടി വരുന്നത് ഈ അവയവത്തിനാണ്. നമ്മുടെ സ്കിൻ എപ്പോഴും ഈ ഒരു അവസ്ഥയിൽ തന്നെയാണ് തുടരുന്നത്. സ്കിന്നിന് നിരന്തരമായി ഏൽക്കുന്ന ഈ കേടുപാടുകൾ കാരണമായിട്ടാണ് ചില ചർമ്മരോഗങ്ങൾ ഉണ്ടാകുന്നത് തന്നെ. ഇന്ന് പലരും ചെറുതും വലുതുമായ പലവിധ സ്കിൻ രോഗത്താൽ കഷ്ടപ്പെടുന്നവരാണ്. ഇതിൽ പല രോഗങ്ങളും ശരിയായി സ്കിൻ കെയറിന്റെ അഭാവം കൊണ്ട് സംഭവിക്കുന്നതാണ്. ആയതിനാൽ മുമ്പ് പ്രതിപാദിച്ചതുപോലെ സ്കിൻകെയർ പലവിധ രോഗങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനും നമ്മുടെ സ്കിന്നിന് അതിന്റെ പ്രവർത്തികൾ നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിന് സാധിക്കുന്നു.

സ്കിൻ കെയർ എന്നത് സ്കിന്നിന് അസുഖമൊന്നും ഇല്ലാത്ത അവസ്ഥയിൽ അസുഖമുണ്ടാകുന്നത് പ്രതിരോധിക്കുവാനായി ചെയ്യുന്നതാണ്.

**നമ്മുടെ മുടികൾക്ക് ഇടയിൽ അടിയുന്ന പൊടിയും അധികമായ എണ്ണമയവും നീക്കുവാൻ ഇടയ്ക്കിടെ ഷാംപൂ ഉപയോഗിക്കേണ്ടതാണ്. ഷാംപൂ ഉപയോഗം കാരണം മുടി കൊഴിയുന്നു എന്നത് തീർത്തും തെറ്റായ ഒരു ധാരണയാണ്.**

**സ്കിൻ വൃത്തിയാക്കുക** - ദിവസം എത്ര പ്രാവശ്യം കുളിക്കണം? സോപ്പ് ഉപയോഗിക്കേണ്ട ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതു സോപ്പാണ് നല്ലത്? ആന്റിസെപ്റ്റിക് സോപ്പാണോ നല്ലത്? ഈ ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഒരു ഉത്തരം സാദ്ധ്യമല്ല. ഇവയുടെ ഉത്തരങ്ങൾ പല കാര്യങ്ങൾ പരിഗണിച്ചശേഷമേ നൽകുവാൻ സാധിക്കുകയുള്ളൂ.

ഒരു ഓഫീസ് മുറിയിൽ മാത്രം ഇരുന്ന് ജോലി ചെയ്യുന്ന ആളുകൾക്ക് അവരുടെ സ്കിന്നിൽ അഴുക്കുകൾ പറ്റാനുള്ള സാദ്ധ്യത കുറവാണ്. അതുപോലെ തന്നെ ഈ കൂട്ടം ആളുകൾ അധികമായി വിയർക്കുന്നുമില്ല. ഈ തരത്തിലുള്ള ആളുകൾ ദിവസവും ഒരു പ്രാവശ്യമേ കുളിക്കുന്നുള്ളൂവെങ്കിലും അവരുടെ സ്കിൻ വൃത്തിയായി ഇരിക്കുന്നതാണ്. എന്നാൽ അധികമായി വിയർക്കുന്ന വ്യക്തികൾ, സ്കിന്നിൽ അഴുക്കും പൊടിയും പറ്റുന്നവർ, ഈ അഴുക്കിന്റെയും വിയർപ്പിന്റെയും അളവ് അനുസരിച്ച് ഇവ നീക്കം ചെയ്യാൻ പല പ്രാവശ്യമുള്ള കുളി ആവശ്യമായി വരുന്നു. അപ്പോൾ കുളിയുടെ എണ്ണം നമ്മുടെ സ്കിന്നിൽ നിൽക്കുന്ന വിയർപ്പിന്റെയും അഴുക്കിന്റെയും അവസ്ഥ പരിഗണിച്ച് തീരുമാനിക്കേണ്ടതുണ്ട്. ഉഷ്ണപ്രദേശങ്ങളിൽ ജീവിക്കുന്നവർ വിയർപ്പും ചെളിയും അധികമില്ലെങ്കിൽ കൂടി ദിവസവും കുളിക്കുക എന്നതാണ് അഭികാമ്യം.

ഇനിയും സോപ്പിനെക്കുറിച്ച് അല്പം പ്രതിപാദിക്കാം. നോർമൽ ആയ സ്കിൻ ഉള്ളവർപോലും കഴിവതും മൈൽഡ് ആയ ഒരു സോപ്പ് ഉപയോഗിക്കുന്നതാണ് ഉത്തമം. ആന്റിസെപ്റ്റിക് സോപ്പിന് നോർമൽ സ്കിന്നിൽ പ്രത്യേകമായി ഒന്നും ചെയ്യാനില്ല. തന്നെയുമല്ല ഇവ സ്കിന്നിന്റെ സാധാരണമായ പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്തുവാനും സാദ്ധ്യത ഉണ്ട്. സ്കിന്നിൽ അടിക്കടി അണുബാധ ഉണ്ടാകുന്നവർക്കല്ലെങ്കിൽ ആന്റിസെപ്റ്റിക് സോപ്പ് ഒരു ആവശ്യമായി വരാറില്ല. സ്കിന്നിൽ വിയർപ്പും അഴുക്കും ഇല്ലാത്തവർ വെള്ളം മാത്രം ഉപയോഗിച്ച് സ്കിൻ വൃത്തിയാക്കിയെന്നാൽ മതിയാകും. സോപ്പ് നമ്മുടെ സ്കിന്നി ലുള്ള ഈർപ്പത്തെ നഷ്ടപ്പെടുത്തുന്നു. സ്കിൻ അധികമായി വരണ്ടിട്ടുള്ള വ്യക്തികൾ സോപ്പിന്റെ ഉപയോഗം വിയർപ്പ് അല്ലെങ്കിൽ അഴുക്ക് ഉള്ള ഭാഗങ്ങളിൽ മാത്രം പരിമിതപ്പെടുത്തുന്നതാണ് ഉത്തമം. ഇവർ മറ്റുള്ള ഭാഗങ്ങൾ വെള്ളം മാത്രം ഉപയോഗിച്ച് വൃത്തിയാക്കിയാൽ മതിയാകും. അധികം സമയം നീണ്ടുനിൽക്കുന്ന കുളി നല്ലതല്ല.

സ്കിൻ വൃത്തിയാക്കുവാൻ സോപ്പ് ഉപയോഗിക്കുന്നുപോലെയാണ് തലയിൽ ഷാംപൂ ഉപയോഗിക്കുന്നത്. നമ്മുടെ മുടികൾക്ക് ഇടയിൽ അടിയുന്ന പൊടിയും അധികമായ എണ്ണമയവും നീക്കുവാൻ എല്ലാവരും ഇടയ്ക്കിടെ ഷാംപൂ ഉപയോഗിക്കേണ്ടതാണ്. ഷാംപൂ ഉപയോഗം കാരണം മുടി കൊഴിയുന്നു എന്നത് തീർത്തും തെറ്റായ ഒരു ധാരണയാണ്. ഷാംപൂ എന്നത് ശിരോചർമ്മത്തിൽ ഉപയോഗിക്കാനുള്ള സോപ്പിനു സമാനമായ ഒരു വസ്തുവാണ്. അങ്ങനെ ഉള്ള ഒരു വസ്തു ഒരിക്കലും മുടി കൊഴിച്ചിന് ഇടവരുത്തുകയില്ല.



സംരക്ഷണം - നമ്മൾ ബാഹ്യമായി അനുഭവപ്പെടുന്ന വിവിധമായ കാര്യങ്ങൾകൊണ്ട് കേടുപാടുകൾ സംഭവിക്കാം. ചൂട്, തണുപ്പ്, വെയിൽ കൊള്ളുക, മറ്റ് റേഡിയേഷനുകൾ, അണുബാധ, സ്കിന്നിൽ ഉണ്ടാവുന്ന മുറിവുകൾ എന്നിവയാണ് ഇതിൽ പ്രധാനമായവ. ഈ വക കാര്യങ്ങളിൽ നിന്നും സ്കിന്നിനെ സംരക്ഷിക്കുക എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. ഈ കേടുപാടുകളിൽ നിന്നുമാണ് പല സ്കിൻ രോഗങ്ങളുടെയും തുടക്കം. സ്കിൻ വെടിപ്പായി സൂക്ഷിക്കുന്നത് അണുബാധ തുടങ്ങിയ കാര്യങ്ങളിൽ നിന്നു സംരക്ഷണം നൽകുന്നു.

അധികമായി വെയിൽ കൊള്ളുന്നത് പല സ്കിൻ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. വെയിൽ കൊള്ളുന്ന ഭാഗം കറുത്ത് കരുവാളിക്കുക, ത്വക്കിനു വാർദ്ധക്യസഹജമായ മാറ്റങ്ങൾ സംഭവിക്കുക, ചുരുക്കം ചില അവസരങ്ങളിൽ സ്കിൻ കാൻസർ വരെ സംഭവിക്കുന്നു. ഈ വക കാര്യങ്ങൾ കൊണ്ട് വെയിലിൽനിന്ന് ത്വക്കിനെ സംരക്ഷിക്കുക

(തുടരും )




ആൻസി തോമസ്, പുല്ലാട്

# വി. തോമസ് അക്വിനാസ്



കത്തോലിക്കാ സഭയിലെ ദർശനികന്മാരിലും ദൈവശാസ്ത്രപണ്ഡിതന്മാരിലും അഗ്രേസരനാണ് വി. തോമസ് അക്വിനാസ്. തോമസ് അക്വിനാസ് വിദ്യാർത്ഥികളുടെ പരിത്രാണക പുണ്യവാളനാണ്.

സിസിലി എന്ന രാജ്യത്ത് റൊക്കസെക്കാ എന്ന സ്ഥലത്ത് പ്രഭുകുടുംബത്തിലാണ് അക്വിനാസിന്റെ ജനനം. ബനഡിക്ട് ആശ്രമത്തിന്റെ വക സ്കൂളിലാണ് പഠിച്ചത്. ഉപരിപഠനത്തിനായി നേപ്പിൾസ് സർവ്വകലാശാലയിൽ ചേർന്നു. അവിടെ വച്ച് ഡൊമിനിക്കൻ സന്ന്യാസിമാരെ പരിചയപ്പെട്ടു. അവരുടെ ലളിത ജീവിതം കണ്ട് അക്വിനാസ് അവരൊടു ചേരാൻ ആഗ്രഹിച്ചു. വീട്ടുകാർ എതിർത്തു. അവർ അദ്ദേഹത്തെ വീട്ടുതടങ്കലിൽ ആക്കി. തോമസിന്റെ പട്ടാളക്കാരായ ജ്യേഷ്ഠന്മാർ അവനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ഒരു രാത്രി അദ്ദേഹം തന്റെ സഹോദരിയുടെ സഹായത്തോടെ രക്ഷപ്പെട്ട് ഡൊമിനിയൻ സന്ന്യാസിമാരുടെ അടുക്കൽ എത്തിച്ചേർന്നു. അവർ അദ്ദേഹത്തെ കൊണ്ട് നേപ്പിൾസിലേക്ക് കടന്നു. അവിടെ നിന്നും പഠനത്തിനു വേണ്ടി പാരീസിലേക്ക് പോയി. പാരീസ് സർവ്വകലാശാലയിൽ നിന്നും രദൈവശാസ്ത്രത്തിൽ ഉന്നതപദവി നേടി.പ്രപഞ്ചവസ്തുക്കളെല്ലാം ദൈവത്തിൽ നിന്നു പുറപ്പെട്ട് ദൈവത്തിലേക്ക് തിരിച്ച് പോകുന്നു എന്നതാണ് അദ്ദേഹത്തിന്റെ അടിസ്ഥാന പ്രമാണം.

വഴികാണിക്കുന്ന ഒരു പണ്ഡിതനായാണ് മറ്റുള്ളവർ അദ്ദേഹത്തെ കണ്ടത്. വായിക്കുന്നതിനും എഴുതുന്നതിനും അത്ഭുതകരമായ സിദ്ധിയുടെ ഉടമയായിരുന്നു അക്വിനാസ്. ഏതു വിഷയവും പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുമ്പോൾ താർക്കികമായും ശാസ്ത്രീയമായും കൈകാര്യം ചെയ്യുവാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. വിശുദ്ധന്റെ പ്രശസ്തി വാനോളം ഉയർന്നപ്പോഴും അദ്ദേഹം എളിമയോടെ ജീവിച്ചു. ഇരുപത് വർഷങ്ങൾക്കിടയിൽ അദ്ദേഹം 40 വാല്യങ്ങൾ ആവർത്തനം കൂടാതെ രചിച്ചു. 1273 ഡിസംബർ 6-ാം തീയതി വിശുദ്ധൻ ഗ്രന്ഥരചന നിർത്തി. തന്റെ ആരോഗ്യം സമ്മതിക്കുന്നില്ല എന്നതാകാം കാരണം. എന്നാൽ തന്റെ സെക്രട്ടറിമാരോട് ഇപ്രകാരം പറഞ്ഞിരിന്നു. ഞാൻ എഴുതിയവയെല്ലാം ഇപ്പോൾ എനിക്ക് വെളിപ്പെടുത്തപ്പെട്ടവയോടു താരതമ്യപ്പെടുത്തുമ്പോൾ കച്ചിക്കു തുല്യമാണെന്നു എനിക്കു തോന്നുന്നു. അതിനു ശേഷം അദ്ദേഹം എഴുതുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടില്ല. അക്വിനാസിന്റെ കൃതികളെല്ലാം കമ്പ്യൂട്ടറിൽ ആക്കിട്ടുണ്ട്. ഇലക്ട്രോണിക് കംപ്യൂട്ടറുകളുടെ സഹായത്തോടെ കത്തോലിക്ക സഭയുടെ പ്രമുഖതത്ത്വശാസ്ത്രജ്ഞനായ വി. അക്വിനാസിന്റെ സകല കൃതികളും ക്രോഡീകരിക്കുകയും പട്ടികയിലാക്കുകയും ചെയ്തതായി ഒരു കംപ്യൂട്ടർ കമ്പനി അവകാശപ്പെടുന്നു. ഭാഷാപഗ്രഥനരംഗത്ത് ഇത്രയും സുപ്രധാനമായ ഒരു കൃത്യം യന്ത്രസഹായത്തോടെ പൂർത്തിയാക്കപ്പെട്ടത് ആദ്യമായാണ്. 40 വാല്യങ്ങളിലായിര 100 ലക്ഷം വാക്കുകൾ. 1274 ൽ ലിയോൺസ് സുന്നഹദോസിൽ അധികാരികൾ കല്പിച്ചതനുസരിച്ച് പുറപ്പെട്ട അദ്ദേഹത്തിന് യാത്രാമദ്ധ്യേ രോഗം പിടികൂടി. ഫൊസ്സനോവായിലെ സിസ്റ്റോർസ്യൻ സന്യാസഭവനത്തിൽ അഭയം പ്രാപിച്ച അദ്ദേഹം 1274 മാർച്ച് 7-ാം തീയതി ദിവംഗതനായി. തോമസ് അക്വിനാസ് വിദ്യാത്ഥികളുടെ പരിത്രാണകപുണ്യവാളനാണ്. വിജ്ഞാനത്തിലും വിശുദ്ധിയിലും ഒരേപോലെ ശോഭിച്ച അദ്ദേഹത്തെ തിരുസഭ വിദ്യാർത്ഥികളുടെ മാതൃകാപുരുഷനായി നിശ്ചയിച്ചു.

●

## അമ്മ മനസ്സ്



ലീലാമ്മ ബാബു
കച്ചറയ്ക്കൽ, പായിപ്പാട്

# നീതിമാനായ ജോസഫ്


പരിശുദ്ധ ദൈവമാതാവിന്റെ വചനിപ്പ് തിരുനാളും മാർ യൗസേഫ് പിതാവിന്റെ മരണതിരുനാളും നോമ്പുദിനങ്ങളും ഒന്നിച്ചുചേരുന്ന മാർച്ച് മാസത്തിൽ നീതിമാനായ യൗസേഫ് പിതാവിനെപ്പറ്റി അല്പം ചിന്തിക്കാം.

“ജോസഫ് നീതിമാനായിരുന്നു” (മത്താ 1:19) ഏറെയൊന്നും അവനെക്കുറിച്ച് എഴുതപ്പെട്ടിട്ടില്ല എങ്കിലും നീതിമാൻ എന്ന വാക്കിൽ ആ പുണ്യപിതാവിന്റെ സംഭവബഹുലമായ ജീവചരിത്രം സംഗ്രഹിക്കപ്പെട്ടിട്ടുണ്ട്. എന്തായിരുന്നു അവന്റെ നീതിയുടെ നിദാനം, മറ്റുള്ളവർക്ക് ലഭിക്കുവാൻ അർഹതയില്ലാത്തതുപോലും അളവുകളില്ലാതെ കൊടുക്കുകയെന്ന ദൈവനീതിയെ അവൻ സ്വജീവിത ശൈലിയാക്കി. നിശ്ശബ്ദനായ വിശുദ്ധൻ. ജോസഫ് ഒന്നും ഉരിയാടുന്നതായി സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടില്ല.അവൻ കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു എന്നു മാത്രമേ നാം കാണുന്നുള്ളൂ. ദൈവഹിതം നിറവേറ്റിയ മൗനവ്രതക്കാരനായ വിശുദ്ധൻ. മൗനത്തിന്റെ മൂല്യം നഷ്ടപ്പെട്ട തലമുറയിലാണല്ലോ നാമൊക്കെ ഇന്ന് ജീവിക്കുന്നത്. മത്തായുടെ സുവിശേഷം 1-ാം അദ്ധ്യായം 16 മുതൽ 25 വരെയുള്ള വാക്യങ്ങൾ നമുക്ക് ഹൃദ്യസ്ഥവും ഏറെ ശ്രദ്ധേയവുമാണല്ലോ. ജോസഫിന്റെ സ്വപ്നവും തുടർന്നുള്ള തീരുമാനങ്ങളും. ജോസഫ് എന്ന പേരിന് ‘വർദ്ധിപ്പിക്കുക’ എന്നാണ് അർത്ഥം. എന്നാൽ പുതിയനിയമത്തിലെ ജോസഫിനെ ദൈവം വിധിച്ചത് മറ്റൊന്നാണ്. സ്വയം വർദ്ധിപ്പിക്കാനല്ല, യേശുവും അവന്റെ അമ്മയും വളർന്നു വലുതാകുന്നതിന് സാക്ഷിയാകാനും ഉപകരണമാകുവാനുമാണ്. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നതാണ് നമ്മുടെ വർദ്ധന.സ്വപ്നദർശനത്തിൽ നിന്ന് ഞെട്ടിയുണർന്ന ജോസഫ് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു. “ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിലാകട്ടെ” എന്നു പറഞ്ഞ മറിയത്തിന്റെ അതേ മനോഭാവമായിരുന്നു



ജോസഫിന്റേതും കർത്താവ് കല്പിച്ചതുപോലെ അവർ പ്രവർത്തിച്ചു, അങ്ങനെ അവർ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് എന്റെ അമ്മയും സഹോദരനും, സഹോദരിയുമെന്ന് യേശു ആഗ്രഹിച്ച യഥാർത്ഥ ബന്ധുക്കളായി മാറി. രാജവംശജനായിരുന്നെങ്കിലും കൈയ്യിൽ ഉളിയും കൊട്ടുവടിയുമാണ് കൂട്ടിനുണ്ടായിരുന്നത്. കാലുകളിൽ കനകമെതിയടികൾക്കുപകരം തേഞ്ഞുതുടങ്ങിയ തോൽച്ചെരുപ്പ്, തങ്കകിരീടത്തിനു പകരം മരപ്പൊടികളുടെ മണമുള്ള തലപ്പാവ്, അരയിൽ അങ്കവാളിന് പകരം അള

വുകോൽ, പരിമളം പൂശിയ പട്ടുകുപ്പായങ്ങൾക്ക് പകരം വിയർപ്പിന്റെ വാസനയുള്ള വസ്ത്രം ഇതെല്ലാം പുണ്യ പിതാവിന്റെ നിശബ്ദതയുടെ, നീതിയുടെ പര്യയായമായിരുന്നു. പ്രതിസന്ധികളുടെ പരിണിത ഫലത്തേക്കുറിച്ചൊന്നും ചിന്തിക്കാതെ ചങ്കൂറ്റത്തോടെ എല്ലാം ഏറ്റെടുത്തു. ശിശുവിനെ രക്ഷിക്കുവാനുള്ള പാലായനം, അവസാനം വരെ അരുമസുതനും അമ്മയ്ക്കും സ്നേഹവും സന്തോഷവും വാത്സല്യവുമെല്ലാം വാരിക്കോരികൊടുത്തു. പരാതി



കളോ പരിഭവങ്ങളോ ആ പുണ്യദേഹത്തിന് ഇല്ലായിരുന്നു. പ്രാർത്ഥിക്കുവാനും ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെ പ്രീതിയിൽ വളർന്നുവരുവാനും പുത്രനെ പഠിപ്പിച്ചു. ഒഴിവുവേളകളിൽ മറിയത്തെ വീട്ടുകാര്യങ്ങളിൽ സഹായിച്ചു. കുടുംബത്തിനു വേണ്ടി കഠിനവേലകൾ ചെയ്തു. ദൈവസുതന്റെ ദിവ്യദേഹത്തെ പാലിച്ച പ്രഥമസക്രാരിയായ കന്യകാമറിയത്തിന്റെ അരികിൽ കത്തിനിന്ന കെടാവിളക്കായിരുന്നു ആ 'കളങ്കരഹിതൻ'! അനുഭവജ്ഞാനം ആവശ്യത്തിലേറെ ഉണ്ടായിരുന്ന വ്യക്തിത്വം. കഷ്ടപാടുകളുടെ കല്ലുകളും മനോവേദനകളുടെ മുള്ളുകളും നിറഞ്ഞ നിരത്തുകളിലൂടെ നീങ്ങുവാനായിരുന്നു ആ ദാസന് ഇഷ്ടം. ചെയ്യാൻ കഴിയുന്ന നന്മകൾ അതിനർഹരായവർക്ക് നിർല്ലോഭം ദാനം ചെയ്തു. "നീതിമാന്മാരെ സ്മരിക്കുന്നത് അനുഗ്രഹമാണ്"(സുഭാ 10:7) ചെറിയ കാര്യങ്ങൾപ്പോലും വലിയ ആകുലതയും അസ്വസ്ഥതയും അനുഭവിക്കുന്ന ആധുനികലോകത്തിൽ കാത്തിരിക്കുക എന്നത് വളരെ ദുസ്സഹമായി തോന്നിട്ടുണ്ട്. ആത്മീയപക്വതയുടെ അടയാളങ്ങളിൽ ഒന്നാണ് ശാന്തതയോടുകൂടിട്ടുള്ള കാത്തിരിപ്പ്. ദൈവഭയമുള്ള ആത്മീയവ്യക്തികളിൽ വിളങ്ങിനിന്ന സദ്ഗുണമാണിത്. വി. ഔസേപ്പിന് ദൈവം നൽകിയ ഉന്നത വ്യക്തിത്വത്തിന് നിദാനമായി നിലകൊള്ളുന്നത് വിനായവും കഠിനപ്രശ്നങ്ങളിൽ ശാന്തതയോടുള്ള കാത്തിരുപ്പുമാണ്. ദൈവഹിതം നടപ്പാക്കുന്നതിന് അല്പം പോലും കാലതാമസം വരുത്താതെ എല്ലാ പ്രതിബന്ധങ്ങളേയും അവഗണിച്ചുകൊണ്ട് വേഗത്തിൽ പുറപ്പെടുന്ന വി. യൗസേഫിന്റെ മാതൃക ഓരോ കുടുംബനാഥനും ഹൃദയത്തിൽ ഏറ്റുവാങ്ങേണ്ട ഒന്നാണ്. നീതിയെ നിധിപോലെ കാത്തു. കള്ളത്തോതുകളോ കപടകണക്കുകളോ കൈവശമില്ലായിരുന്നു. തെറ്റുകളുടെ തെന്നലുള്ള വഴികൾ അവന് അന്യമായിരുന്നു. 'നിറകുടം തുളുമ്പാറില്ല' എന്ന ചൊല്ല് ആ ജീവിതത്തിൽ ഏറെ ശക്തമായിരുന്നു. സത്യവാനായിരുന്നതിനാൽ സർവ്വശക്തന്റെ സൗഹൃദവലയത്തിലായിരുന്നു. മാത്രമല്ല ആ കുടുംബത്തിൽ ഐശ്വര്യത്തിന്റെ ഭദ്രദീപം എപ്പോഴും ജ്വലിച്ചുനിന്നു. ആ തച്ചനെ തിന്മ തീണ്ടിയതേയില്ല.

തിരുസഭയുടെ സംരക്ഷകനായ പുണ്യപിതാവ് നിരവധി അപകടങ്ങളിൽ നിന്ന് ഉണ്ണിയേശുവിനേയും മറിയത്തേയും സംരക്ഷിച്ചതുപോലെ നമ്മേയും വിവിധ തരത്തിലുള്ള അപകടങ്ങളിൽ നിന്നും ഈ വി. മദ്ധ്യസ്ഥതയാൽ രക്ഷപ്രാപിക്കും എന്നതിൽ സംശയമില്ല. തിരുകുടുംബത്തെ പുലർത്തുന്നതിന് കഠിനാദ്ധ്വാനം ചെയ്ത് വി. യൗസേഫിനെ സഭ തൊഴിലാളികളുടെ മദ്ധ്യസ്ഥനായി അവരോധിക്കുന്നു. പ്രവാചകരിലൂടെ വാഗ്ദാനം ചെയ്തും കാലത്തിന്റെ തികവിൽ സ്വപുത്രനിലൂടെ വെളിപ്പടുത്തിയതുമായ ദൈവീകപദ്ധതി പൂർത്തിയാക്കുവാൻ പരിശുദ്ധ മറിയത്തെപ്പോലെ തന്നെ തിരഞ്ഞെടുക്കപ്പെട്ട ദൈവകരങ്ങളിലെ ശക്തിയേറിയ ഉപകരണമാണ് യൗസേഫ് പിതാവും. തന്റെ മരണത്തിരുനാളിന്റെ ഈ നാളുകളിൽ കുടുംബങ്ങളുടെ നാഥയായ യൗസേഫ് പിതാവ് നമുക്ക് വഴികാട്ടിയാവട്ടെ.

നസ്രത്തിലെ നീതിയുടെ നിറകുടമെ, നിന്നെപ്പോലെ നീതിഷ്ഠരാക്കുവാനുള്ള നൽവരം ഞങ്ങൾക്കും നേടിത്തരണമേ എന്ന് നമുക്കും പ്രാർത്ഥിക്കാം. ●

കുടുംബവേദി

**വർഗ്ഗീസ് വെള്ളാപ്പള്ളിൽ**
ഫാമിലി അപ്പസ്തോലേറ്റ്
തിരുവല്ല അതിരൂപത

# നിങ്ങൾ മറ്റുള്ളവർക്കു പാദസേവ ചെയ്യുന്നവരാകുവിൻ

യേശുവിന്റെ ഈ ലോകജീവിതം മുഴുവനും ഒരർത്ഥത്തിൽ സഹോദരങ്ങളുടെ പാദം കഴുകൽ ശുശ്രുഷയായിരുന്നു. പിതാവായ ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച് മനുഷ്യാവതാരം സ്വീകരിച്ച്, നമ്മിലൊരുവനായി ജീവിച്ച യേശുതമ്പുരാൻ സ്വന്തം സഹോദരങ്ങളായ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി അനുനിമിഷം പ്രയത്നിക്കുകയും മനുഷ്യസമൂഹത്തിന്റെ പാപവിമുക്തിക്കായി തന്റെ ജീവിതം മുഴുവൻ ഒരു ബലിയായി സമർപ്പിക്കുകയുമാണ് ചെയ്തത്. ഈ സമർപ്പണത്തിന്റെ അന്ത്യമാണ് അവിടുത്തെ പീഡാനുഭവവും കുരിശുമരണവും. സ്വസഹോദരങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള ഈ സമർപ്പണം പിതാവായ ദൈവം സ്വീകരിക്കുകയും യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച് സ്വർഗ്ഗത്തിലേക്ക് കരേറ്റുകയും ചെയ്തു. ഈ സ്വയംദാനത്തിന്റെ അനുസ്മരണ പുതുക്കലാണ് ഓരോ ദിവ്യബലിയും.



വീണ്ടുമൊരു വലിയ നോമ്പുകാലഘട്ടത്തിലൂടെ നാം കടന്നുപോവുകയാണ്. ആചാരങ്ങളും അനുഷ്ഠാനങ്ങളും മുറതെറ്റാതെന്നും പാലിക്കുന്ന വിശുദ്ധ ബലിയിലും മറ്റു തിരുകർമ്മങ്ങളിലും തികഞ്ഞ ഭക്തിയോടും ആത്മാർത്ഥതയോടുംകൂടി പങ്കെടുക്കുന്നു. എന്നാൽ ഇത് യഥാർത്ഥ ബലിയർപ്പണമായി തീരുന്നുണ്ടോ എന്നു നാം ചിന്തിക്കണം.

വിശുദ്ധ യോഹന്നാന്റെ സുവിശേഷങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു. "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നൽകിയിരിക്കുന്നു" (യോഹ. 13:14-15). വിശുദ്ധ ബലിയിൽ പങ്കെടുക്കുന്നവരുടെ മനോഭാവവും എങ്ങനെയായിരിക്കണ മെന്നു ബോദ്ധ്യപ്പെടുത്തുന്നതിനാണ് ഇത് എഴുതപ്പെട്ടിരിക്കുന്നത്. വിശുദ്ധ കുർബാന വെറുമൊരു ആചരണമാകാതെ അത് അർത്ഥവത്തും ദൈവത്തിനു പ്രീതകരമായതുമായി മാറണം. അതുൾക്കൊള്ളുന്ന പരസ്പര സമാധാനവും സേവനവും നമ്മുടെ ജീവിതത്തിലേക്കും പകർ ത്തിയെങ്കിൽ മാത്രമെ നമ്മുടെ ബലികൾ അർത്ഥവത്തായി തീരുകയുള്ളൂ.

വിശുദ്ധ കുർബാനയുടെ സ്ഥാപനത്തോടുചേർന്ന് ശിഷ്യന്മാരുടെ കാലുകൾ കഴുകി ചുംബിച്ചുകൊണ്ട് യേശു നൽകിയ പ്രബോധനത്തിലൂടെ ഏതുവിധമാണ് നാം ജീവിക്കേണ്ടതെന്നും എങ്ങനെയാണ് നമ്മുടെ ബലികൾ ദൈവത്തിനു സ്വീകാര്യമായിത്തീരുക എന്നും അവിടുന്നു കാട്ടിത്തന്നു. മനുഷ്യ സമൂ

ഹത്തിന്റെ സമ്പൂർണ്ണമായ രക്ഷയ്ക്കും നന്മയ്ക്കും വിടുതലിനുംവേണ്ടി, യേശു കാട്ടിത്തന്നതുപോലെ, ഒരു വ്യക്തിയും തങ്ങളുടെ ജീവിതം സ്വയം ദാനമായി സമർപ്പിക്കുമ്പോൾ മാത്രമെ നമ്മുടെ ബലികൾ അർത്ഥ സമ്പുഷ്ടമാകുകയുള്ളൂ. അത് ദൈവത്തിന് സ്വീകാര്യമാവുകയുള്ളൂ.

വലിയ നോമ്പുകാലം യേശുവിന്റെ രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിന്റെ അനുസ്മരണ പുതുക്കുന്ന കാലഘട്ടമാണല്ലോ. യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുകയും അവർക്കായി ലോകത്തിനു മുഴുവനുമായി തന്റെ ശരീരം മുറിക്കുകയും ചെയ്തതുപോലെ നാമും മറ്റുള്ളവരുടെ പാദസേവകരായി മാറുകയും അവർക്കായി സ്വയം മുറിക്കപ്പെടുകയും വേണം. സ്വസഹോദരങ്ങൾക്കുവേണ്ടി ചെയ്യുന്ന ചെറുതും വലുതുമായ സേവനങ്ങളിലൂടെയാണ് ഈ ബലി തുടർന്നുപോകേണ്ടത്. എന്റെ നന്മ മാത്രമല്ല മറ്റുള്ളവരുടെയും നന്മ എന്റെ ലക്ഷ്യമാകണം. കാൽവരി കുരിശിലെ പീഡകളെ മനസ്സിലേറ്റി ദുഃഖിക്കുമ്പോൾ സമൂഹത്തിൽ മുറിവേറ്റു കിടക്കുന്നവരും നിരാലംബരുമായ മനുഷ്യസമൂഹത്തിന്റെ വേദനകൂടി പങ്കിടാൻ എനിക്കു കഴിയണം. പട്ടിണി-രോഗനിവാരണ ഫണ്ടിലേക്ക് സംഭാവന നൽകുന്നതുകൊണ്ടോ വലിയ നോമ്പിലെ ഉപവാസത്തിൽനിന്ന് ലഭിക്കുന്ന തുകയുടെ വിഹിതം നേർച്ചപ്പെട്ടിയിൽ ഇടുന്നതുകൊണ്ടോ അവസാനിക്കുന്നതാവരുത് എന്റെ സമർപ്പണം.

പാദം കഴുകൽ ശുശ്രൂഷയുടെയും അപ്പംമുറിക്കൽ ശുശ്രൂഷയുടെയും യഥാർത്ഥ അർത്ഥം മനസ്സിലാക്കുകയും അതിനെ സ്വന്തം ജീവിതത്തിലേക്കു പകർത്തുകയും ചെയ്യുമ്പോൾ മാത്രമെ നമുക്ക് മറ്റുള്ളവരെ സ്നേഹിക്കാനും അവർക്ക് നന്മ ചെയ്യാനും കഴിയുകയുള്ളൂ. അങ്ങനെയുള്ളവർക്കു മാത്രമെ സ്വന്തം സഹോദരങ്ങളിൽ യേശുവിനെ ദർശിക്കാൻ കഴിയുകയുള്ളൂ. ഇത് സംഭവിക്കുന്നില്ലെങ്കിൽ നമ്മുടെ ഓരോ ബലിയർപ്പണവും കൂദാശ സ്വീകരണവും അർത്ഥശൂന്യമായി മാറും.

മനുഷ്യനിലെ സ്വാർത്ഥതയെ ബലിചെയ്തുകൊണ്ടുള്ള സ്നേഹമാണ് ക്രിസ്തുവിന്റെ സ്നേഹം. കാൽവരിയിൽ നാം കാണുന്നത് ഈ സ്നേഹമാണ്. ഈ സ്നേഹമാണ് ബലിയായി സമർപ്പിക്കപ്പെടുന്നത്. ഈ ബലിയുടെ പുനരാവർത്തനമാണ് വിശുദ്ധ കുർബാന. അതിനാൽ ഇത് സ്നേഹത്തിന്റെ കൂദാശയാണ്. ഈ സത്യം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ ഓരോ ബലിയർപ്പണങ്ങളും അർത്ഥവത്താകാനും ദൈവത്തിന് പ്രീതികരമാക്കാനും നമുക്ക് ശ്രമിക്കാം.

"ഇതിനായിട്ടാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ ക്രിസ്തു നിങ്ങൾക്കുവേണ്ടി സഹിക്കുകയും നിങ്ങൾ അനുകരിക്കുന്നതിനുവേണ്ടി നിങ്ങൾക്കു മാതൃക നൽകുകയും ചെയ്തിരിക്കുന്നു" (1പത്രോ. 2:21). ഈ വലിയ നോമ്പ് ഇത്തരമൊരു ചിന്തയ്ക്ക് കാരണമായിത്തീരട്ടെയെന്നും നമ്മുടെ ബലികൾ ദൈവത്തിനു പ്രീതികരമായ സജീവബലികളായി തീരട്ടെയെന്നും നമുക്ക് പ്രാർത്ഥിക്കാം. ●


## ഇടയശബ്ദം

5-ാം പേജ്

മുൾമുനയിൽ നിർത്തിയ വേളയിലും അഭി. പിതാവിന്റെ നേതൃത്വവും ക്രിയാത്മകമായ ഇടപെടലും ഏവർക്കും സ്വീകാര്യമായ രീതിയിൽ ആ വിഷയങ്ങൾ പരിഹരിക്കുവാൻ സഹായകമായി. അയോദ്ധ്യാപ്രശ്നം ഉരുണ്ടുകൂടിയ വേളയിൽ, ഒരു രാഷ്ട്രം മുഴുവൻ ഭയത്തിലും ആശങ്കയിലുമായിരുന്ന വേളയിൽ പ്രധാനമന്ത്രി വിളിച്ചുചേർത്ത സർവ്വമത നേതാക്കന്മാരുടെ സമ്മേളനത്തിൽ ക്രൈസ്തവ സഭയെ പ്രതിനിധീകരിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടത് മാർ ഗ്രിഗോറിയോസ് തിരുമേനിയായിരുന്നു എന്നത് പിതാവിന്റെ രാജ്യസ്നേഹത്തെയും പിതാവിന്റെ സംഭാവനകളെ രാജ്യം എങ്ങനെ വിലയിരുത്തുന്നു എന്നതിന്റെയും വലിയ സൂചകങ്ങൾ ആയിരുന്നു.

പാവപ്പെട്ടവരോടും അശരണരോടും രോഗികളോടും കർഷകരോടുമൊക്കെ പിതാവ് കാണിച്ച സ്നേഹവും കരുതലും വർണ്ണനാതീതം തന്നെ. ചെഷയർ ഹോമുകളും ലക്ഷംവീടുകളും മലയോരചീനിയും കടലോര മത്സ്യപദ്ധതിയും സൂബബൂളും മാഞ്ചിയവും കാടയും പ്രത്യേകയിനം ആടുകളും എന്ന പദ്ധതികൾ ഒക്കെ സ്വന്തമായി തന്നെ പ്രവർത്തിപഥത്തിൽ കൊണ്ടുവന്ന് സാമാന്യജീവിതത്തെ ഇത്രമേൽ സ്വാധീനിക്കുവാൻ കഴിഞ്ഞ വലിയ ഹൃദയത്തിന്റെ ഉടമയായിരുന്നു പിതാവ്. സാധുപെൺകുട്ടികളുടെ വിവാഹം , ഭവനസഹായപദ്ധതി തുടങ്ങിയവയിലൂടെ സാധാരണക്കാരുടെ പിതാവായും കരുണയുടെ ആചാര്യനായും പിതാവ് അറിയപ്പെട്ടു.

പിതാവിന്റെ ജന്മശതാബ്ദി ഏറെ ശ്രദ്ധേയമായി ആഘോഷിക്കുന്നത് നമ്മുടെ നാടിന്റെ സംസ്കാരത്തെ സൂചിപ്പിക്കുന്നു. സത്യസന്ധരായ നേതാക്കളും വിശ്വചിന്തയുള്ള ആചാര്യന്മാരും കർമ്മകുശലരായ സമർപ്പിതരും നീതിബോധവും ദീർഘവീക്ഷണവുമുള്ള സാത്വികരും ഏറെ വിരളമായി വരുന്ന ഒരു കാലഘട്ടത്തിൽ അഭി. പിതാവ് ഒരു പ്രചോദനമായി നിലകൊള്ളുന്നു. ആ കാല്പാടുകളിൽ തിളങ്ങുന്ന ചൈതന്യം ഒരു ജനതയുടെ പ്രതീക്ഷയുടെ കിരണങ്ങളാണ്. പിതാവിന്റെ ചൈതന്യം നമുക്ക് ഏറ്റെടുക്കാം. വശ്യമായ ആ പുഞ്ചിരിയും ആകർഷകമായ ആ മുഖകാന്തിയും തിളങ്ങുന്ന ആ കണ്ണുകളും സൂര്യകിരണങ്ങൾപോലെ ഒഴുകി എത്തുന്ന ആ താടിയും ഝടുതിയിലുള്ള ആ നടപ്പും കർണ്ണപുടങ്ങൾക്ക് ആസ്വാദ്യമായ ആ സ്വരവും ആർക്കാണ് മറക്കാൻ കഴിയുക? ദൈവം സൃഷ്ടിച്ച മനുഷ്യന് ഇത്രയും കാന്തിയോ, ഇത്രയും വശ്യതയോ? ഇത് തികച്ചും സ്വർഗ്ഗജന്മം തന്നെ. ഇതു ദൈവത്തിന്റെ അത്ഭുതകരസൃഷ്ടി തന്നെ. അവിടുത്തെ നാമം വാഴ്ത്തപ്പെടട്ടെ. ●





# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

## 2015 മാർച്ച് 1
## മ്ശറിയോ ഞായർ
## (തളർവാദരോഗിക്ക് സൗഖ്യം)
## മത്തായി 9:1 – 8

“തളന്നോൻ കട്ടിലെടുത്തു നടപ്പാനരുൾ ചെയ്തവനേ

പെരുകിയ പിഴയാൽ തളരുമെനിക്കും ബലമേകണമേ”

(ഈശോ നുഹറോ പ്രാർത്ഥന)

വലിയനോമ്പുകാല ഞായറാഴ്ച സുവിശേഷവായനകളിൽ യേശുവിന്റെ പരസ്യജീവിതത്തിലെ സൗഖ്യദാന ശുശ്രൂഷകളാണ് അനുസ്മരിക്കുന്നത്. യോഹന്നാന്റെ സുവിശേഷം ദൈവരാജ്യം സമാഗതമായതിന്റെ അടയാളമായി ഇവയെ കാണുന്നു. മറ്റു സുവിശേഷങ്ങളിൽ രക്ഷയുടെ അടയാളങ്ങളാണവ.

പഴയനിയമകാലത്ത് ഏലിയായെയും ഏലീശായെയും പോലുള്ള പ്രവാചകന്മാർ അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. പ്രവാചകനാണെന്ന സ്ഥിരീകരണമല്ല, രക്ഷസമീപസ്ഥമായിരിക്കുന്നു എന്നതിന്റെ പ്രഖ്യാപനമാണ് യേശുവിന്റെ സൗഖ്യദാനങ്ങൾ. തന്നെ സമീപിക്കുന്നവരോട് ദൈവം എങ്ങനെയാണ് ഇടപെടുന്നതെന്ന് വ്യക്തമാക്കുന്നതാണ് യേശുവിന്റെ പ്രവർത്തനങ്ങൾ.

തളർവാതരോഗിക്ക് ശാരീരിക സൗഖ്യം നൽകുന്നതിന് മുമ്പ് ആത്മികസൗഖ്യം അഥവാ ആന്തരിക സൗഖ്യം നൽകുന്നതായി നമുക്ക് കാണാം. അവന്റെ പാപഭാരമാണ് അവനെ തളർത്തിയത്. പാപബന്ധന വിമുക്തി പ്രാപിച്ചപ്പോൾ അവന് രോഗസൗഖ്യം ലഭിച്ചു. പാപബന്ധനമാണ് മനുഷ്യനെ തളർത്തുന്നതും തകർക്കുന്നതും. ഈ ആത്മീയരഹസ്യം തിരിച്ചറിയാൻ ദൈവമക്കൾക്ക് കഴിയണം. ആത്മാവിനെ നശിപ്പിക്കുന്ന തിന്മകളെപ്പറ്റി യേശുവ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

യേശു പാപമോചനം നൽകുന്നത് കണ്ട വിമർശകർ അവനിൽ ദൈവദൂഷണം ആരോപിക്കുന്നു. തന്റെ ദൗത്യത്തെപ്പറ്റിയും താനാരാണെന്നതിനെപ്പറ്റിയും വ്യക്തമാക്കുവാൻ ഇതുപകരിച്ചു. താൻ രക്ഷകനാണെന്നും മനുഷ്യനെ അവന്റെ പാപങ്ങളിൽ നിന്നു രക്ഷിക്കുകയാണ് തന്റെ ദൗത്യമെന്നും യേശുവ്യക്തമാക്കുന്നു (മത്താ 1:21; യോഹ 1:29).

ദൈവത്തിനു മാത്രം കഴിയുന്നത് എന്ന് അവർ കരുതിയ പാപമോചനാധികാരം മനുഷ്യപുത്രന് ഉണ്ടെന്ന് യേശു അസന്നിഗ്ധമായി വ്യക്തമാക്കി. പോരാ, പാപങ്ങൾ ക്ഷമിക്കുവാൻ മനുഷ്യപുത്രർക്ക് അവൻ അധികാരം നൽകുകയും ചെയ്തു (മത്താ 16/19). രോഗികളായ മനുഷ്യർ രോഗസൗഖ്യത്തിന് തീവ്രമായി ആഗ്രഹിക്കും. അത് സ്വാഭാവികമത്രേ. ആത്മീകരായ മനുഷ്യർ പാപമോചനത്തിനായി ആഗ്രഹിക്കുന്നതും ദൈവത്തെ സമീപിക്കുന്നതും സ്വാഭാവികമത്രേ. ക്രൈസ്തവധർമ്മശാസ്ത്രം യേശുവിനെ നല്ല വൈദ്യനായി കാണുന്നു. ആത്മശരീരങ്ങളുടെ വൈദ്യനാണവൻ. തന്റെ പൗരോഹിത്യത്തിൽ പങ്കുകാരായ വൈദികരേയും ആത്മാക്കളുടെ ഭിഷഗ്വരന്മാരായി യേശു നിയമിച്ചതായി കൗദാശികശാസ്ത്രം കാണുന്നു; സഭ അങ്ങനെ വിശ്വസിക്കുകയും ചെയ്യുന്നു. “ആത്മാക്കളുടെ ഉത്തമ വൈദ്യൻ” എന്നത് യേശുവിന്റെ സംബോധനകളിലൊന്നാണ്.

വലിയ നോമ്പുകാലം വിശ്വാസികൾക്ക് സൗഖ്യലബ്ധിയുടെ കാലമായി സഭ കാണുന്നു. ജീവിത ശൈലിജന്യവും, മാനസ്സീക പ്രശ്നങ്ങൾ മൂലവും, ധാർമ്മികാധഃപ്പതനം വഴിയും ഉണ്ടാകുന്ന രോഗങ്ങൾക്ക് പരിഹാരമായി നോമ്പിന്റെ തപശ്ചര്യകളെ സഭ പ്രോത്സാഹിപ്പിക്കുന്നു. ദൈവബന്ധം നഷ്ടപ്പെടുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നവും കൊടിയ ദുരന്തവും. ദൈവാശ്രയത്തിൽ ദൈവമക്കളെ സ്ഥിരീകരിക്കുന്ന പ്രാർത്ഥനകൾക്കും തപശ്ചര്യകൾക്കും നോമ്പുകാലത്ത് സഭ ഏറെ പ്രാധാന്യം നൽകുന്നു. കുമ്പസാരം, രോഗിലേപനം തുടങ്ങിയ കൂദാശകളും ഒരുക്കത്തോടെ വി. കുർബാനയിലുള്ള പങ്കാളിത്തവും വി. കുർബാന സ്വീകരണവും ആത്മരോഗങ്ങൾക്കുള്ള ഏറ്റവും നല്ല പ്രതിവിധിയാണ്. ഈസ്റ്റർ വരെ നീട്ടിവയ്ക്കാതെ പാതിനോമ്പിനു മുമ്പായി “നല്ല കുമ്പസാരം” നടത്തുന്നത് ഉത്തമമായ ഒരു രോഗചികിത്സയായി കാണണം. എത്രയും നല്ല ഒരുക്കത്തോടും വിശ്വാസത്തോടും താല്പര്യത്തോടും കൂടി നടത്തേണ്ട ഒരു അനുഷ്ഠാനമാണത്. വെറും ഒരു ചടങ്ങായി കുമ്പസാരത്തെ കാണുന്നത് ശരിയല്ല. അതിന്റെ ഫലസിദ്ധിയിൽ ഉത്തമവിശ്വാസം ഉണ്ടായിരിക്കണം. മനോഭാവങ്ങളെയും ജീവിതാഭിമുഖ്യങ്ങളെയും ജീവിതാസക്തികളെയും പ്രവർത്തന വീഴ്ചകളെയും നന്നായി വിലയിരുത്തുകയും പരിശോധിക്കുകയും ചെയ്തശേഷം, സ്വയമേറ്റെടുക്കുന്ന ചില പ്രായശ്ചിത്തങ്ങൾക്ക് ശേഷം, ജീവിത നവീകരണത്തിനുള്ള ഉറച്ച തീരുമാനങ്ങളോടുകൂടി കുമ്പസാരവേദിയിലേക്ക് കടന്നുവരുവാൻ ശ്രമിച്ചിരുന്നെങ്കിൽ എത്ര ഉചിതമായിരുന്നു.

തളർവാദരോഗിയെ നല്ല വൈദ്യനായ യേശുവിങ്കലേക്ക് എത്തിക്കാൻ സഹായിച്ചവരും ദൈവരാജ്യത്തിന്റെ നല്ല ശുശ്രൂഷകർ തന്നെയാണ്. വിശ്വാസി സമൂഹത്തിൽ ഇങ്ങനെയുള്ള പ്രേഷിതർ ഉണ്ടാവണം. സഭാജീവിതത്തിൽ നിന്നും കൗദാശിക ജീവിതത്തിൽ നിന്നും അകന്ന് നിൽക്കുന്നവരെ സൗഖ്യദായകനായ ക്രിസ്തുവിങ്കലേക്ക് ആനയിക്കുവാൻ സഭാസമൂഹത്തിൽ ആളുണ്ടാവണം.

"പെരുകിയ പിഴയാൽ തളരുമെനിക്കും ബലമേകണമേ" എന്ന പ്രാർത്ഥനയോടുകൂടി നോമ്പിന്റെ മദ്ധ്യേക്ക് നമുക്ക് പ്രവേശിക്കാം. നമ്മിലേ തളർവാതം നീങ്ങി ശയ്യയെടുത്ത് വീട്ടിലേക്ക് പോകുവാനുള്ള ബലം ആർജിക്കുവാൻ നമുക്ക് കഴിയട്ടെ. അതിന് രോഗികളുടെ നല്ലവൈദ്യൻ നമ്മെ സഹായിക്കട്ടെ.

*ഫാ. ഏബ്രഹാം നടുവിലേടം.*

## 2015 മാർച്ച് 8
## വലിയ നോമ്പിലെ 4–ാം ഞായർ
## (വി. മത്തായി 15:21–28)

കഠിനമായ നോമ്പിന്റെയും തപശ്ചര്യയുടെയും പ്രാർത്ഥനാക്രമങ്ങളുടെയും മദ്ധ്യേ നാം കടന്നുപോവുമ്പോൾ തീവ്രതയേറിയ വിശ്വാസത്തിന് നമുക്ക് മാതൃകയായി നിലകൊള്ളുന്ന കാനാൻകാരി സ്ത്രീയുടെ വിശ്വാസത്തെ വിശദീകരിക്കുന്ന വി. മത്തായി എഴുതിയ സുവിശേഷം 15–ാം അദ്ധ്യായം മുതൽ 28 വരെയുള്ള വചനങ്ങളിലൂടെ വലിയ നോമ്പിന്റെ 4–ാം ആഴ്ച നാം യാത്ര ചെയ്യുകയാണ്.

വിജാതീയരെ സഭയിൽ സ്വീകരിക്കണമോ വേണ്ടയോ എന്നു തർക്കം നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ, യേശുവിന്റെ തീരുമാനമെന്താണെന്ന് ബോദ്ധ്യപ്പെടുത്തുവാൻ ആണ് സുവിശേഷകൻ ഈ സംഭവം വിശദീകരിക്കുന്നത്. നിയമപരമായ ചട്ടക്കൂടിനപ്പുറം യേശു പ്രഥമസ്ഥാനം നൽകുന്നത് നീതിയും സ്നേഹവും കരുണയും ആണ്. പരീക്ഷണങ്ങളും പ്രലോഭനങ്ങളും ജീവിതത്തിൽ ഉണ്ടായാലും വിശ്വാസത്തിന് സാക്ഷ്യം വഹിക്കണമെന്ന് കരുതാൻ കാനാൻകാരി സ്ത്രീയുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. അഗ്നിയിലാണ് സ്വർണ ത്തിന്റെ മാറ്റ് ഉരച്ചുനോക്കുന്നത്. പ്രതിസന്ധികളാകുന്ന അഗ്നിയിൽ ഉരച്ചുനോക്കി മാറ്റു പരിശോധിക്കപ്പെട്ട വിശ്വാസമാണ് സ്വർണം പോലെ പ്രകാശിക്കുന്നത്. പ്രഭാഷകൻ 2:4–ൽ പറയുന്നു, "വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക. ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്. എന്തെന്നാൽ സ്വർണം അഗ്നിയിൽ ശുദ്ധിചെയ്യപ്പെടുന്നു. സഹനത്തിന്റെ ചൂളയിൽ സ്വീകാര്യതയെ മനുഷ്യനും.

യേശു ദൈവരാജ്യം പ്രഘോഷിപ്പിക്കുവാനായി ടയർ, സീദോൻ എന്നീ വിജാതീയ പ്രദേശത്ത് എത്തുന്നു. കാനാൻകാരിയായ വിജാതീയ സ്ത്രീ ഇവിടെവച്ചാണ് യേശുവിനെ സമീപിക്കുന്നത്. പിശാചുബാധിതയായ തന്റെ മകളെ സുഖപ്പെടുത്തണം എന്നതാണ് അവളുടെ ആവശ്യം. കാലാകാലങ്ങളായി യഹൂദർ പ്രതീക്ഷിച്ചിരുന്ന രക്ഷകനായ മിശിഹായെ യേശുവിൽ ദർശിക്കുവാൻ അവൾക്ക് കഴിഞ്ഞു എന്നതാണ് അവളെ വ്യത്യസ്തയാക്കുന്നത്. അവളുടെ ദൃഢവിശ്വാസം യേശുവിന്റെ ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുകയാണ്.

യേശുവിൽ നിറഞ്ഞു നിൽക്കുന്ന കാരുണ്യത്തിലേക്കാണ് അവൾ തന്നെത്തന്നെ സമർപ്പിക്കുന്നത്. ഹൃദയം നൊന്തു നിലവിളിക്കുന്നവരെ കാണാതിരിക്കുവാൻ അവിടുത്തേക്ക് സാദ്ധ്യമല്ല.


അവളുടെ വിശ്വാസം യേശു മനസ്സിലാക്കിയെങ്കിലും അവിടുന്ന് അവളെ ശോധന ചെയ്യുന്നുണ്ട്. ആദ്യ അർത്ഥനയിൽ യേശു യാതൊന്നും പ്രതികരിക്കാതെ മൗനം പാലിക്കുകയാണ്. ഇതുകണ്ട ശിഷ്യന്മാർ അവളെ പറഞ്ഞുവിടാൻ യേശുവിനോട് അഭ്യർത്ഥിക്കുന്നുണ്ട്. ശിഷ്യന്മാരുടെ വാക്കുകൾ കേട്ടയുടൻ യേശു പറയുന്നതിപ്രകാരമാണ്. "ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്."ഏതൊരു വ്യക്തിയിലും വേദനയുളവാക്കുന്ന പ്രതികരണമാണിത്. യഥാർത്ഥ വിശ്വാസമില്ലാത്ത ഒരു വ്യക്തിക്ക് ഈ വാക്കുകൾ അവഗണനയുടെ വാക്കുകളായി അനുഭവപ്പെടും. എന്നാൽ ഈ സ്ത്രീ അല്പംപോലും പുറകോട്ടു പോകാൻ കൂട്ടാക്കുന്നില്ല. വിശ്വാസത്തിൽ അല്പംകൂടി ആഴപ്പെട്ടു സംസാരിക്കുന്നതായി മനസിലാക്കാനും സാധിക്കുന്നുണ്ട്.

യേശുവീണ്ടും പറയുന്നു, "മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കു കൊടുക്കുന്നത് ഉചിതമല്ല." ഇവിടെ താനുൾപ്പെടുന്ന വിജാതീയ സമൂഹത്തെ നായ്ക്കളോടാണ് യേശു ഉപമിക്കുന്നത്. അവിടെയും ആ സ്ത്രീ പതറുന്നില്ല. ഒരു വ്യക്തിക്കുണ്ടാകാവുന്ന ഏറ്റവും വലിയ അവഹേളനയാണ് ഇവിടെ യേശു നടത്തുന്നത്. എങ്കിലും അവൾ ക്ഷമയോടെ അത് സഹിക്കാൻ തയ്യാറാവുകയാണ്. അവളുടെ വിശ്വാസത്തെ ഇല്ലാതാ


**ഉപകാരസ്മരണ**



**തോപ്പിൽ കളത്തിൽ നെല്ലാട്**




**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി,**

**താമസിച്ചതിന് ക്ഷമാപണം**



**റെനീഷ്, അനീറ്റ, ആൽഫിയ, കണിയാംതറയിൽ, പഴയരികണ്ടം**

ക്കാൻ യാതൊരു പരീക്ഷണങ്ങൾക്കും സാധിക്കില്ല എന്ന് യേശുവിന് മനസ്സിലായി.

താൻ മരുഭൂമിയിൽവച്ച് പരീക്ഷകളെ അതിജീവിച്ചപ്പോൾ മാലാഖമാർ തന്നെ അടുത്തുവന്നു ശുശ്രൂഷിച്ചതുപോലെ പരീക്ഷകളെ അതിജീവിച്ച അവളുടെ വിശ്വാസത്തിനു മുമ്പിൽ യേശുവിന്റെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന കാരുണ്യം അവളിലേക്ക് പ്രവേശിക്കുകയാണ്. "സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ." വിജാതീയരോ സജാതീയരോ എന്ന വ്യത്യാസം കൂടാതെ തന്നിൽ വിശ്വസിക്കുന്നവർക്കെല്ലാം അനുഗ്രഹം ചൊരിയുവാൻ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ അവിടുന്ന് സന്നദ്ധനാണ് എന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ പരിശുദ്ധമായ നോമ്പിന്റെ വേളയിൽ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് കടന്നുചെന്ന് തിരസ്കാരങ്ങളെയും തിക്താനുഭവങ്ങളെയും ക്ഷമയോടെ അതിജീവിച്ച് കാനാൻകാരി സ്ത്രീയെപ്പോലെ വിശ്വാസത്തിൽ യേശുവിനോട് പറ്റിച്ചേർന്നു ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

*ഫാ. ജോസഫ് കരിപ്പായിൽ*

## 2015 മാർച്ച് 15
## വലിയ നോമ്പിലെ 5-ാം ഞായർ
## (വി. ലൂക്കോ 13:10-17)

വലിയ നോമ്പിന്റെ 5-ാം ആഴ്ചയിൽ വി. ലൂക്കോ 13:10-17 വാക്യങ്ങളാണ് വിചിന്തനത്തിനായി തിരുസഭാമാതാവ് നമുക്ക് നൽകിയിരിക്കുന്നത്. വി. ലൂക്കോസ് മാത്രമാണ് ഈ സുവിശേഷം വിവരിക്കുന്നത്. 18 വർഷമായി ഒരു ആത്മാവ് ബാധിച്ച് നിവർന്നു നിൽക്കുവാൻ സാധിക്കാത്തവിധം കൂനിപ്പോയ ഒരുവളെ സാബത്ത് ദിനത്തിൽ യേശു സുഖപ്പെടുത്തുന്നു. സാബത്ത് ദിനത്തിൽ കർത്താവ് നൽകിയ രോഗസൗഖ്യവും അതിനെ തുടർന്നുണ്ടായ സംഭാഷണങ്ങളും നമ്മുടെ ജീവിതത്തിലേക്ക് നൽകുന്ന സന്ദേശങ്ങൾ അനവധിയാണ്.

യഹൂദപാരമ്പര്യമനുസരിച്ച് സാബത്ത് ദൈവത്തോടും ഇസ്രായേലിനോടും ബന്ധപ്പെട്ട സൃഷ്ടിയെ വിശുദ്ധീകരിക്കാനും പൂർത്തീകരിക്കാനുമുള്ള ദിവസവും ഇസ്രായേലിന്റെ വിമോചനത്തിന്റെ അനുസ്മരണദിനവും ആണ്. യഹൂദ നിയമപ്രകാരം സാബത്തിൽ മൃഗങ്ങളെ സംരക്ഷിക്കുന്നത് അനുവദനീയമായിരുന്നു. മൃഗങ്ങളോടുപോലും ദയയോട് പെരുമാറാൻ സാധിക്കുമെങ്കിലും മനുഷ്യനോട് ദയ കാണിക്കുവാൻ നിയമം അനുവദിക്കുന്നില്ലായിരുന്നു. 18 വർഷമായി പൈശാചിക ബന്ധനത്തിൽ കഷ്ടപ്പെടുന്ന 'അബ്രഹാമിന്റെ മകളെ' സ്വതന്ത്രയാക്കുവാനുള്ള ശുശ്രൂഷയിൽ സഹകരിക്കുവാൻ സിനഗോഗധികാരിക്ക് നിയമപരമായ ചുമതലയുണ്ടെന്ന് ഈ സംഭവത്തിലൂടെ യേശു പഠിപ്പിക്കുന്നു.

സാബത്തിനുമേൽ അധികാരമുള്ള യേശു ഈ രോഗസൗഖ്യത്തിലൂടെ സാബത്തിനെ രക്ഷാകരമാക്കി മാറ്റുകയാണ്. നിയമപരമായ അനുഷ്ഠാനങ്ങൾക്കപ്പുറം മനുഷ്യത്വത്തിനു പ്രാധാന്യം നൽകുന്ന യേശു സാബത്തിനെ യഥാർത്ഥത്തിൽ വിശുദ്ധമാക്കി മാറ്റുകയാണ്.

വി. ലൂക്കോസിന്റെ സുവിശേഷം 4-ാം അദ്ധ്യായത്തിൽ യേശു തന്റെ ദൗത്യം വിശദീകരിക്കുന്നുണ്ട്. ഈ ദൗത്യമാണ് യേശു ഇവിടെ നിർവഹിക്കുന്നത്. ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമുള്ള മനുഷ്യനായിത്തീർന്ന (യോഹ. 10:10) യേശു ജീവന്റെ സമൃദ്ധിയിൽ പങ്കുചേരുവാൻ അവർ ഉള്ള തടസങ്ങളെല്ലാം നീക്കി ജീവന്റെ അനുഭവത്തിലേക്ക് എല്ലാവരെയും നയിക്കുകയാണ്.

കൂനിയായ സ്ത്രീക്ക് യേശു സൗഖ്യം നൽകുന്നത് സിനഗോഗിൽവച്ചാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. തന്റെ കുറവ് ദൈവത്തിൽനിന്ന് അവളെ അകറ്റുന്നില്ല. പകരം ദൈവത്തോട് അടുത്തുനിൽക്കുവാനാണ് അവൾ പരിശ്രമിക്കുന്നത്. നിസാരങ്ങളായ കാര്യങ്ങൾക്കു മുൻപിൽ വിശ്വാസജീവിതം ഉപേക്ഷിക്കുന്നവർക്ക് കൂനിയായ സ്ത്രീയുടെ ജീവിതം വലിയ മാതൃകയാണ്.

സിനഗോഗിൽ വലിയ ജനസമൂഹം ഉണ്ടായിരുന്നുവെങ്കിലും യേശു ആളുകൾക്കിടയിൽ അവളെ പ്രത്യേകം ശ്രദ്ധിക്കുന്നു. ആരും ആവശ്യപ്പെടാതെ തന്നെ അവൾക്ക് സൗഖ്യം നൽകുന്നു. ആരും കാണാത്തവരെയും ശ്രദ്ധിക്കപ്പെടാതെ പോകുന്നവരെയും അവഗണിക്കപ്പെടുന്നവരെയും ദൈവം കാണുന്നു. അവിടുന്ന് അവരെ കരുതുന്നു, സ്നേഹിക്കുന്നു. ഈ ഭൂമിയിൽ എത്ര കുറവുള്ളവരാണെങ്കിലും ദൈവതിരുസന്നിധിയിൽ നാം വിലയുള്ളവരാണ്.

സൗഖ്യം ലഭിച്ച സ്ത്രീയുടെ പ്രതികരണം ഏറെ ഏറെ ശ്രദ്ധേയമാണ്. അവൾ നിവർന്നു നിന്ന് ദൈവത്തെ സ്തുതിച്ചു. തല ഉയർത്തി ദൈവത്തെ നോക്കുവാൻ തടസമായി നിന്ന കൂനിൽനിന്ന് അവൾ സ്വതന്ത്രയാവുകയാണ്. കഠിന അസ്വസ്ഥതപ്പെടുത്തിയിരുന്ന സകല ബന്ധനങ്ങളിൽനിന്നും അവൾ വിമുക്തയാവുകയാണ്. ദൈവത്തെ നോക്കുവാൻ നമുക്കു തടസമായി നിൽക്കുന്നതെല്ലാം നമ്മിൽ ബാധിച്ചിരിക്കുന്ന ശാരീരികവും മാനസികവും ആത്മീയവുമായ കൂന് കാരണമാണ്.

ദൈവത്തിന്റെ ദൃഷ്ടിയിൽ എല്ലാവരും തുല്യരാണ്. ദൈവം കാണുന്നതുപോലെ മറ്റുള്ളവരെ കാണുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ നാമെല്ലാവരും ആത്മീയമായി കൂന് ബാധിച്ചവരാണ്. സർവ്വബന്ധനങ്ങളിൽനിന്നും വിമുക്തരാകുവാൻ ഒരു ദൈവിക ഇടപെടലിനായി നമുക്ക് കാത്തിരിക്കാം. പ്രാർത്ഥനക

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

താമസിച്ചതിന് ക്ഷമാപണം

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**വർഗ്ഗീസ് ഡാനിയേൽ**

ളിലൂടെ, നോമ്പനുഷ്ഠാനങ്ങളിലൂടെ, തപശ്ചര്യകളിലൂടെ ദൈവത്തെ കാണുവാനും അനുഭവിക്കുവാനും തടസ മായി നിൽക്കുന്ന സകലതിനെയും ഉപേക്ഷിക്കുവാനും ദൈവത്തിന്റെ രക്ഷാകരശക്തിയിൽ ആശ്രയിച്ചുകൊണ്ട് ദൈവമഹത്വം ദർശിക്കുവാനും നമുക്കിടയാകട്ടെ.

*ഫാ. ജോസഫ് കരിപ്പായിൽ*

## 2015 മാർച്ച് 22
## വലിയ നോമ്പിലെ 6–ാം ഞായർ
## മർക്കോസ് 10:46–52

അന്ധതയും അന്ധകാരവും അജ്ഞതയുമെല്ലാം തിന്മയുടെ മേഖലയായിട്ടാണ് കരുതപ്പെടുന്നത്. സൃഷ്ടിയുടെ വിവരണത്തിൽ പ്രഥമപരിഗണന നൽകപ്പെട്ടതു വെളിച്ചത്തിനായിരുന്നു. ദൈവം വെളിവും വെളിച്ചവുമാണ്. ഈശോ സ്വയം പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല" (യോഹ. 8:12). ഇക്കാര്യം വ്യക്തമാക്കാൻ വേണ്ടിയാണ് ഈശോ ചില കുരുടന്മാർക്ക് കാഴ്ചശക്തി നൽകിയത് (യോഹ. 9:5–8). മാത്രമല്ല തന്നെ അനുഗമിച്ച ശിഷ്യന്മാരെക്കുറിച്ചും ഈശോ പറഞ്ഞത് "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" എന്നാണ് (മത്തായി 5:14). അതായത് ക്രിസ്തു തന്റെ രക്ഷാകരമായ പ്രവർത്തനങ്ങളുടെ ഭാഗമായി ഏതാനും പേർക്ക് കാഴ്ചശക്തി നൽകിയത് സകലമനുഷ്യർക്കും ഉണ്ടായിരിക്കണമെന്ന് താൻ ആഗ്രഹിക്കുന്ന ദിവ്യമായ ജ്ഞാനവും ഉൾക്കാഴ്ചയും തിന്മയിൽനിന്ന് നന്മയെ വേർതിരിച്ചെടുക്കാനുള്ള കഴിവും ലഭിക്കുന്നതിനു വേണ്ടിയത്രേ.

കാഴ്ചശക്തി തീരെ ഇല്ലാത്തവരായി ജനിച്ചവരോ, വ്യത്യസ്തങ്ങളായ കാരണങ്ങളാൽ കാഴ്ചശക്തി നഷ്ടപ്പെട്ടവരോ ആയ ചില ആളുകൾ എല്ലാക്കാലത്തും സമൂഹത്തിൽ കാണാം. ദൈവരാജ്യത്തിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ, കാഴ്ചശക്തിയില്ലാത്തവർ പലപ്പോഴും മനോഹരമായ നയനങ്ങളുള്ളവരെ ലജ്ജിപ്പിക്കാൻ തക്ക മഹത്വം പ്രകടമാക്കാറുണ്ട്. കണ്ണുള്ളവർ കാണേണ്ടത് പലതും കാണാതെ പോകുന്നു. കാണരുതാത്തത് പലതും കാണാൻ ശ്രമിക്കുന്നു. കണ്ണടക്കം പാലിക്കാൻ തയ്യാറാകാത്തതുകൊണ്ട് മനുഷ്യൻ വീഴുന്ന പടുകുഴികൾ അന്ധത കൊണ്ടുള്ള വീഴ്ചയേക്കാൾ എത്രയോ അധികമാണ്. ശരീരത്തിന്റെ സമ്പൂർണ്ണതയേക്കാൾ ആത്മാവിന്റെ നിത്യരക്ഷയാണ് ഈശോ ലക്ഷ്യമാക്കിയിരിക്കുന്നത്. "കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ ശരീരം മുഴുവൻ ഇരുണ്ടുപോകും. നിന്നിലെ പ്രകാശം അന്ധകാരമാണെങ്കിൽ അന്ധകാരം എത്രയോ വലുതായിരിക്കും" (മത്തായി 6:22–23). കാഴ്ചശക്തിയേക്കാൾ ശരിയായ കാഴ്ചപ്പാടുണ്ടായിരിക്കണമെന്നുള്ളതാണ് ഈ വാക്കുകളുടെ അർത്ഥം. അങ്ങനെ നോക്കുമ്പോൾ സകല മനുഷ്യർക്കും അത്യാവശ്യമാണ് ഈശോ നൽകുന്ന 'കണ്ണുചികിത്സ'.

ഇന്നത്തെ സുവിശേഷ ഭാഗം ഒരു അന്ധനെ നമുക്കു പരിചയപ്പെടുത്തി തരുന്നു. അന്ധനായ ആ യാചകന്റെ പേര് പറയാതെ അയാളുടെ പിതാവിന്റെ നാമത്തിൽ അവതരിപ്പിച്ചിരിക്കുന്നത് വിചിത്രമായിരിക്കുന്നു. അയാൾ ഈശോയെ അഭിസംബോധന ചെയ്യുന്നത്, 'ദാവീദിന്റെ പുത്രനായ യേശുവേ' എന്നാണല്ലോ. ഒരു പിതാവ് തന്റെ ജീവിതംകൊണ്ട് നേടിയെടുക്കുന്ന സമ്പത്തുകളുടെ അനന്തരാവകാശികളാണല്ലോ മക്കൾ. പ്രശസ്തനായ പിതാവിന്റെ സമ്പത്തും സ്വഭാവ മഹിമയും നഷ്ടപ്പെടുത്താത്ത പുത്രന്മാരാണ് പിതാവിന്റെ നാമത്തിൽ അറിയപ്പെടുന്നത്. തന്റെ അന്ധതമൂലം ഭിക്ഷാടനം നടത്തേണ്ടി വന്നെങ്കിലും ആ മനുഷ്യന്റെ സ്വഭാവ മഹിമ വിളിച്ചോതുന്ന പ്രവർത്തനശൈലി ഈശോ പോലും അംഗീകരിക്കുന്നതാണ് നാം ഇവിടെ കാണുന്നത്.

മിണ്ടാതിരിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ജനക്കൂട്ടത്തിന്റെ ശാസനയെ അതിജീവിച്ചുകൊണ്ട് അധികം അധികം ഉച്ചത്തിൽ "ദാവീദുപുത്രാ, എന്നിൽ കനിയണമേ"എന്ന് അട്ടഹസിച്ചു പറഞ്ഞത് പിന്നീട് ക്രിസ്തീയ സഭയിലെ ആരാധനയുടെ ഭാഗമായിത്തീർന്നു. 'കുറിയേലായിസോൻ' 'ക്രിസ്തേലായിസോൻ' എന്ന് നാം ഇന്നും പ്രാർത്ഥനയുടെ ഭാഗമായി പറയുന്നുണ്ടല്ലോ.

എത്ര അപാരമായ വിശ്വാസമാണ് അയാൾ പ്രകടിപ്പിച്ചതെന്നു നോക്കുക. "നാഥാ എനിക്കു കാഴ്ച തരണമേ' എന്ന് ഏതെങ്കിലും ഭിക്ഷക്കാരൻ ചോദിച്ചിട്ടുണ്ടാകുമോ? യോഹന്നാൻ 9:32–ൽ പറഞ്ഞിരിക്കുന്നതുപോലെ "അന്ധനായിപ്പിറന്ന ഒരു മനുഷ്യന്റെ കണ്ണ് ആരും തുറന്നതായി ലോകാരംഭം മുതൽ ഇന്നോളം കേട്ടിട്ടില്ല".

തനിക്ക് ലഭിച്ച ഈ ദിവ്യവരത്തെ എന്തിനുവേണ്ടിയാണ് അയാൾ ഉപയോഗിക്കാൻ പോകുന്നതെന്നതും വളരെ ശ്രദ്ധേയമാണ്. യേശുവിനെ അറിയാനും അനുഗമിക്കാനുമല്ലെങ്കിൽ തനിക്കു കിട്ടിയ കാഴ്ചശക്തി വ്യർത്ഥമാണെന്നു കരുതി അയാൾ യേശുവിന്റെ ശിഷ്യസമൂഹത്തിൽ അലിഞ്ഞു ചേർന്നു.

## 2015 മാർച്ച് 29
## ഓശാന ഞായർ
## യോഹ 12:12–19

പുണ്യങ്ങളും കൃപകളും ഒരു മഴപൊലെ നമ്മിലേക്ക് പെയ്തിറങ്ങിയ ഈ നോമ്പുകാലത്തിന്റെ അവസാന ആഴ്ചയിലേക്ക് നാം പ്രവേശിക്കുകയാണ്. ഇന്ന് ഓശാന ഞായർ, ലോകത്തിന്റെ മുഴുവന്റെയും അധിപനായ മിശിഹാ ഒരു കഴുതപ്പുറത്തേറി വിനീതനായി തന്റെ ജനത്തിന്റെ ഇടയിലൂടെ കടന്നുപോയ ദിനത്തിന്റെ ഓർമ്മ നാം ആചരിക്കുന്നു.

പാതനിറഞ്ഞതും പാതയോരത്തുള്ളതുമായ പ്രകടനങ്ങൾ ഒക്കെയും നിയമവിരുദ്ധവും പൗരാവകാശലംഘനങ്ങളും രണ്ട് എന്ന് കോടതി വിധിച്ചിട്ടുണ്ട്. എന്നാൽ പലപ്പോഴും ഈ വിധി ലംഘിക്കപ്പെടാറുണ്ട്. വഴിയൊര പ്രകടനങ്ങൾ ശരിക്കും ശക്തി പ്രകടനങ്ങൾ തന്നെയാണ്. രാഷ്ട്രീയ പാർട്ടികളും മറ്റും വർഷത്തിൽ ഒരിക്കലെങ്കിലും ഇതുപോലുള്ള ശക്തിപ്രകടനങ്ങൾ നടത്തി ഈ ജീവിതം സ്തംഭിപ്പിക്കാറുണ്ട്. പ്രകടനങ്ങൾ നടത്തുന്നവർക്ക് ഇത് ആവേശപ്രദമാണെങ്കിലും വഴിയാത്രക്കാരായുള്ള സാധാരണ മനുഷ്യർക്ക് അത് എന്തു മാത്രം അസ്വസ്തതകളുണ്ടാകുമെന്ന് പറഞ്ഞറിയിക്കാനാവില്ല. എല്ലാവരും ഇതുപൊലെയുള്ള പ്രകടനങ്ങൾക്ക് ആളുകളെ കൂട്ടുന്നത് ദിവസക്കൂലിക്കും മറ്റും പലവാ



ഷ്യന്റെ നിസ്സാരമായ മാർഗ്ഗങ്ങളല്ല ദൈവത്തിന്റെ മാർഗ്ഗങ്ങൾ സ്നേഹത്തിന്റെ ഒരു പുതിയ അദ്ധ്യായമെഴുതാനാണ് അവൻ മനുഷ്യരുടെ ഇടയിലേക്ക് മനുഷ്യനായി കടന്നുവന്നത്. സ്വന്തം ചോരകൊടുത്ത് തന്റെ കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിക്കുന്ന പെലിക്കൺ പക്ഷിയെപ്പോലെ മാറിലെ അവസാന തുള്ളി ചോരയും മനുഷ്യരുടെ പാപത്തിന്റെ പരിഹാരമായി ചിന്തിയ യേശുവിന്റെ സ്നേഹത്തിന്റെ പ്രകടനത്തിന്റെ തുടക്കമാണ് ഓശാന. മനുഷ്യരെയെല്ലാം സ്നേഹിച്ച് കീഴ്പ്പെടുത്തുവാൻ രാജാവായി എഴുന്നള്ളിയവന്റെ ഓർമ്മയാണ് ഓശാന.

ഗ്ദാനങ്ങൾ നല്കിയുമാണ്. എന്നാൽ ചില അവസരങ്ങളിൽ ആരുരം സംഘടിപ്പിക്കാതെതന്നെ ആളുകൾ ഒന്നിച്ച്കൂടും. നെൽസൺ മണ്ടേല ജയിൽ മോചിതനായപ്പോൾ 20 ലക്ഷം പേരാണത്രേ ആ റാലിയിൽ പങ്കെടുത്തത്. മദർ തെരേസ കണ്ണൂരിലേത്തിയപ്പോഴാണ് മലബാർ കണ്ടതിലേറ്റവും വലിയ ജനക്കൂട്ടത്തിന് നഗരം സാക്ഷ്യം വഹിച്ചത്. അപ്പോൾ ശക്തിപ്രകടനങ്ങളും സ്നേഹപ്രകടനങ്ങളും ഉണ്ട്. ശക്തി പ്രകടനങ്ങൾക്ക് സംഘാടകർ വേണ്ട. ആളെ കൂട്ടാൻ ഒരു വാഗ്ദാനങ്ങൾ വേണം. എന്നാൽ സ്നേഹപ്രകടനങ്ങൾ എല്ലാവരുടേയുമാണ്. ഓശാന ഞായർ ഒരു സ്നേഹപ്രകടനത്തിന്റെ ഓർമ്മയാചരണമാണ്. വിനയാന്വിതനായി ഒരു പാവം തച്ചന്റെ മകൻ കഴുതപ്പുറത്ത് ജറുസലേമിലേക്ക് വന്നതിന്റെ ഓർമ്മ.

വിനയാന്വിതനായി കഴുതപ്പുറത്താണ് കർത്താവ് എഴുന്നള്ളുക. റോമൻ പാരമ്പര്യമനുസരിച്ച് കഴുതപ്പുറത്ത് വരുക എന്നു പറയുന്നത് സമാധാനത്തിന്റെ സൂചനയാണ്. യേശുവിന് വേണമെങ്കിൽ സർവ്വ പൗഢിയോടും കൂടി കുതിരപ്പുറത്ത് രാജകീയമായി കടന്നുവരാമായിരുന്നു, എന്നാൽ യേശു വീണ്ടും ഓർമ്മിപ്പിക്കുകയാണ്, ഞാൻ വന്നിരിക്കുന്നത് ഐഹികമായ ഈ ലോകത്തിന്റെ സുഖങ്ങൾക്കും സന്തോഷത്തിനും അധികാരത്തിനും വേണ്ടിയല്ല മറിച്ച് സ്വയം ഒരു മോചനദ്രവ്യമായി മാറുവാൻ വേണ്ടിയിട്ടാണ് എന്ന്. പോപ്പ് എമിരിറ്റൂസ് ബനഡിക്ട് 16-ാമൻ മാർപാപ്പ തന്റെ 'നസ്രത്തിലെ യേശു' എന്ന ഗ്രന്ഥത്തിലൂടെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. "ഗലീലിയിൽ നിന്ന് 12 ശിഷ്യന്മാരുമൊത്ത് മൂവായിരത്തിലധികം അടി ഉയരത്തിലുള്ള ജറുസലത്തേക്ക് അവൻ യാത്രചെയ്തത്, പീഡാസഹനത്തിലേക്ക് ഉള്ള യാത്രയായിരുന്നു, കാൽവരിയിലേക്കുള്ള യാത്രയായിരുന്നു. മനുഷ്യരോടുള്ള സ്നേഹത്തെ പ്രതി, സ്നേഹത്തിന്റെ ബലിയാകുവാനാണ് അവൻ ജറുസലേയ്ക്ക് പ്രവേശിക്കും.

യുദ്ധവീരനും ശക്തനുമായ കർത്താവ് തന്റെ എല്ലാ സൈനികപ്രൗഡിയോടുകൂടി വരുമെന്നും തങ്ങളെ റോമൻ അടിമത്തത്തിൽ നിന്നും രക്ഷിക്കുമെന്നും യഹൂദർകരുതിയിരുന്നു എന്നാൽ തങ്ങൾ രാജാവെന്നു കരുതിയങ്ങൾ എന്തെ ഇങ്ങനെയൊരു മാർഗ്ഗം സ്വീകരിച്ചതെന്ന് അവർ കരുതിയിരിക്കും. എന്നാൽ നാം ഓർമ്മിക്കേണ്ട പ്രധാനപ്പെട്ട ഒരു സത്യമിതാണ് മനു

'ഓശാന' എന്ന പദത്തിന്റെ അർത്ഥം 'കർത്താവെ രക്ഷിക്കണമെ' എന്നാണ്; നിരന്തരം നമ്മുടെ അധരങ്ങളിൽ ഉണ്ടാവേണ്ട ഒരു നിലവിളിയാണിത്. കർത്താവിന്റെ മുൻപിൽ ഹൃദയം തുറന്നപ്പോഴുള്ള ജനതയുടെ പ്രതീക്ഷയുടെ നിലവിളി, ഓന്നോർക്കുകയാണെങ്കിൽ ഈ നിലവിളിക്കുള്ള ഉത്തരമായിരുന്നു കർത്താവിന്റെ കുരിശിലേക്കുള്ള യാത്ര, നിരന്തരമായി നമ്മുടെ മനസ്സിൽ നിന്ന് ഉണ്ടാകേണ്ട നിലവിളിയാണ് ഓശാന, ഓരോ ദിവസവും ഓശനയായി മാറണം. ഇന്നത്തെ നമ്മുടെ സമൂഹത്തിൽ നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ ഓശാന വിളികൾ ശക്തമാകണം എന്ന് യേശു സൂചിപ്പിക്കുകയാണ്. കുടുംബബന്ധങ്ങളുടെ കണ്ണികൾ അകലുമ്പോൾ ഓശാന വിളികൾ ഉയരണം, ലഹരിയുടെ കാണാക്കയത്തിലേക്ക് നമ്മുടെ യുവത്വം വഴുതി മാറുമ്പോൾ ഓശാന വിളികൾ ഉയരണം. ജീവിത പരിശുദ്ധിക്ക് ഭംഗമേൽക്കുമ്പോൾ ഓശാനാ വിളികൾ നമ്മുടെ ഹൃദയങ്ങളിൽനിന്ന് ഉയരണം.

അവസാനമായി ഓശാന ഒരുക്കത്തിന്റെ ദിനമാണ്. ഓശാന തിരുനാൾ ഒരുക്കദിനമായിട്ടാണ് യഹൂദർ മനസ്സിലാക്കിയിരുന്നത്. പെസഹതിരുനാളിൽ കൊല്ലപ്പെടേണ്ട കുഞ്ഞാടിനെ യഹൂദഭവനങ്ങളിൽ തിരഞ്ഞെടുക്കേണ്ടത് പെസഹായ്ക്ക് നാലു നാളുകൾക്ക് മുമ്പായിരുന്നു. ഓശാനയിൽ ഈശോ സ്വയം ഒരുങ്ങുകയാണ്, ബലിയായി സ്വയം സമർപ്പിക്കാൻ. സ്വയം ബലിവസ്തുവായവൻ ബലിപീഠം ലക്ഷ്യമാക്കി വരുന്നതിന്റെ ഓർമ്മയാചരണമാണ് ഓശാന യാത്ര. ഒന്നു ചെവിയോർക്കുകയാണെങ്കിൽ കൊല്ലപ്പെടേണ്ട കുഞ്ഞാടിന്റെ നെഞ്ചിടിപ്പും കാൽവരിയിലെ നിലവിളികളും കേൾക്കാം. പ്രീയപ്പെട്ടവരെ, നമ്മുടെയൊക്കെജീവിതങ്ങളെ ഒരു ബലിയായി സമർപ്പിക്കാനുള്ള ഒരു ഒരുക്കത്തിന്റെ ദിനമായി ഈ ഓശാന മാറട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹം കൊണ്ട് ഈ ലോകത്തിൽ പുതിയൊരു അദ്ധ്യായം എഴുതാൻ ജീവിതത്തിന്റെ ഓരോ നിമിഷവുങ്ങളും ഓശാനവിളികളാൽ ദീപ്തമാക്കാൻ ജീവിതത്തെ പൂർണ്ണമായി ഒരുക്കിക്കൊണ്ട് ലോകത്തിന്റെ പ്രകാശം പറത്തുന്നവരായി ജീവിക്കാൻ മിശിഹാ നമ്മെ സഹായിക്കട്ടെ.

***ഫാ. എബി കിഴക്കേക്കുറ്റ് OFM***






2015 ജനുവരി ഒന്നാം തീയതി ആദ്യവ്രതവാഗ്ദാനം നടത്തിയ ബസീലിയൻ സന്യാസിനി സമൂഹത്തിലെ സി. മരിയ ജോവാന, സി. മരിയ ഹിലാരിയ, സി. ആഗ്നസ് മരിയ എന്നിവർ തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് പിതാവിനോടൊപ്പം.

## അനുമോദനങ്ങൾ



എം.സി.വൈ.എം അന്തർദേശീയ സമിതിയുടെ സെക്രട്ടറിയായി തുടർച്ചയായി രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പ്രമോദ് പി. മർക്കോസ് വെണ്ണിക്കുളം മേഖലയിലെ പുല്ലാട് സെന്റ് ആന്റണീസ് ഇടവകാംഗമാണ്.

## വിവാഹ ഒരുക്ക സെമിനാർ 2015


**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**
**ഫോൺ 0469–2603968, 9446270259, 9447617877**

**തീയതി: മാർച്ച് 3, 4, 5 – 24, 25, 26**
**ഏപ്രിൽ 14, 15,16 – 28, 29, 30**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## Matrimonial



Proposals invited from Parents of well employed Malankara Catholic boys for a Malankara Catholic girl(24/162 cm) post graduate and now doing B.Ed. Mob: 9447420890.

**മലങ്കര കത്തോലിക്കാ യുവാവ്**

31, 160 നല്ല ആസ്തിയുള്ള പുരാതന കുടുംബാംഗം (ബി.എസ്.സി. നേഴ്സ്) സഭയുടെ കോളേജിൽ പി.ആർ.ഒ. ആയി ജോലി ചെയ്യുന്നു. ഡിഗ്രിയിൽ കുറയാതെ യോഗ്യതയുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Mob: 9446459686, 8547538493



# വിമർശനങ്ങൾ

**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി
ഡെവലപ്മെന്റ് ട്രെയ്നർ

ഒരു പ്രസംഗകനോട് പ്രസംഗം മനോഹരമായിരുന്നു എന്നു പറയുന്നതാണോ അതിലെ ചില പോരായ്മകൾ ചൂണ്ടിക്കാണിക്കുതാണോ കൂടുതൽ ഇഷ്ടപ്പെടുക. സംശയമൊന്നും വേണ്ട ആദ്യത്തേതു തന്നെ നല്ലത് എന്നു പറഞ്ഞു കേൾക്കാനാണ് എല്ലാവർക്കും താല്പര്യം.

ചില ആൾക്കാർ പ്രശംസ മാത്രം ഇഷ്ടപ്പെടും. പ്രശംസിക്കുന്നവരെ ഇവർ ഇവരുടെ സ്വന്തമായിക്കാണും. ഇവർക്കുവേണ്ടി ഏതു സഹായവും ചെയ്തു കൊടുക്കും. പോരായ്മകൾ ചൂണ്ടിക്കാട്ടുന്നവനെ ഇവർ ശത്രുത മനോഭാവത്തോടെയാണ് കാണുന്നത്. ജീവിതമുന്നേറ്റത്തിന് ഇവ രണ്ടും നമുക്ക് ആവശ്യമാണ്. കുറെ സ്തുതിപാഠകരുടെ മാത്രം ഇടയിൽ നിന്നാൽ നമുക്ക് നമ്മെ പോളീഷ് ചെയ്തെടുക്കുവാൻ സാധിക്കില്ല. നഗ്നനായി നടന്ന രാജാവിന്റെ അനുഭവമായിരിക്കും സംഭവിക്കുക. പ്രോത്സാഹനത്തെയും ക്രിയാത്മക വിമർശനങ്ങളെയും ഒരുപോലെ കാണുവാനും ഉൾക്കൊള്ളുവാനും നമുക്ക് സാധിക്കണം. എന്തെങ്കിലും പ്രവൃത്തി ചെയ്യുമ്പോൾ വിമർശിക്കപ്പെടുക സ്വാഭാവികമാണ്. പ്രവർത്തനമുള്ളിടത്ത് വിമർശനവുമുണ്ട്. പ്രകാശത്തിന്റെ തീവ്രതയനുസരിച്ച് നിഴലിന്റെ ശക്തിയും കൂടുന്നു. കൂടുതൽ പ്രവർത്തന നിരതരായാൽ കൂടുതൽ വിമർശനവിധേയരാകുന്നത് സ്വാഭാവികം മാത്രം.

വിമർശനം നമ്മേ കൂടുതൽ കർമ്മോത്സുകരാക്കണം. വിമർശനത്തെ ഭയന്ന് എന്തെങ്കിലും ചെയ്യാൻ മടിക്കുന്ന എത്രയോ ആൾക്കാരുണ്ട്. മറ്റുള്ളവർ എന്തു പറയുന്നു എന്നുള്ളതിന് അമിതപ്രാധാന്യം നൽകാതെ പ്രവർത്തന നിരതരാകുക. വിമർശനങ്ങളെ നേരിടുക. ക്രിയാത്മക നിർദ്ദേശങ്ങൾക്കു മാത്രം ചെവി കൊടുക്കുക. അവ ഉൾക്കൊള്ളുക. അംഗീകരിക്കേണ്ടത് അംഗീകരിച്ച് നാം നമ്മെത്തന്നെ പോളീഷ് ചെയ്ത് നമ്മുടെ പ്രവർത്തനങ്ങളെ കൂടുതൽ മികവുള്ളതാക്കിയെടുക്കുക.

ഒരു ശില്പി അതിമനോഹരമായ ഒരു ശില്പം ഉണ്ടാക്കി. ഈ ശില്പത്തിന്റെ കുറവുകളും പോരായ്മകളും ചൂണ്ടിക്കാണിക്കുക എന്ന കുറിപ്പോടെ ടൗണിൽ പ്രദർശനത്തിനു വച്ചു. ഒട്ടേറെപ്പേർ ശില്പം കാണാനെത്തി. കുറിപ്പ് വായിച്ച് ശില്പത്തിന്റെ കുറവുകളും പോരായ്മകളും കടലാസിലെഴുതി ശില്പത്തിൽ തൂക്കിയിട്ടു. ഏതാനും ദിവസങ്ങൾക്കൊണ്ട് കുറവുകളും പോരായ്മകളും കൊണ്ട് ശില്പം മൂടപ്പെട്ടു. ശില്പി ഇതെല്ലാം കണ്ട് ചിരിച്ച് നിന്നു. അടുത്ത ദിവസം ശില്പി ഈ ശില്പത്തിനു പകരം മറ്റൊരു ശില്പം അവിടെക്കൊണ്ടു വച്ചു. അതിൽ ഇങ്ങനെയൊരു കുറിപ്പ് എഴുതി വച്ചു. "ദയവായി ഈ ശില്പത്തിൽ കാണുന്ന പോരായ്മകൾ പരിഹരിക്കൂ"

ദിവസങ്ങൾ കഴിഞ്ഞിട്ടും പോരായ്മകൾ പരിഹരിക്കാൻ ആരും മുന്നോട്ടു വന്നില്ല. അനവധിയാൾക്കാർ ചുറ്റും കൂടി നിന്ന് അഭിപ്രായം പറഞ്ഞു എന്നു മാത്രം. കുറവു പരിഹരിക്കാൻ ആരും മുമ്പോട്ടു വന്നില്ല. ഇതുപോലെയാണ് വിമർശനത്തിന്റെ കാര്യവും. വിമർശിക്കുവാനും പ്രവർത്തിക്കുന്നവനെ ചെളി വാരിയെറിയുവാനും തേജോവധം ചെയ്യാനും വലിച്ചു താഴെയിടാനും ആർക്കും കഴിയും പ്രവർത്തിക്കുവാനാണ് ആളില്ലാത്തത്.

"Whenever a person rises above the average, plenty of people are ready to pul him down"

അതുകൊണ്ട് വിമർശന വിധേയനാകുമ്പോൾ ശില്പിയേപ്പോലെ ചിരിക്കുക. തീജ്വാലയിലൂടെ കടന്നു പോയാൽ മാത്രമേ സ്വർണത്തിന് കാന്തി കൂടുകയുള്ളൂ. പ്രശ്നങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും മാത്രമേ നമുക്ക് വളരാൻ സാധിക്കൂ. ഓരോ പ്രശ്നങ്ങളും ജീവിത വിജയത്തിലെ ചവിട്ടുപടിയായി കാണണം. ക്രിയാത്മക വിമർശനങ്ങൾ നമ്മുടെ പ്രവർത്തനങ്ങളെ മികവുറ്റതാക്കാൻ സഹായിക്കും. മറ്റുള്ളവ കണ്ടില്ല, കേട്ടില്ല എന്നു നടിച്ചാൽ മതി. അപ്പോൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് തിളക്കമേറും.

സീൻ by സീൻ

# ചിതറിയവർ



ഫാ. എൽദോ
മോഴശ്ശേരിൽ

ചില കാഴ്ചകൾ നാം കാണാതെ പോകാറുണ്ട്. അവയ്ക്ക് സൗന്ദര്യവും ആകർഷണീയതയും ഇല്ലാത്തത് കൊണ്ടല്ല. പല കാഴ്ചകൾക്ക് ഇടയിൽ ചിലത് നമ്മുടെ കണ്ണുകൾക്ക് അന്യമായി പോകാറുണ്ട്. ആ ഗണത്തിലുള്ള ഒരു ചിത്രമാണ് "ചിതറിയവർ" ലാൽജി ജോർജ് സംവിധാനം ചെയ്തിരിക്കുന്ന ഈ ചിത്രം ഒരു സമൂഹത്തിന്റെ കഥ പറയുന്നതിൽ ഉപരിയായി മനുഷ്യമനസ്സിന്റെ അവസ്ഥകളെ, അവർ ജീവിക്കുന്നതായ സമൂഹവും സാമ്പത്തികവുമായ അന്തരീഷത്തിൽ നേരിടുന്ന വേദനകളുടെയും യാതനകളുടെയും കഥയാണ്. എന്തു കൊണ്ടാണ് ഈ ചിത്രത്തിന് ചിതറിയവർ എന്ന നാമം? ചിതറിയവർ എന്നാൽ ഇംഗ്ലീഷിൽ "The Shattered" ഈ പേരാണ് ചിത്രത്തിന് ഇംഗ്ലീഷ് ടൈറ്റിലായി നൽകിയിരിക്കുന്നത്. ചിതറിയവർ എന്നു പറയുമ്പോൾ അത് നമ്മുടെ ഭാരതത്തിലെ ദളിത് സമുദായത്തെ ഓർമ്മിപ്പിക്കുന്നു. ഈ സിനിമയ്ക്ക് തിരക്കഥയെഴുതിയ എം.കെ ഹരികുമാറും ദളിത് എന്ന വാക്കിന് തകർക്കപ്പെട്ടവർ അഥവ ചിതറിയവർ എന്ന അർത്ഥമാണ് നൽകിയിരിക്കുന്നത്. ഈ ചിത്രം 2014 ൽ പ്രദർശനത്തിന് വന്നെങ്കിലും ശ്രദ്ധിക്കപ്പെടാതെ പോയി. നല്ല സിനിമയ്ക്കു വേണ്ടി ഘോരഘോരം പ്രസംഗിക്കുന്നവർ പോലുമുണ്ടായില്ല ഈ ചിത്രത്തെ രക്ഷിക്കാൻ.


ഈ ചിത്രം ഒരു ദളിത് യുവാവിന്റെ ജീവിതവും അവന്റെ മനസ്സിൽ നടക്കുന്ന സംഘർഷങ്ങളും അതിഭാവുകത്വത്തോടെ കാണിച്ചിരിക്കുന്നു. അവന് ജോലിയുള്ള സംവരണമുണ്ടെങ്കിലും തന്റെ യോഗ്യതകൊണ്ട് ഒരു ജോലി ലഭിക്കാനാണ് അവൻ പ്രയത്നിക്കുന്നത്. സാമുഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സംവരണം അനിവാര്യമാണെന്ന് ഈ ചിത്രം ഉറപ്പിച്ചു പറയുന്നു. കേരളത്തിന്റെ മാത്രം പശ്ചാത്തലത്തിലല്ല, ഭാരതത്തിലെ ഓരോ സംസ്ഥാനങ്ങളും സന്ദർശിച്ചാൽ പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ള മനുഷ്യർ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. പട്ടിണിയും സാമ്പത്തിക ക്ലേശങ്ങളും ആരോഗ്യപ്രശ്നങ്ങളും അതുപോലെ വിദ്യാഭ്യാസത്തിന് വേണ്ട വിധത്തിലുള്ള സൗകര്യങ്ങളോ ഇല്ലാത്ത ഗ്രാമങ്ങൾ കക്കൂസ്, ചില ഗ്രാമങ്ങളിൽ പറഞ്ഞു കേട്ട ഒരു പ്രതിഭാസം മാത്രം. ശ്രീ. നരേന്ദ്രൻ മോദി തലകുത്തി നിന്നാലും 'സ്വച്ഭാരത്' എന്ന സ്വപ്നം ഇനിയും ബഹുദൂരം.



ദളിത് യുവാവായ വിശ്വനാഥൻ ബിരുദാനന്തര ബിരുദധാരിയാണ്. അവൻ സമൂഹവുമായി സംവദിക്കുമ്പോൾ തന്റേതായ ആശയങ്ങളും ആദർശങ്ങളും പാലിച്ചാണ് മുമ്പോട്ട് പോകുന്നത്. അവന്റെ പിതാവ് കുമാരൻ കുടുംബത്തിന്റെ കാര്യങ്ങൾ മുമ്പോട്ട് കൊണ്ടു പോകുന്നത് പരമ്പാരഗതമാകുന്ന പൂജകളും പ്രാർത്ഥനകളും നടത്തിയാണ് പഴയ സമുദായത്തിന്റെ പാരമ്പര്യങ്ങളും ആചാരങ്ങളും ജീവിതരീതിയും സംവിധായകൻ പരിചയപ്പെടുത്തുന്നുണ്ട്.

ദളിത് സമൂഹം നേരിടുന്ന ചില പ്രശ്നങ്ങളും അവരുടെ ആകാംഷകളും വർഗ്ഗാടിസ്ഥാനത്തിലുള്ള സംവരണവും ചർച്ച ചെയ്യപ്പെടുന്നു.

സംവരണത്തേക്കാൾ ഉപരി



യായി ഒരു സമുദായത്തിന്റെ ആത്മാഭിമാനത്തിന്റെയും സ്വത്വബോധത്തിലൂടെ സ്വാതന്ത്ര്യത്തിലേക്ക് പറക്കാൻ ആഗ്രഹിക്കുന്ന അടിച്ചമർത്തപ്പെട്ട മനസ്സുകളുടെ വെമ്പ ലാണ് 'ചിതറിയവർ'. ഇന്നും അവന്റെ ആത്മാഭിമാന ത്തിന് മറ്റുള്ളവന്റെ ദയാവായ്പിന്റെ കഥ തന്നെ. ദളിത് സമൂഹത്തിന് വേണ്ടത് സർക്കാർ നൽകുന്ന കുറേ അവ കാശങ്ങൾ മാത്രമല്ല, അവനും ഈ സമൂഹത്തിലെ നിർണ്ണായക പങ്കുവഹിക്കുന്ന വ്യക്തിയാണെന്നും അവന് സമൂഹത്തോടുള്ള ബന്ധത്തിൽ വലിയ ചലന ങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നുള്ള ആത്മവിശ്വാസം അവനിൽ സൃഷ്ടിക്കുകയെന്നതാണ്.

വിശ്വനാഥൻ എന്ന യുവാവിൽ നാം കാണുന്നതും ഈ മനോഭാവം തന്നെ. തനിക്ക് ലഭിക്കാൻ പോകുന്ന ഉദ്യോഗം ആരുടെയും ഓദാര്യമല്ലായെന്നും അവന്റെ സ്വന്തം കഴിവിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന നിയ മനമാണെന്നുമുള്ള ബോദ്ധ്യം. വടക്കേ ഇന്ത്യയിലെ അവസ്ഥ വളരെ വ്യത്യസ്ഥമാണ്. അവിടെ ദളിത് സമൂഹം തീർത്തും ശോചനീയമായ അവസ്ഥയിലാണ് ജീവിക്കുന്നത്. ഓരോ ഇലക്ഷനും ഓരോ വാഗ്ദാനങ്ങ ളുമായി വരുന്ന പാർട്ടികൾ വർഷങ്ങളായി അവരുടെ നിരക്ഷരാവസ്ഥയെ ചൂഷണം ചെയ്തു വരുന്നു. ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടുകൂടിയാണ് അവർക്ക് ആത്മാഭിമാനവും ആത്മവിശ്വാസവും ജനിച്ച ത്. വിദ്യാഭ്യാസത്തെക്കുറിച്ച് വിലമതിക്കാൻ പഠിപ്പിച്ചത് ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളാണ്. സ്വപ്നം കാണാനും സ്വപ്നങ്ങൾ ചിറക് വിരിക്കാനും പറക്കാനും പഠിപ്പിച്ചത് അവരാണ്.

ഘർ(വീട്) ഇല്ലാ ത്ത താഴ്ന്ന ജാതിയിൽപ്പെട്ട മനു ഷ്യർക്ക് ഘർ(വീടായി) മാറിയത് ഈ ക്രിസ്ത്യൻ സഭ കളാണ്. വീടില്ലാത്തവന് വീടായി പോയപ്പോൾ അവനെ വീട്ടിലേക്ക് കൊണ്ടുപോകാൻ കുറച്ച് വീട്ടുകാർ. ഏത് വീട്, വീട്ടിലേയ്ക്ക് വിളിക്കുന്നവർ ഓർമ്മിക്കാൻ ചില ചരിത്രസത്യങ്ങൾ ഉണ്ട്. സ്വന്തമായി ഭൂമിയോ ദൈവമോ അവകാശ ങ്ങളോ ഇല്ലാത്തവർക്ക് അവ നിഷേധിക്കപ്പെട്ട വർക്ക്, മറ്റ് അഭയകേന്ദ്ര ങ്ങളായി. അവിടെ ഭൂമിയും അവകാശ ങ്ങളും ദൈവത്തെ ആരാധിക്കാനുള്ള സ്വാതന്ത്ര്യവും ലഭിച്ചു കഴിഞ്ഞു. ഇവ അവന് നിഷേധിച്ചവർ ഇപ്പോൾ കാപട്യത്തിന്റെ പുതിയ






മുഖം അണിഞ്ഞു വരുകയായി.

ചിതറിക്കപ്പെട്ടവനെ പൂഴിയിൽ നിന്ന് ഉയർത്തികൊണ്ട് വന്നാൽ മാത്രമേ ഈ സമൂഹത്തിൽ നീതിയും സത്യവും ധർമ്മവും പാലിക്കപ്പെടുക യുള്ളു. മാർട്ടിൻ ലൂഥർ കിംഗിന്റെ പ്രസംഗം എന്ന വലിയ സ്വപ്നം യാഥാർത്ഥ്യമാകുമ്പോൾ നമ്മുടെ സമൂഹത്തിൽ നീതിയുടെ വലിയ ജല പ്രവാഹത്താൽ അസമത്വം, അനീതി, അക്രമം ഇവ ഇല്ലാതാകും. മാർട്ടിൻ ലൂഥർ കിംഗിന്റെ പ്രസംഗത്തിൽ, ആമോസ് പ്രവാചകന്റെ പുസ്തകം അഞ്ചാം അദ്ധ്യായം 24-ാം വാക്യ ത്തിൽ നിന്ന് ഉദ്ധരിച്ച് പറയുന്നതു പോലെ "നീതി ജലം പോലെ ഒഴു കട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും ഈ സമൂ ഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവ രെയും അടിച്ചമർത്തപ്പെട്ടവരെയും ഉദ്ധരിക്കുക എന്ന വലിയ ദൗത്യം



ക്രിസ്തീയ ധാർമ്മികത ആവശ്യപ്പെടുന്നു. 'റേരും നൊവാരും' എന്ന 1891 ൽ പുറത്തുവന്ന ചാക്രീക ലേഖ നമാണ് സമൂഹ നീതിയെക്കുറിച്ച് ഏറ്റവും ആധികാരി കമായ രീതിയിൽ ചർച്ച ചെയ്ത കത്തോലിക്ക സഭ യുടെ സാമൂഹിക ബോധം. മറ്റ് സാമൂഹിക പ്രബോധ നങ്ങൾ Matter et magistra Pacem in terris, Quadra gesimo anno. ഇവയും സാമൂഹിക പശ്ചാത്തലത്തിൽ മനുഷ്യർ നേരിടുന്ന പ്രശ്നങ്ങളെ ഗൗരവപൂർവ്വം ചർച്ച ചെയ്തിട്ടുണ്ട്. വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ യുടെ Laborem Exerceus ഉം Centesimus annus ഉം സാമൂഹിക ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഒത്തിരി ചർച്ച ചെയ്യപ്പെട്ടു. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ യുടെ Caritas in Veritate ഉം പുതിയ തലത്തിലുള്ള വ്യപാരവ്യവസായ രീതികളെ വിമർശിക്കാൻ മറന്നില്ല.

നമ്മുടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തിന്റെ അപ്പസ്തോലിക ആഹ്വാനമായ Evangelili Gaudium (സുവിശേഷത്തിന്റെ സന്തോഷം) പറഞ്ഞിരിക്കുന്നത് ഭരണസംവിധാനങ്ങൾക്ക്, സാമ്പ ത്തിക നയങ്ങളിൽ ഇടപെട്ട് പൊതുനന്മയ്ക്കായിട്ടുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട് എന്നാണ്. മനുഷ്യന്റെ മഹത്വത്തെക്കുറി ച്ചും പൊതുനന്മയെക്കു റിച്ചും സഭയ്ക്ക് ശരിയായ ധാരണയുണ്ട്. സമൂഹത്തിൽ നീതി നിഷേധിക്കപ്പെടുന്ന ഇടങ്ങളിൽ പ്രവാചകസ്വരം അഥവ യേശുവിന്റെ സ്വരമായി ഉയരാൻ സഭയ്ക്ക് സാധി ക്കണം. സമഗ്രമായ രക്ഷയാണ് യേശുവിന്റെ ബലിയുടെ അർത്ഥം. The Church recoganizes the dignity of work and at the same time it has a preferential option for the poor and vulnerable".

ചിതറിയവരുടെ കൂടെയാണ് സഭ, പീലാത്തോ സിന്റെ അരമനയിൽ നീതി കിട്ടാതെ അലഞ്ഞ യേശുവിന്റെ പ്രതിരൂപമാണ് 'ചിതറിക്കപ്പെട്ടവൻ' അവർക്ക് നീതിയുടെ സ്വരമായി കർത്താവ് വീണ്ടും നമ്മിലൂടെ അവതരിക്കട്ടെ.

■

## ഉള്ളതു പറഞ്ഞാൽ...



# ഇതു താൻടാ പോലീസ്



**അഡ്വ. വിനോദ് മാത്യു വിൽസൺ**

വസ്തു വീതംവയ്ക്കുമ്പോഴും ചില നിക്ഷേപങ്ങൾ നടത്തുമ്പോഴും ഒക്കെയാണ് 'ഷെയർ' എന്ന വാക്ക് സാധാരണ ഉപയോഗിച്ച് കണ്ടുവരുന്നത്. എന്നാൽ പോലീസ് സ്റ്റേഷനിലും ഷെയർ ഉണ്ട്. ഞെട്ടണ്ട... ഉണ്ട്.

ഈയിടയ്ക്ക് ഒരു പോലീസ് സ്റ്റേഷനിൽ പോകേണ്ടിവന്നു, തൊഴിലിന്റെ ഭാഗമായി. അപ്പോൾ അവിടെ കണ്ട മറ്റൊരു കാഴ്ച. മീൻ വാങ്ങാൻ ചന്തയിൽപ്പോയ മൂന്ന് 'മാന്യന്മാരെ' ചാരി നിർത്തിയിരിക്കുന്നു. ഉലക്ക ചാരി വച്ചിരിക്കുന്നതുപോലെ. എങ്ങോട്ട് വേണമെങ്കിലും മറിയാം. അത്രയ്ക്ക് ഉറപ്പാണ് കാലുകൾക്ക്. എസ്.ഐ. ഏമാൻ വന്നു.

"ടാ വെള്ളം അടിച്ചിട്ടുണ്ട്, അല്ലേ? ഒരു കാര്യം ചെയ്യ്. കാശ് അടച്ച് പോ.."

"സാറെ എന്റെ കൈയിൽ ഇരുപത് രൂപയേ ഉള്ളൂ." ഇടത്ത് വശത്തെ കുടിയൻ.

"നിന്റെ കൈയ്യിലോ?"

"750" മദ്ധ്യഭാഗത്തെ കുടിയൻ.

"നിന്റെ കൈയ്യിലോ?"

"1500" വലതുഭാഗത്തെ കുടിയൻ.

"ങാ എന്നാ എല്ലാവരുംകൂടെ ഷെയർ ഇടൂ" എന്നായി എസ്.ഐ. ഏമാൻ.

"ഒന്നു ഷെയർ ഇട്ടതാ സാറെ, ഇവിടെ വന്നു നിൽക്കാൻ കാരണം" എന്ന് ഒരുവൻ. എസ്.ഐ. പൊളിച്ച വായിൽ ഈച്ച അല്ല ആനകേറും എന്നായി...

നമ്മുടെ പോലീസ് ഇങ്ങനെയാ നമുക്ക് പറ്റിയ പോലീസ്.... വിദേശരാജ്യത്തു നിന്നുവന്ന കുര്യാച്ചായാൻ അവിടുത്തെ പോലീസിന്റെ മഹത്വത്തെപ്പറ്റി ഗീർവാണം അടിച്ചുവിടുന്നത് ഒരുപാട് കേട്ടിട്ടുണ്ട്. അതേ കുര്യാച്ചായനെ സ്വല്പം തണ്ണി അടിച്ച് ഓവർ സ്പീഡിൽ പോയതിന് പോലീസ് പിടിച്ച് എന്തരോ പറഞ്ഞ്... നാക്ക് വളച്ചാൽ നമ്മുടെ പോലീസിനെപ്പറ്റി പോഷത്തരമേ പറയൂ. അത് നിർത്തിച്ചത് കുര്യാച്ചായന്റെ തലതിരിഞ്ഞ മോന്റെ ഡയലോഗ്. "അപ്പാ... അപ്പൻ അവിടെ പോയാൽ എത്ര മാന്യനായിട്ടാ വണ്ടി ഓടിക്കുന്നത്. അതുകൊണ്ട് പോലീസ് മാന്യമായി ഇടപെടും. ഇവിടെ വന്നാൽ അപ്പൻ വഷളത്തരോം കാണിക്കും; നമ്മടെ പോലീസും.

മാന്യമായിട്ട് ചെന്ന് പറയും, "വഴി ബ്ലോക്ക് ആണ്... ഇതുവഴി ഇടത്തേക്ക് കയറിപ്പോ" എന്ന്. എന്റെ സാറേ ദേ ജസ്റ്റ്.... ദേ ലവിടെ വരെ പോയാ മതി" ഒന്ന് അനുവദിക്കും. അതുകണ്ട് പിറകേ നിൽക്കുന്നവൻ എല്ലാം കയറിവരും.... ആകെ കുളമാകും... വല്ല്യസാറിന്റെ വായിൽ നിന്ന് ചീത്തവിളിയും കേൾക്കും... എരിപൊരി വെയിലത്ത് ട്രാഫിക്കിൽ ജോലി ചെയ്യുന്ന എന്റെ ഒരു സുഹൃത്തിന്റെ വാക്കുകൾ.



വീടിന്റെ മുറ്റത്ത് ഒരു കരിയില വീണാൽ എടുത്ത് മാറ്റാത്തവർ ഒക്കെ പോലീസ് തടയാൻ വച്ചിരിക്കുന്ന ഇരുമ്പുവേലി പിടിച്ച് കുലുക്കുന്നത് കണ്ടാൽ സത്യം പറഞ്ഞാൽ ചിരിവരും. അതു മറിച്ചിട്ട് അതിന്റെ മുകളിൽക്കൂടി ചാടി പോലീസിനെ അക്രമിക്കുന്നവനെ പിന്നെ എന്തോന്നു ചെയ്യണം?

ഇടതുവശത്തുകൂടി ഓവർടേക്ക് ചെയ്യരുത്... കറുത്ത സൺ ഫിലിം ഒട്ടിക്കരുത്... മദ്യപിച്ച് വാഹനം ഓടിക്കരുത്... ഹെൽമറ്റ് വയ്ക്കണം... സീറ്റ് ബെൽറ്റ് ഇടണം... ഇതൊന്നും പറയുന്നത് പോലീസ് അല്ല. പറഞ്ഞുവച്ചിരിക്കുന്ന കാര്യങ്ങൾ അനുസരിപ്പിക്കുക എന്നുമാത്രം. എന്നിട്ടും കലി മുഴുവൻ പോലീസിനോടും. സുഹൃത്തേ... നല്ല ശമ്പളം സർക്കാർ തരുന്നുണ്ട്. അതിന്റെ പകുതി മതി മാസം ജീവിക്കാൻ... ബാക്കിപ്പണം സേവിംഗ്സ് ആണ്. ഞാൻ ഈ കാശ് വാങ്ങിച്ചാൽ അത് എന്റെ പിള്ളേരുടെ ദേഹത്ത് പിടിക്കില്ല. തന്റെ കൈയ്യീന്ന് വാങ്ങിച്ച് അതുപോലെ ആശുപത്രിയിൽ കൊടുക്കാൻ എനിക്ക് വയ്യ. സന്തോഷത്തോടെ നീട്ടിയ പണം നിരസിച്ചുകൊണ്ട്, കൊല്ലം ജില്ലയിലെ ഒരു നല്ല പോലീസുകാരൻ ഒരു കക്ഷിയോട് പറഞ്ഞ വാക്കുകൾ ആണിത്.

വെള്ളമടിച്ച് ജോലിചെയ്യുന്ന, ജോലിസമയത്ത് വൃത്തികേടിന് കുടപിടിക്കുന്ന, അത്താഴപ്പട്ടിണിക്കാരന്റെ മടിക്കുത്ത് പിടിച്ച് പറിക്കുന്ന, എന്ത് വൃത്തികേടിനും ഉന്നതന് ഒത്താശ ചെയ്യുന്ന, തോന്നുമ്പോൾ പിരിവിന് ഇറങ്ങുന്ന, വാ തുറന്നാൽ പച്ച ചീത്ത പറയുന്ന, പോലീസിനെ പറ്റിയല്ലേ ഇത്രയും പറഞ്ഞത്... മറിച്ച്, അന്തസോടെ ജോലിചെയ്യുന്ന ഒരുപറ്റം കാവൽ സുഹൃത്തുക്കളെപ്പറ്റി.



ചങ്ങനാശ്ശേരി
സെന്റ്. തോമസ്
മലങ്കര സുറിയാനി
കത്തോലിക്കാ
ഇടവകാംഗമായ
ചിറയിൽ
ശ്രീ. സനീഷിന്റെയും
ശ്രീമതി സിർലിയു
ടെയും മകൾ
**ഹന്ന ട്രീസ**യ്ക്ക്
15-02-2015 ൽ
ബഹു. ഫാ. മാത്യു
ചിറയിലിന്റെ കാർമിക
ത്വത്തിൽ പ്രഥമ ദിവ്യ
കാരുണ്യം നല്കപ്പെട്ടു.


# MAR EPHRAEM
## COLLEGE OF ENGINEERING AND TECHNOLOGY
### MARTHANDAM
(Catholic Diocese of Marthandam)
Approved by AICTE, Delhi & Anna University, Chennai

**Courses**

- B.E. Mechanical Engineering
- B.E. Civil Engineering
- B.E. Electronics & Communication Engineering
- B.E. Electrical & Electronics Engineering
- B.E. Computer Science & Engineering
- M.E. Computer Science & Engineering
- M.E. Applied Electronics
- M.E. Manufacturing Technology

**Fecilities**

* Spiritual formation through daily Holy Mass, Prayer & Jesus youth.
* Experienced and dedicated faculty with post doctoral research and industrial experience.
* World Class Classrooms connected to a centralized e-learning data center on campus.
* Global connectivity to all the students via 24hr Wi-Fi access.
* Modern library with e-access to various international Journals.
* Most modern Language lab. * Helth club
* Cafeteria and mess with delicious and nutritious food (Kerala taste)



***Admission in 1st year & Direct 2nd year (Later Entry) * Campus Placement Assistance**

FOR ADMISSION CONTACT:
**Mr. TONEY KURIEN** (Admission Officer): **9447413790, 09444713790 (T.N)**

Date of Publication: 28-02-2015 **AIKYADEEPAM MONTHLY** **REG. NO. G/KL/TLA/40/2015-17**
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/90**
**March 2015**

# ive
The Creative Mentor

## We can because we believe we can




## *Event management*

Ive, the creative mentor is a creative event management team based in Thiruvalla, Kerala. We offer latest trends in event management with a fresh experience. Ive has a marvelous team of event professionals, noted for their undying dynamism, energy and enthusiasm. This splendid team will make your events a beautiful reality with their extraordinary skill in co-ordination.

## *Property Caretaker Program*

Property caretaker is a group, that cares for real estate for lease, and sometimes as a barter for living accommodations. this is an entirely new and innovative concept. In this program our firm will act as mediator or caretaker of your property, this program will be a new experience for the NRIs who have their property..








## *Other services*

- Engagement &Wedding
- House warming
- School and college day celebrations with celebrities
- Club & residential associations events with celebrities
- Funeral ceremony
- Birthday party celebrations
- Baptism
- First communion
- Advertisement productions

ive
The Creative Mentor

IVE, The creative Mentor, IV th Floor,Chandrima Tower,
Cross Jn,Thiruvalla, Kerala. Pin:689101
Tel: +91 94-96-951429, 0469 - 2664922

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*